# ആഭരണധാരണം:

# ബൈബിൾ എന്തു പറയുന്നു?

## ടി. ജോൺമാത്യു

ബ്രദർ എം.വി. സെബാസ്റ്റ്യൻ പത്രാധിപരായുള്ള 'REAL LIFE VOICE' എന്ന മാസികയിൽ ആഭരണധാരണം എന്ന വിഷയത്തെപ്പറ്റി പ്രസിദ്ധീകരിച്ച ലേഖനങ്ങളാണു തുടർന്നുള്ള പേജുകളിൽ കാണുന്നത്. പ്രൊഫ. റ്റി. ജോൺ മാത്യു എഴുതിയ ഈ ലേഖനങ്ങൾ മാസികയിൽ പ്രസിദ്ധീകരിക്കുന്നതിനു മുമ്പ് പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. പ്രിന്റു ചെയ്ത പുസ്തകത്തിന്റെ വില 50 രൂപയാണ്. മറ്റു പുസ്തകങ്ങളുടെ കാര്യത്തിലെന്നപോലെ ഈ ലേഖനങ്ങളുടെ കാര്യത്തിലും FREE DOWNLOAD ഈ വെബ്സൈറ്റിൽ അനുവദിച്ചിട്ടുണ്ട്.

# ആഭരണധാരണം:
## ബൈബിൾ എന്തു പറയുന്നു ?

1

### പ്രൊഫ. ടി. ജോൺമാത്യു, മണ്ണുത്തി

*തൃശ്ശൂർ, എൽത്തുരുത്ത് സെന്റ്. അലോഷ്യസ് കോളേജിൽ ഇംഗ്ലിഷ് വിഭാഗം പ്രഫസറായിരുന്നു ലേഖകൻ*

### 'കുണുക്കുകൾ കുഴിച്ചിട്ടു'

യാക്കോബ് തന്റെ ഭാര്യമാരുടെയും മറ്റും കുണുക്കുകൾ വാങ്ങി കരുവേലകത്തിൻ ചുവട്ടിൽ കുഴിച്ചിട്ട സംഭവം വിവരിച്ചിരിക്കുന്ന ഉല്പത്തി 35-ാം അധ്യായത്തിന്റെ പ്രാരംഭഭാഗം ശ്രദ്ധാപൂർവം നമുക്കൊന്നു പരിശോധിക്കാം:

> "അനന്തരം ദൈവം യാക്കോബിനോട്: നീ പുറപ്പെട്ടു ബേഥേലിൽ ചെന്നു പാർക്ക; നിന്റെ സഹോദരനായ ഏശാവിന്റെ മുമ്പിൽനിന്നു നീ ഓടിപ്പോകുമ്പോൾ നിനക്കു പ്രത്യക്ഷനായ ദൈവത്തിനു അവിടെ ഒരു യാഗപീഠം ഉണ്ടാക്കുക എന്നു കൽപ്പിച്ചു. **അപ്പോൾ യാക്കോബ് തന്റെ കുടുംബത്തോടും കൂടെയുള്ള എല്ലാവരോടും: നിങ്ങളുടെ ഇടയിലുള്ള അന്യദേവന്മാരെ നീക്കിക്കളഞ്ഞു നിങ്ങളെ ശുദ്ധീകരിച്ചു വസ്ത്രം മാറുവിൻ.** നാം പുറപ്പെട്ടു ബേഥേലിലേക്കു പോക; എന്റെ കഷ്ടകാലത്തു എന്റെ പ്രാർത്ഥന കേൾക്കയും ഞാൻ പോയ വഴിയിൽ എന്നോടു കൂടെയിരിക്കുകയും ചെയ്ത ദൈവത്തിനു ഞാൻ അവിടെ ഒരു യാഗപീഠം ഉണ്ടാക്കും എന്നു പറഞ്ഞു. **അങ്ങനെ അവർ തങ്ങളുടെ പക്കലുള്ള അന്യദേവന്മാരെ ഒക്കെയും കാതുകളിലെ കുണുക്കുകളെയും യാക്കോബിന്റെ പക്കൽ കൊടുത്തു. യാക്കോബ് അവയെ ശെഖേമിന്നരികെയുള്ള കരുവേലകത്തിൻ കീഴിൽ കുഴിച്ചിട്ടു.**"

ദൈവം യാക്കോബിനോട് എന്താണ് കൽപ്പിച്ചതെന്ന് ഒന്നാം വാക്യത്തിൽ നാം കാണുന്നു. ബേഥേലിൽ ചെന്നു പാർക്കണമെന്നും അവിടെ യാഗപീഠമുണ്ടാക്കി ശരിയായ വിധത്തിൽ ദൈവാരാധന നടത്തണമെന്നുമായിരുന്നു ദൈവം കൽപിച്ചത്. **ആഭരണം സംബന്ധിച്ച യാതൊരു കൽപനയും ദൈവം യാക്കോബിനു നൽകിയില്ല.** ആരാധന സംബന്ധിച്ച ദൈവകൽപന അനുസരിക്കാൻ തീരുമാനിച്ചതിനെത്തുടർന്ന്, **തന്റെ കൂടെയുള്ള എല്ലാവരും തങ്ങളുടെ ഇടയിൽനിന്ന് അന്യദേവന്മാരെ നീക്കിക്കളയണമെന്ന് യാക്കോബ് ആവശ്യപ്പെട്ടതായി** രണ്ടാം വാക്യത്തിൽ വായിക്കുന്നു. ആ നിർദ്ദേശപ്രകാരം അവർ തങ്ങളുടെ പക്കലുണ്ടായിരുന്ന

അന്യദേവന്മാരെയും കാതുകളിലെ കുണുക്കുകളെയും യാക്കോബിന്റെ പക്കൽ കൊടുത്തു എന്നു നാലാം വാക്യത്തിലും കാണുന്നു.

എന്തു ചെയ്യാനാണ് യാക്കോബ് തന്റെ കൂടെയുണ്ടായിരുന്നവരോട് ആവശ്യപ്പെട്ടത് എന്ന ചോദ്യത്തിന്, 'അന്യദേവന്മാരെ നീക്കിക്കളഞ്ഞു ശുദ്ധീകരണം പ്രാപിക്കുവാനും വസ്ത്രം മാറുവാനും' എന്ന മറുപടിയാണ് വചനം നൽകുന്നത്. അടുത്തതായി, അന്യദേവന്മാരെ നീക്കിക്കളയാനാണ് ആവശ്യപ്പെട്ടതെങ്കിൽ, എന്താണ് നീക്കിക്കളഞ്ഞത് എന്ന ചോദ്യമുദിക്കുന്നു. 'അന്യദേവന്മാരെത്തന്നെ' എന്നുള്ളതാണ് അതിന്റെ മറുപടി. അന്യദേവന്മാരെ നീക്കിക്കളയുന്നതിനായി, അവരുടെ കൈവശമുണ്ടായിരുന്ന വിഗ്രഹങ്ങളോടൊപ്പം കാതിലെ കുണുക്കുകളെയും കൂടി ഊരി യാക്കോബിനെ അവർ ഏൽപ്പിച്ചതിൽനിന്ന് എന്താണ് മനസ്സിലാക്കേണ്ടത് എന്ന ചോദ്യത്തിന്, 'ആ കുണുക്കുകൾ അന്യദേവന്മാരായി കാണപ്പെട്ടു' എന്നാണ് മറുപടി.

എന്തുകൊണ്ട് അവരുടെ കുണുക്കുകൾ അന്യദേവന്മാരായി കാണപ്പെട്ടു എന്ന ചോദ്യത്തിന്റെ മറുപടി കണ്ടെത്താൻ പ്രയാസമില്ല. നമ്മുടെ നാട്ടിലെ പല ഹിന്ദു സ്ത്രീകളും ഉപയോഗിക്കുന്ന താലിയിൽ ഒരു സർപ്പത്തിന്റെ തലയുടെ രൂപം ഉണ്ട്. ആളുകളുടെ മതവിശ്വാസങ്ങൾ അനുസരിച്ചുള്ള രൂപങ്ങൾ അവരുടെ ആഭരണങ്ങളുടെ മേൽ കൊത്തി വയ്ക്കുന്ന സമ്പ്രദായം പണ്ടുമുതൽക്കേ ഒട്ടു മിക്ക സമൂഹങ്ങളിലും നിലവിലിരുന്നിട്ടുണ്ട്. യാക്കോബിന്റെ ഭാര്യമാരും അവരുടെ പിതാവും മറ്റു കുടുംബാംഗങ്ങളും വിഗ്രഹാരാധന പരിചയിച്ചിരുന്നവരായിരുന്നു. (ഉല്പത്തി 31:19; 31:30-35 എന്നീ വേദഭാഗങ്ങൾ നോക്കുക)

ദേവരൂപങ്ങളുണ്ടായിരുന്ന കുണുക്കുകൾ തന്നെയാണ് അവർ ധരിച്ചിരുന്നത്. അതുകൊണ്ടാണ് അന്യദേവന്മാരെ ഉപേക്ഷിക്കാൻ യാക്കോബ് അവരോട് ആവശ്യപ്പെട്ടപ്പോൾ തങ്ങളുടെ കൈവശമുണ്ടായിരുന്ന ദേവപ്രതിമകളോടൊപ്പം ദേവരൂപങ്ങൾ കൊത്തിയിരുന്ന കുണുക്കുകളും കൂടെ അവർക്ക് ഉപേക്ഷിക്കേണ്ടി വന്നത്. കുണുക്കുകൾ ഉപേക്ഷിക്കുക മാത്രമായിരുന്നു അവയുടെ മേലുണ്ടായിരുന്ന അന്യദേവരൂപങ്ങൾ മാറ്റുന്നതിന്റെ മാർഗ്ഗം. ആഭരണം എന്ന നിലയിലല്ല, അന്യദേവപ്രതിമകൾ എന്ന നിലയിലാണ് അവർ കുണുക്കുകൾ ഉപേക്ഷിച്ചത്. ആഭരണം ഉപേക്ഷിക്കാൻ യാക്കോബ് അവരോടു പറഞ്ഞില്ല; പറയാൻ ദൈവം യാക്കോബിനോടു കല്പിച്ചുമില്ല. അതിനാൽ അവർ ആഭരണം ഉപേക്ഷിക്കുന്ന പ്രശ്നം അവിടെ ഉണ്ടായതേ ഇല്ല.

ആഭരണവർജ്ജനമല്ല, അന്യദേവവർജ്ജനമാണ് അവിടെ നടന്നത്. യാക്കോബിന്റെ കൂടെയുണ്ടായിരുന്നവർ നടത്തിയത് ആഭരണവർജ്ജനമായിരുന്നെങ്കിൽ, ആഭരണങ്ങൾ ഉപേക്ഷിക്കണം എന്നുള്ളതായിരുന്നേനേ യാക്കോബിന്റെ നിർദ്ദേശം.

# ആഭരണധാരണം:
## ബൈബിൾ എന്തു പറയുന്നു ?

2

പ്രൊഫ. ടി. ജോൺമാത്യു, മണ്ണുത്തി

### "ആഭരണം നീക്കിക്കളയുക"

"വഴിയിൽ വെച്ചു ഞാൻ നിന്നെ നശിപ്പിക്കാതിരിക്കേണ്ടതിനു ഞാൻ നിന്റെ നടുവിൽ നടക്കയില്ല; ഈ വചനം കേട്ടപ്പോൾ ജനം ദുഃഖിച്ചു; ആരും തന്റെ ആഭരണം ധരിച്ചതുമില്ല. നിങ്ങൾ ദുശ്ശാഠ്യമുള്ള ജനം ആകുന്നു. ഞാൻ ഒരു നിമിഷനേരം നിന്റെ മുമ്പിൽ നടന്നാൽ നിന്നെ സംഹരിച്ചുകളയും; **അതുകൊണ്ടു ഞാൻ നിന്നോടു എന്തു ചെയ്യേണം എന്നറിയേണ്ടതിനു നീ നിന്റെ ആഭരണം നീക്കിക്കളയുക** എന്നിങ്ങനെ യിസ്രായേൽമക്കളോടു പറക എന്നു യഹോവ മോശെയോടു കല്പിച്ചിരുന്നു. **അങ്ങനെ ഹോരേബ് പർവതത്തിങ്കൽ തുടങ്ങി യിസ്രായേൽമക്കൾ ആഭരണം ധരിച്ചില്ല**" (പുറപ്പാട് 33:3-6)

മേലുദ്ധരിച്ച വാക്കുകൾ ആര്, ആരോട്, എന്തുകൊണ്ട് പറഞ്ഞു എന്നു പരിശോധിക്കേണ്ടതാവശ്യമാണ്. "തേങ്ങാ ഇടുന്നതിനു തെങ്ങിൽ കയറുക" എന്നു പറഞ്ഞാൽ, "തേങ്ങാ ഇട്ടു കഴിയുന്നതുവരെ തെങ്ങിന്റെ മുകളിൽ ഇരിക്കണം, ഇട്ടു കഴിഞ്ഞാൽ താഴെ ഇറങ്ങണം" എന്നല്ലേ അർത്ഥം? "പുഴയിൽ നീന്തുന്നതിനു പാന്റും ഷർട്ടും ഊരി കരയിൽ വയ്ക്കുക" എന്നു പറഞ്ഞാൽ, "നീന്തൽ കഴിയുന്നതുവരെ മാത്രം ഷർട്ടും പാന്റും ധരിക്കാതിരിക്കുക" എന്നല്ലേ അർത്ഥം? ആയുഷ്കാലം മുഴുവൻ തെങ്ങിന്റെ മുകളിൽ ഇരിക്കണമെന്നോ പാന്റും ഷർട്ടും ധരിക്കാതെ നടന്നുകൊള്ളണമെന്നോ അർത്ഥമില്ലല്ലോ?

എങ്കിൽ, "ഞാൻ നിന്നോടു എന്തു ചെയ്യേണം എന്നറിയേണ്ടതിനു നീ നിന്റെ ആഭരണം നീക്കിക്കളയുക" എന്നു പറഞ്ഞതിന്റെ അർത്ഥമെന്താണ്? "ഞാൻ നിന്നോട് എന്തു ചെയ്യേണം എന്നു അറിയുന്നതുവരെ നീ ആഭരണം നീക്കിക്കളയണം (വർജ്ജിക്കണം), അത് അറിഞ്ഞു കഴിഞ്ഞശേഷം നിന്റെ ആഭരണങ്ങൾ നിനക്കു ധരിക്കാം" എന്നല്ലേ? അല്ല, നീ ഇനി ഒരിക്കലും ആഭരണം ധരിക്കരുത് എന്നാണ് വാചകത്തിന്റെ അർത്ഥമെങ്കിൽ, "നെഞ്ചിന്റെ

എക്സ്-റേ എടുക്കുന്നതിനു ഷർട്ട് ഊരുക" എന്നു പറഞ്ഞാൽ, "എക്സ്-റേ ഫോട്ടോ എടുത്തുകഴിഞ്ഞശേഷം ആയുഷ്കാലം മുഴുവൻ ഷർട്ട് ധരിക്കാതെ ഇരുന്നുകൊള്ളണം" എന്നാണ് അർത്ഥമെന്നു പറയണം.

അതിനാൽ, "ഞാൻ നിന്നോടു എന്തു ചെയ്യേണം എന്നറിയേണ്ടതിനു നീ നിന്റെ ആഭരണം നീക്കിക്കളയുക" എന്നു ഹോരേബിൽവെച്ച് ദൈവം യിസ്രായേലിനു കല്പന കൊടുത്തതിന്റെ അർത്ഥം, യിസ്രായേൽ ചെയ്ത വിഗ്രഹാരാധന എന്ന ഭയങ്കര പാപത്തിന്റെ ഫലമായി ദൈവം യിസ്രായേലിനോട് എന്താണ് ചെയ്യേണ്ടതെന്ന് അറിഞ്ഞു കഴിയുന്നതുവരെ, അഥവാ അവരുടെ പാപത്തിന്റെ ഭയങ്കരത്വം അവർ മനസ്സിലാക്കി അതിനെക്കുറിച്ച് അഗാധമായി അനുതപിച്ചു എന്നു ദൈവം കണ്ട്, അവർക്ക് ലഭിക്കാനർഹതയുണ്ടായിരുന്ന സമ്പൂർണ്ണ സംഹാരത്തിന് (പുറ.32:10) അവരെ വിധേയരാക്കേണ്ട എന്നു തീരുമാനിക്കുന്നതുവരെ അവർ ആഭരണം യാതൊന്നും ധരിക്കരുത് എന്നും അവർ അവരുടെ പാപത്തിന്റെ ഗൗരവം മനസ്സിലാക്കി വേണ്ടതുപോലെ അനുതപിച്ചു കഴിഞ്ഞ ശേഷം പഴയതുപോലെ അവർക്ക് ആഭരണം ധരിക്കാം എന്നുമാണ്. പുറപ്പാട് 33:1-6 വരെയുള്ള വാക്യങ്ങളും 32:9-14 വരെയുള്ള വാക്യങ്ങളും ശ്രദ്ധിച്ചു വായിക്കുമ്പോൾ മനസ്സിലാകുന്ന ആശയം ഇതാണ്, ഇതു മാത്രമാണ്.

## വീണ്ടും ധരിക്കുന്നു

തങ്ങളുടെ കഠിനപാപത്തെക്കുറിച്ചും ആ പാപത്തിന്റെ ശിക്ഷയുടെ ഭാഗമായി ഒറ്റ ദിവസം തന്നെ മൂവായിരം പേർ മരിച്ചതിനെക്കുറിച്ചും ദുഃഖിച്ചുകൊണ്ട് മരുഭൂമിയിലൂടെ യാത്ര ചെയ്ത യിസ്രായേൽ ജനം കനാൻ നാട്ടിലെത്തിയതിനെത്തുടർന്ന് ആ ദുഃഖം മറന്നു; അവരുടെ ദുഃഖാചരണ കാലം കഴിഞ്ഞതിനാൽ വീണ്ടും പഴയതുപോലെ അവർ ആഭരണം ധരിച്ചു തുടങ്ങി എന്ന് 2 ശമൂവേൽ 1:24-ാം വാക്യം ("യിസ്രായേൽ പുത്രിമാരേ, ശൗലിനെച്ചൊല്ലി കരയുവിൻ. അവൻ നിങ്ങളെ ഭംഗിയായി രക്താംബരം ധരിപ്പിച്ചു നിങ്ങളുടെ വസ്ത്രത്തിന്മേൽ പൊന്നാഭരണം അണിയിച്ചു") വ്യക്തമാക്കുന്നു.

ശൗലിന്റെ മരണത്തെത്തുടർന്ന് ദാവീദ് പാടിയ വിലാപഗാനത്തിൽ യിസ്രായേൽ പുത്രിമാരെ ശൗൽ വിശേഷവസ്ത്രങ്ങളും പൊന്നാഭരണങ്ങളും അണിയിച്ച കാര്യം വ്യക്തമായി ചൂണ്ടിക്കാണിച്ചിരിക്കുന്നു. പരിശുദ്ധാത്മാവിൽ ദാവീദ് പാടിയ ഈ വിലാപഗാനത്തിൽ, ശൗൽ യിസ്രായേൽ പുത്രിമാരെ പൊന്നാഭരണങ്ങൾ അണിയിച്ചത് ഒരു നല്ല കാര്യമായിട്ടാണ് പരാമർശിച്ചിരിക്കുന്നത്. അത് ദൈവം കൊടുത്ത ഒരു കല്പനയുടെ ലംഘനമായിരുന്നുവെങ്കിൽ അതിനെ ശ്ലാഘിച്ചുകൊണ്ട് ദാവീദ് പാടുമായിരുന്നില്ല.

ആഭരണം ധരിക്കരുത് എന്നൊരു പതിനൊന്നാം കല്പന ദൈവം യിസ്രായേലിനു നൽകിയില്ല. അതുകൊണ്ടുതന്നെ, യെരൂശലേമിനെ ഒരു

സ്ത്രീയായി ചിത്രീകരിച്ചുകൊണ്ട്, ‘‘ഞാൻ നിന്നെ ആഭരണം അണിയിച്ചു, നിന്റെ കൈയ്ക്കു വളയും കഴുത്തിൽ മാലയും ഇട്ടു...’’ (യെഹസ്‌ക്കേൽ 16:11-14) എന്ന് ദൈവം തന്നെ പറഞ്ഞിരിക്കുന്നത് ശ്രദ്ധിച്ചാൽ, ദൈവത്തിന് ആഭരണങ്ങളോട് യാതൊരു വിരോധവുമില്ലെന്നും അവ വർജ്ജിക്കുവാൻ ദൈവം ആരെക്കുറിച്ചും ആഗ്രഹിക്കുന്നില്ലെന്നും സംശയരഹിതമായി ബോധ്യപ്പെടും.

സ്വർണ്ണത്തിന്റെ വിലയും കള്ളന്മാരെക്കുറിച്ചുള്ള ഭയവും മാത്രമല്ലേ വർജ്ജനത്തെ ന്യായീകരിച്ചുകൊണ്ട് നമുക്കു പറയാൻ കഴിയുന്ന കാര്യങ്ങൾ? അതു മാത്രമേ നാം പറയാൻ പാടുള്ളൂ. സത്യം അംഗീകരിക്കാനും സംസാരിക്കാനും നമുക്കു കടപ്പാടുള്ളതിനാൽ, ഹോരേബിലെ ആഭരണവിലക്ക് ഇന്ന് ആർക്കെങ്കിലും ബാധകമായിരിക്കുന്നുവെങ്കിൽ അത് പാപപരിഹാരം പ്രാപിച്ച് എപ്പോഴും സന്തോഷിക്കാൻ അവകാശമുള്ളവർക്കല്ല, പിന്നെയോ പാപത്തെക്കുറിച്ചും അതിന്റെ ശിക്ഷയെക്കുറിച്ചും ദുഃഖിച്ചുകൊണ്ടിരിക്കാൻ കടപ്പാടുള്ള പാപപരിഹാരം പ്രാപിച്ചിട്ടില്ലാത്തവർക്കാണ് എന്നു മാത്രമേ പറയുവാൻ ന്യായമുള്ളൂ.

# ആഭരണധാരണം:
## ബൈബിൾ എന്തു പറയുന്നു ?

3

### പ്രൊഫ. ടി. ജോൺമാത്യു, മണ്ണുത്തി

**"ഓഫീർ തങ്കം .... ഇട്ടുകളക"**

"**നിന്റെ പൊന്നു പൊടിയിലും ഓഫീർ തങ്കം തോട്ടിലെ കല്ലിൻ ഇടയിലും ഇട്ടുകളക**. അപ്പോൾ സർവശക്തൻ നിന്റെ പൊന്നും നിനക്കു വെള്ളിവാളവും ആയിരിക്കും" (ഇയ്യോബ് 22:24-25)

ദൈവമക്കൾ തങ്ങളുടെ സ്വർണ്ണാഭരണങ്ങൾ ഉപേക്ഷിക്കണമെന്ന കല്പന വചനത്തിലുണ്ടെന്നതിനു തെളിവായി ഉദ്ധരിക്കപ്പെട്ടു കേൾക്കാറുള്ള ഒരു വേദഭാഗമാണിത്. വിശദമായി ഇതു നമുക്ക് പരിശോധിക്കാം.

ഈ വാക്യങ്ങളുടെ മുമ്പുള്ള വാക്യങ്ങൾ വായിച്ചാൽ, തേമാന്യനായ എലീഫസ് ഇയ്യോബിനെ കുറ്റപ്പെടുത്തിക്കൊണ്ട് അവന്റെ പാപം നിമിത്തം ദൈവം അവനെ ശിക്ഷിച്ചിരിക്കയാണെന്ന അർത്ഥത്തിൽ പലതും പറയുന്നതിനിടയിൽ സംസാരിച്ച വാക്കുകളാണിവ എന്നു കാണാൻ കഴിയും. "നിന്റെ ദുഷ്ടത വലിയതല്ലയോ? നിന്റെ അകൃത്യങ്ങൾക്ക് അന്തവുമില്ല. നിന്റെ സഹോദരനോടു നീ വെറുതെ പണയം വാങ്ങി; നഗ്നന്മാരുടെ വസ്ത്രം ഉരിഞ്ഞെടുത്തിരിക്കുന്നു; ക്ഷീണിച്ചവനു നീ വെള്ളം കൊടുത്തില്ല; വിശന്നവനു നീ ആഹാരം മുടക്കിക്കളഞ്ഞു" (ഇയ്യോബ് 22:5-7) എന്നെല്ലാം ഇയ്യോബിനെപ്പറ്റി പറഞ്ഞതിനുശേഷം എലീഫസ് പ്രസ്താവിച്ച വാക്കുകളിലാണ് 'പൊന്നു പൊടിയിൽ ഇട്ടുകളക' എന്ന നിർദ്ദേശം കാണുന്നത്.

എലീഫസ് ഒരു പ്രത്യേക സന്ദർഭത്തിൽ അയാൾക്കുണ്ടായിരുന്ന ധാരണകളുടെ അടിസ്ഥാനത്തിൽ ഇയ്യോബിനോടു പറഞ്ഞ വാക്കുകൾ, യേശുക്രിസ്തുവിൽ വിശ്വാസമർപ്പിച്ച് ഇന്നു രക്ഷിക്കപ്പെടുന്ന ദൈവമക്കൾക്കുള്ള ഉപദേശങ്ങളാണെന്നു ചിന്തിക്കാൻ വചനത്തിൽ എന്താണ് ന്യായം? എലീഫസ് ഇയ്യോബിനോടു പറഞ്ഞ വാക്കുകൾ ഇന്ന് ദൈവമക്കൾ അനുസരിക്കേണ്ട കല്പനകളാണെങ്കിൽ, അയാൾ ഇയ്യോബിനോടു പറഞ്ഞ മറ്റുള്ള വാക്കുകളും ഇന്നു ദൈവമക്കൾ അനുസരിക്കേണ്ടവയായിരിക്കണമല്ലോ.

“നാശവും ക്ഷാമവും കണ്ടു നീ ചിരിക്കും; കാട്ടുമൃഗങ്ങളെ നീ പേടിക്കയില്ല; വയലിലെ കല്ലുകളോട് നിനക്കു സഖ്യതയുണ്ടാകും; കാട്ടിലെ മൃഗങ്ങൾ നിന്നോടു ഇണങ്ങിയിരിക്കും” (ഇയ്യോബ് 5:22-23) എന്നു എലീഫസ് ഇയ്യോബിനോട് നേരത്തെ പറഞ്ഞിരുന്നു. അതിനാൽ, “നിന്റെ പൊന്നു പൊടിയിലും ഓഫീർ തങ്കം തോട്ടിലെ കല്ലിൻ ഇടയിലും ഇട്ടുകളക” എന്നു അതിനുശേഷം പറഞ്ഞത് ഇന്നത്തെ ദൈവമക്കൾ അനുസരിക്കേണ്ട കാര്യമാണെങ്കിൽ, നാശവും ക്ഷാമവും കണ്ടു ചിരിക്കാനും പേടികൂടാതെ കാട്ടുമൃഗങ്ങളുടെ അടുത്തു ചെല്ലാനും വിജനസ്ഥലത്തു കല്ലുകളുടെ ഇടയിൽ ചെന്നു കിടക്കാനും നേരത്തെ പറഞ്ഞത് അതിനേക്കാൾ മുമ്പെ അനുസരിക്കേണ്ടതല്ലെ? എന്നാൽ ആ നിർദ്ദേശം നാം അനുസരിക്കേണ്ട താണെന്ന് ആരും പറയുന്നില്ല, പറയുകയുമില്ല. അതിനാൽ അതിനുശേഷം പറഞ്ഞ വാക്കുകളും നാം അനുസരിക്കേണ്ടവയല്ല എന്നതിനു സംശയമില്ല.

ഇനി, എലീഫസ് ഇയ്യോബിനോട് പറഞ്ഞ വാക്കുകളെക്കുറിച്ച് ദൈവം എന്താണു പറഞ്ഞിരിക്കുന്നതെന്നു പരിശോധിക്കാം: യഹോവ തേമാന്യനായ എലീഫസിനോട് അരുളിച്ചെയ്തതു: “നിന്നോടും നിന്റെ രണ്ടു സ്നേഹിതന്മാരോടും എനിക്കു കോപം ജ്വലിച്ചിരിക്കുന്നു. എന്റെ ദാസനായ ഇയ്യോബിനെപ്പോലെ നിങ്ങൾ എന്നെക്കുറിച്ച് വിഹിതമായതു സംസാരി ച്ചിട്ടില്ല. ആകയാൽ നിങ്ങൾ ഏഴു കാളയെയും ഏഴു ആട്ടുകൊറ്റനെയും എന്റെ ദാസനായ ഇയ്യോബിന്റെ അടുക്കൽ കൊണ്ടു ചെന്നു നിങ്ങൾക്കു വേണ്ടി ഹോമയാഗം കഴിപ്പിൻ; എന്റെ ദാസനായ ഇയ്യോബ് നിങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കും; ഞാൻ അവന്റെ മുഖം ആദരിച്ചു **നിങ്ങളുടെ മൂഢതയ്ക്കു തക്കവണ്ണം** നിങ്ങളോടു ചെയ്യാതിരിക്കും” എന്നാണ് ഇയ്യോബ് 42:7-8 വാക്യങ്ങളിൽ നാം വായിക്കുന്നത്.

അവർ മൂന്നുപേരും ദൈവത്തെക്കുറിച്ചും ഇയ്യോബിനെക്കുറിച്ചും സംസാരിച്ചതും ഇയ്യോബിനു കൊടുത്ത നിർദ്ദേശങ്ങളും പൊതുവെ പറഞ്ഞാൽ വെറും മൂഢതയായിരുന്നു എന്നാണ് ദൈവാത്മാവ് രേഖപ്പെടുത്തിയിരിക്കുന്നത്. ആ മൂഢത പുതിയനിയമ വിശ്വാസികളെല്ലാം അനുസരിക്കേണ്ട ദൈവകല്പനയായി നമുക്ക് പരിഗണിക്കാനൊക്കുമോ? **ഇയ്യോബിനെ ദൈവം അനുഗ്രഹിച്ചപ്പോൾ അവന്റെ സ്നേഹിതന്മാരും ബന്ധുക്കളും അവനു സമ്മാനമായി പൊൻമോതിരങ്ങൾ നൽകിയതായി വചനത്തിൽ പറഞ്ഞിരിക്കുന്നു (ഇയ്യോബ് 42: 11). ഇതിനർത്ഥം ആഭരണ ധാരണം തെറ്റാണ് എന്ന ആശയം അവരാരുടെയും ഹൃദയത്തിൽ ഉണ്ടായി രുന്നില്ല എന്നു മാത്രമല്ല, സന്തോഷസൂചകമായി സ്വർണ്ണാഭരണം അണിയു ന്നതു തികച്ചും ഉചിതമാണെന്ന് അവർ കരുതി എന്നും കൂടെയാണ്.**

## ആഭരണധാരണം:
### ബൈബിൾ എന്തു പറയുന്നു ?

4

പ്രൊഫ. ടി. ജോൺമാത്യു, മണ്ണുത്തി

### "പൊന്ന് അവർക്കു മലം"

"അവർ തങ്ങളുടെ വെള്ളി വീഥികളിൽ എറിഞ്ഞുകളയും; **പൊന്ന് അവർക്ക് മലമായി തോന്നും**; അവരുടെ വെള്ളിക്കും പൊന്നിനും യഹോവയുടെ കോപദിവസത്തിൽ അവരെ വിടുവിപ്പാൻ കഴികയില്ല; അതിനാൽ അവരുടെ വിശപ്പടങ്ങുകയില്ല. അവരുടെ വയറു നിറയുകയുമില്ല; അതു അവർക്കു അകൃത്യഹേതുവായിരുന്നല്ലോ. അതുകൊണ്ടുള്ള ആഭരണങ്ങളുടെ ഭംഗി അവർ ഡംഭത്തിനായി പ്രയോഗിച്ചു; അതുകൊണ്ട് അവർ തങ്ങൾക്കു മ്ലേഛവിഗ്രഹങ്ങളെയും മലിനബിംബങ്ങളെയും ഉണ്ടാക്കി; **ആകയാൽ ഞാൻ അതു അവർക്കു മലമാക്കിയിരിക്കുന്നു.**" (യെഹെസ്ക്കേൽ 7:19-20)

ഈ വേദഭാഗത്തിന്റെ അടിസ്ഥാനത്തിൽ, പൊന്ന് മലമാണ്, ദൈവം അതിനെ അശുദ്ധമാക്കിയിരിക്കുന്നു, അതു അശുദ്ധിയാണ് എന്നൊക്കെ ചിലർ പറയുന്നതായി കേൾക്കുന്നു. അതിനാൽ ഈ വാക്യങ്ങളും ശ്രദ്ധാപൂർവ്വം പരിശോധിക്കേണ്ടതാവശ്യമാണ്.

യെഹസ്ക്കേൽ 7-ാം അദ്ധ്യായം അഞ്ചാം വാക്യം മുതൽ അവസാനം വരെ വായിക്കുമ്പോൾ മേലുദ്ധരിച്ച വാക്യങ്ങളുടെ സന്ദർഭവും അതിന്റെ ശരിയായ അർത്ഥവും നമുക്കു മനസ്സിലാകും. "ഇപ്പോൾ ഞാൻ വേഗത്തിൽ എന്റെ ക്രോധം നിന്റെ മേൽ പകർന്നു, എന്റെ കോപം നിന്നിൽ നിവർത്തിക്കും; ഞാൻ നിന്റെ നടപ്പിനു തക്കവണ്ണം നിന്നെ ന്യായം വിധിച്ചു നിന്റെ സകല മ്ലേഛതകൾക്കും നിന്നോടു പകരം ചെയ്യും" (8-ാം വാക്യം) എന്നിപ്രകാരം യിസ്രായേലിനോട് അരുളിച്ചെയ്ത ദൈവം പിന്നീടുള്ള വാക്യങ്ങളിൽ അവരുടെ മേൽ താൻ ചൊരിയാൻ പോകുന്ന ശിക്ഷാവിധി വിശദീകരിച്ചിരിക്കുന്നു.

അങ്ങനെ 17-18 വാക്യങ്ങളിൽ "എല്ലാ കൈകളും തളരും; എല്ലാ മുഴങ്കാലും വെള്ളം പോലെ ഒഴുകും. അവർ രട്ടുടുക്കും; ഭീതി അവരെ മൂടും; സകല മുഖങ്ങളിലും ലജ്ജയും എല്ലാ തലകളിലും കഷണ്ടിയും ഉണ്ടായിരിക്കും" എന്നു പറഞ്ഞശേഷം 19-20 വാക്യങ്ങളിൽ "അവർ തങ്ങളുടെ വെള്ളി വീഥികളിൽ എറിഞ്ഞു കളയും;....ഞാൻ അതു അവർക്കു മലമാക്കിയിരിക്കുന്നു"

എന്നു പറഞ്ഞിരിക്കുകയാണ്. യിസ്രായേൽ ജനം ചെയ്തിട്ടുള്ള പാപങ്ങൾ നിമിത്തം ദൈവം അവരെ കഠിനമായി ശിക്ഷിക്കുമെന്നും ശിക്ഷയുടെ കാഠിന്യം നിമിത്തം അവർ ബലഹീനരായിത്തീരുകയും അവരുടെ കൈകൾ തളർന്നുപോകയും അവർ ഭയപ്പെട്ടു ഭ്രമിച്ചുപോകയും അവരുടെ ഹൃദയം അതിദുഃഖിതമായിത്തീരുകയും ചെയ്യുമെന്നും അവരുടെ കഠിനദുഃഖം പ്രകടിപ്പിക്കാനായി സാധാരണ വസ്ത്രമുപേക്ഷിച്ചിട്ട് അവർ രട്ടു ഉടുക്കു മെന്നും അപ്പോൾ വളരെ ഭംഗിയുള്ള സ്വർണ്ണാഭരണങ്ങളിൽപോലും അവർക്കു യാതൊരു താല്പര്യവും തോന്നുകയില്ലെന്നും, അവയോട് അവർക്കു മലത്തോട് എന്ന പോലെയുള്ള വെറുപ്പ് മാത്രമേ തോന്നുകയു ള്ളൂവെന്നുമാണ് ഇവിടെ പറഞ്ഞിരിക്കുന്നത്.

സ്വർണ്ണം വാസ്തവത്തിൽ മലം പോലെ അശുദ്ധമാണ് എന്നല്ല, പിന്നെ യോ വളരെ വിലപിടിപ്പുള്ളതും ആകർഷകവുമായ സ്വർണ്ണത്തിനു പോലും യാതൊരു വിലയും കല്പിക്കുവാൻ അവർക്കു സാധ്യമല്ലാതായിത്തീരത്തക്ക വിധം അവരുടെ പാപത്തിനും മ്ലേഛതയ്ക്കും ലഭിച്ച കഠിനശിക്ഷ അവരെ ദുഃഖത്തിൽ മുക്കിക്കളയും എന്നാണ് വാക്യങ്ങളുടെ അർത്ഥം. യിസ്രായേലി ന്റെ പാപം മൂലം അവർക്കു ലഭിക്കുവാൻ പോകുന്ന ശിക്ഷയെക്കുറിച്ചുള്ള പ്രവചനം എങ്ങനെയാണ് കൃപായുഗത്തിലെ ദൈവമക്കൾ അനുസരിക്കേണ്ട ഉപദേശമായിത്തീരുന്നത്?

വാദത്തിനുവേണ്ടി അങ്ങനെയാണെന്നു സമ്മതിച്ചാലും കാര്യം കുഴപ്പ മാണ്. കാരണം, ദൈവമക്കളുടെ ജീവിതം എപ്രകാരമായിരിക്കണമെന്നു പറ യുന്ന വേദഭാഗമാണിതെന്നു ചിന്തിച്ചാൽ ഇവിടെ യിസ്രായേൽ ചെയ്യുമെന്നു പറഞ്ഞിരിക്കുന്ന എല്ലാ കാര്യങ്ങളും ഇന്നത്തെ ദൈവമക്കൾ ചെയ്യേണ്ടതാ ണെന്നു പറയേണ്ടിവരും. അപ്പോൾ അവരുടെ കൈകൾ തളർന്നുപോകാനിട വരുത്തുകയും അവരുടെ മുഴങ്കാലുകൾ വെള്ളം പോലെ ഉരുക്കുകയും വസ്ത്രത്തിനുപകരം അവർ രട്ടു ഉടുക്കുകയും മുഖത്തു എല്ലായ്പോഴും വലി യ ലജ്ജയും ഭയവും കാണിക്കുകയും തലയിൽ കഷണ്ടി ഉണ്ടാക്കുകയും ചെയ്യണം. ഇതെല്ലാം ചെയ്തിട്ടുവേണം പൊന്നിനെ അവർ മലമായി കരുതു വാൻ. ഇന്നത്തെ ദൈവമക്കൾ ഇങ്ങനെയെല്ലാം പ്രവർത്തിക്കണമെന്നു പറയുവാൻ, പൊന്നു മലമാണെന്നു വാദിക്കുന്നവർ തയ്യാറാകുമോ?

ദൈവവചനത്തിൽ പൊന്ന് അശുദ്ധവസ്തുവാണെന്നു പറഞ്ഞിട്ടില്ലെന്നു മാത്രമല്ല, അതിനെ വിശുദ്ധിയുടെ പ്രതീകമായി ചിത്രീകരിച്ചിട്ടുണ്ടെന്നുമാണ് നാം കാണുന്നത്. കർത്താവു തന്റെ ദാസന്മാർക്കു പൊൻകിരീടങ്ങൾ നൽകി യിരിക്കുന്നതായി വെളിപ്പാട് 4:4ൽ പറഞ്ഞിരിക്കുന്നതും പുതിയ യെരൂശലേ മിന്റെ വീഥി തങ്കം കൊണ്ടു നിർമ്മിച്ചതാണെന്നു വെളിപ്പാട് 21:21ൽ പറഞ്ഞിരി ക്കുന്നതും എല്ലാം തെളിയിക്കുന്നത് സ്വർണ്ണം അശുദ്ധവസ്തുവല്ല, വിശുദ്ധ വസ്തു തന്നെയാണെന്നാണ്. യെഹെസ്കേൽ 7:19-20 വാക്യങ്ങൾ സന്ദർഭ ത്തിൽ നിന്നടർത്തിമാറ്റി ദുർവ്യാഖ്യാനം ചെയ്ത് സ്വർണ്ണം 'മല'മാണെന്നു

തെളിയിക്കുന്നവർ സ്വർഗ്ഗത്തിൽ ചെല്ലുമ്പോൾ തങ്ങൾക്കു ലഭിക്കണമെന്നാഗ്രഹിക്കുന്നത് എന്തുകൊണ്ടുള്ള കിരീടമാണെന്നും തങ്ങൾ നടക്കാൻ പോകുന്ന പുതിയ യെരൂശലേമിന്റെ വീഥി, തങ്ങളുടെ വചനവ്യാഖ്യാന പ്രകാരം എന്തുകൊണ്ടു നിർമ്മിച്ചതായിരിക്കുമെന്നും ഒരു നിമിഷം ചിന്തിക്കുന്നത് നന്നായിരിക്കും.

“ആഭരണങ്ങളുടെ ഭംഗി അവർ ഡംഭത്തിനായി ഉപയോഗിച്ചു” എന്ന വാക്യം (യെഹെസ്ക്കേൽ 7:20) എടുത്തു വ്യാഖ്യാനിച്ചുകൊണ്ട്, ആഭരണ ഭംഗി ഡംഭം കാണിക്കാനാണുപയോഗപ്പെടുന്നത്, ഡംഭികൾ മാത്രമേ ആഭരണം ധരിക്കുകയുള്ളൂ എന്നിങ്ങനെ ചിലർ പറയുന്നതായി കേട്ടിട്ടുണ്ട്. ഇപ്രകാരം ചിന്തിക്കുന്നതു ശരിയാണെങ്കിൽ “ലോറി ആളെ കയറ്റിക്കൊണ്ട് പോകാനുപയോഗിച്ചു” എന്നു പറഞ്ഞാൽ, ആളെ കയറ്റാൻ മാത്രമുപയോഗിക്കുന്ന വാഹനമാണ് ലോറി എന്നർത്ഥമെടുക്കണം. അങ്ങനെ ചെയ്യുന്നതു ശരിയാണോ? ലോറി ആളെ കയറ്റാനുപയോഗിച്ചു എന്നു പറഞ്ഞാൽ, ലോറിയുടെ സാധാരണ ഉപയോഗം അതല്ല എന്നും സാധാരണയിൽനിന്നു വ്യത്യസ്തമായ ഉപയോഗമാണ് അതെന്നുമല്ലേ വാചകത്തിന്റെ ആശയം? അതുപോലെതന്നെ, ആഭരണങ്ങളുടെ ഭംഗി ചിലർ ഡംഭത്തിനായി ഉപയോഗിച്ചു എന്നു പറഞ്ഞാൽ ആഭരണങ്ങൾക്ക് ഉണ്ടായിരിക്കേണ്ട ഉപയോഗം അതല്ല എന്നും അവയെ ഡംഭം പ്രകടിപ്പിക്കുന്ന ഉപാധിയായി ദുരുപയോഗപ്പെടുത്തി എന്നുമാണ് അർത്ഥം വരിക.

# ആഭരണധാരണം:
## ബൈബിൾ എന്തു പറയുന്നു ?

5

## പ്രൊഫ. ടി. ജോൺമാത്യു, മണ്ണുത്തി

### സീയോൻ പുത്രിമാരും ആഭരണങ്ങളും

യെശയ്യാവിന്റെയും യിരമ്യാവിന്റെയും പ്രവചനങ്ങളിൽ സീയോൻ പുത്രിമാരെക്കുറിച്ച് പ്രസ്താവിച്ചിട്ടുള്ള ചില വാക്യങ്ങളുദ്ധരിച്ചുകൊണ്ട് ആഭരണവർജ്ജനോപദേശത്തിന് പഴയനിയമത്തിൽ അടിസ്ഥാനമുണ്ടെന്ന് ചിലർ വാദിക്കുന്നു. ആ വാക്യങ്ങളിൽ പ്രധാനമായവ ഈ അദ്ധ്യായത്തിൽ നമുക്കു പരിശോധിക്കാം.

### നിഗളിക്കുന്ന സീയോൻ പുത്രിമാർ

യെശയ്യാവ് 3:16-23 വരെ വാക്യങ്ങളിൽ സീയോൻ പുത്രിമാരുടെ നിഗളത്തെക്കുറിച്ചും അവരുടെ വിവിധതരത്തിലുള്ള ആഭരണങ്ങളെക്കുറിച്ചും പറഞ്ഞിട്ട് ആ ആഭരണമെല്ലാം നീക്കിക്കളയും എന്നു പ്രസ്താവിച്ചിരിക്കുന്നു. 16-ാം വാക്യത്തിൽ അവരുടെ അഹംഭാവത്തെക്കുറിച്ചും മ്ലേച്ഛജീവിതത്തെക്കുറിച്ചും പറഞ്ഞതിനുശേഷമാണ് ദൈവം അവരെ രോഗത്താൽ ബാധിക്കുമെന്നും അവരുടെ മനോഹരമായ ആഭരണങ്ങൾ അവരിൽ നിന്നു നീക്കിക്കളയുമെന്നും പിന്നീടുള്ള വാക്യങ്ങളിൽ പറഞ്ഞിരിക്കുന്നത്. **മൊത്തത്തിൽ ഈ വാക്യങ്ങളുടെ അർത്ഥം നിഗളികളും മ്ലേച്ഛമായി ജീവിക്കുന്നവരുമായ സീയോൻ പുത്രിമാരെ ദൈവം ശിക്ഷിക്കുമെന്നും ശിക്ഷയുടെ ഭാഗമായി അവരുടെ ആഭരണങ്ങൾ അവരിൽനിന്നു നീക്കിക്കളയുമെന്നും മാത്രമാണ്.**

നിഗളവും മ്ലേച്ഛതയും ദൈവമുമ്പാകെ ശിക്ഷാർഹമാണെന്ന അർത്ഥം ഈ വാക്യങ്ങൾക്കുണ്ട്. അവയ്ക്കു ദൈവം നൽകുന്ന ശിക്ഷയുടെ ഭാഗമാണ് അവരുടെ ആഭരണമില്ലായ്മ എന്നു ഇവിടെ പറഞ്ഞിരിക്കുന്നു. അതായത്, നിഗളത്തിനും മ്ലേച്ഛതയ്ക്കും ദൈവത്തിൽനിന്നു കിട്ടിയ ശിക്ഷ സഹിച്ചുകൊണ്ടിരിക്കുന്ന അവസ്ഥയാണ് ആഭരണമില്ലായ്മ ചൂണ്ടിക്കാണിക്കുന്നത് എന്നാണ് വാക്യങ്ങളുടെ അർത്ഥം. അപ്പോൾ ഈ വേദഭാഗത്തിന്റെ വെളിച്ചത്തിൽ ദൈവമക്കൾ ആഭരണം ധരിക്കാതെ നടക്കണമെന്നു പറഞ്ഞാൽ അതിന്റെ അർത്ഥമെന്താണ്? അവർ നിഗളിക്കുകയും മ്ലേച്ഛജീവിതം നയിക്കുകയും ചെയ്തുവെന്നും അതിന്റെ ശിക്ഷയായി ദൈവം അവരുടെ ആഭരണങ്ങൾ നീക്കിക്കളഞ്ഞുവെന്നും പരോക്ഷമായി സമ്മതിക്കണമെന്നല്ലേ? ഇതു സത്യത്തിനു നിരക്കുന്ന കാര്യമാണോ?

സന്ദർഭവും വാചകങ്ങളുടെ അർത്ഥവും ഒന്നും നോക്കാതെ ഒരു വേദഭാഗം ഉദ്ധരിച്ചുകൊണ്ട്, ദൈവമക്കൾ ആഭരണം ധരിക്കരുതെന്നു ദൈവം കല്പിച്ചിരിക്കുന്നുവെന്നു പ്രഖ്യാപിക്കുവാൻ ചിലർ ഒരുമ്പെടുന്നത് ആശ്ചര്യകരം തന്നെ! ഈ വാക്യങ്ങൾ അടിസ്ഥാനമാക്കി പറയാൻ കഴിയുന്നത് ദൈവമക്കൾ ആഭരണമുപേക്ഷിച്ചു നടന്നാൽ, അതിനു മുമ്പ് അവർ പാപജീവിതം നയിച്ചതിന്റെ ശിക്ഷയായി അവരുടെ ആഭരണങ്ങൾ ദൈവം നീക്കിക്കളഞ്ഞതാണോ എന്ന സംശയത്തിനു പഴുതുണ്ടായേക്കാം എന്നു മാത്രമാണ്. അതിനാൽ ആഭരണവർജ്ജനത്തെയല്ല, ആഭരണധാരണത്തെയാണ് ഈ വേദഭാഗം പ്രോത്സാഹിപ്പിക്കുന്നത്. മറിച്ച് ചിലർ ചിന്തിക്കുന്നത് സത്യത്തിന് ഒട്ടും നിരക്കുന്ന കാര്യമല്ല.

**"പൊന്നാഭരണം അണിഞ്ഞാലും..."**

"നീ രക്താംബരം ധരിച്ചാലും പൊന്നാഭരണം അണിഞ്ഞാലും നിന്റെ കണ്ണിൽ മഷി എഴുതിയാലും വ്യർത്ഥമായി നിനക്കു സൗന്ദര്യം വരുത്തുന്നു; നിന്റെ ജാരന്മാർ നിന്നെ നിരസിച്ചു നിനക്കു പ്രാണഹാനി വരുത്തുവാൻ നോക്കുന്നു" എന്ന് യിരെമ്യാവ് 4:30ൽ നാം വായിക്കുന്നു. ആഭരണം മൂലമുണ്ടാകുന്നത് വ്യർത്ഥസൗന്ദര്യമാണ്, അതിനാൽ ദൈവമക്കൾ അതു ധരിക്കരുത് എന്ന് ഈ വാക്യം തെളിയിക്കുന്നു എന്നവകാശപ്പെടുന്നവരുണ്ട്; അതിനാൽ ഇതും സൂക്ഷമമമായി പരിശോധിക്കേണ്ടിയിരിക്കുന്നു.

കണ്ണെഴുതുവാനും ആഭരണം ധരിക്കുവാനും സൗന്ദര്യം വർദ്ധിപ്പിക്കുവാനും ജാരന്മാരെ ആകർഷിക്കുവാനും ആഗ്രഹിക്കുന്ന, അസന്മാർഗ്ഗിക ജീവിതം നയിച്ചിട്ടുള്ള ഒരു സ്ത്രീയുടെ ചിത്രീകരണം ഈ വാക്യത്തിൽ നാം കാണുന്നു. അവളുടെ ജാരന്മാർ ഇപ്പോൾ അവളെ സ്നേഹിക്കുകയല്ല, വെറുക്കുകയാണ് ചെയ്യുന്നത്. അവൾ എത്രയധികം സുന്ദരിയായിത്തീർന്നാലും അവളെ അവർ സ്നേഹിക്കുവാൻ തയ്യാറല്ല. അതിനാൽ ഇപ്പോൾ അവൾ ആഭരണം ധരിച്ചാൽ പ്രയോജനമൊന്നുമുണ്ടാകയില്ല എന്നാണ് ഇവിടെ പറഞ്ഞിരിക്കുന്നത്. ജാരന്മാരാൽ വെറുക്കപ്പെടുന്ന സ്ത്രീ ആഭരണം ധരിച്ചാൽ പ്രയോജനമുണ്ടാകാത്തതിനാൽ ദൈവമക്കൾ ആഭരണം ധരിക്കരുത്, അതുകൊണ്ട് പ്രയോജനമുണ്ടാകയില്ല എന്നു പറയുമ്പോൾ ദൈവമക്കൾ ജാരന്മാരെ ആകർഷിക്കാനാഗ്രഹിക്കുകയും എന്നാൽ വാസ്തവത്തിൽ അവരാൽ വെറുക്കപ്പെടുകയും ചെയ്യുന്ന ഒരു സ്ത്രീയുടെ സ്ഥാനത്താണ് നിൽക്കുന്നത് എന്നല്ലേ അർത്ഥം വരിക? ഇതാണോ പുതിയനിയമ വിശ്വാസികളുടെ നില?

യിരമ്യാവ് 4-ാം അദ്ധ്യായത്തിന്റെ ആരംഭത്തിൽ "യിസ്രായേലേ നീ മനം തിരിയുമെങ്കിൽ എന്റെ അടുക്കലേക്കു മടങ്ങി വന്നുകൊൾക എന്നു യഹോവയുടെ അരുളപ്പാട്; നിന്റെ മ്ലേച്ഛവിഗ്രഹങ്ങളെ എന്റെ മുമ്പിൽനിന്നു നീക്കിക്കളയുമെങ്കിൽ നീ അലഞ്ഞു നടക്കേണ്ടിവരികയില്ല" എന്നു നാം വായിക്കുന്നു. തുടർന്നുള്ള വാക്യങ്ങളിലെ പ്രതിപാദ്യവിഷയം, യിസ്രായേൽ

അവരുടെ പാപം നിമിത്തം കഠിനമായി ശിക്ഷിക്കപ്പെടുമെന്നും അവർ വലിയ കഷ്ടതയും അപമാനവും സഹിക്കേണ്ടിവരുമെന്നും ഉള്ളതാണ്. ശിക്ഷാവിധിയുടെ ഭാഗമായി ഉദ്യാനം മരുഭൂമിയായിത്തീരുകയും പട്ടണം ഇടിഞ്ഞുപോകയും ദേശം ശൂന്യമായിത്തീരുകയും ഭൂമി വിലപിക്കുകയും ചെയ്യുമെന്ന് 26-28 വാക്യങ്ങളിൽ കാണുന്നു. 30-ാം വാക്യത്തിൽ, യിസ്രായേൽ നയിച്ച മ്ലേച്ഛജീവിതത്തിന്റെ പശ്ചാത്തലത്തിൽ അവരെ അസാന്മാർഗ്ഗിക ജീവിതം നയിക്കുന്ന ഒരു സ്ത്രീയായി ചിത്രീകരിച്ചുകൊണ്ട് ദൈവം അരുളിച്ചെയ്ത വാക്കുകളിലാണ്, ''പൊന്നാഭരണം അണിഞ്ഞാലും''എന്ന പദപ്രയോഗം നാം കാണുന്നത്.

പൊന്നാഭരണം അണിയുകയും കണ്ണിൽ മഷിയെഴുതുകയും വളരെ വിശേഷപ്പെട്ട വസ്ത്രം ധരിക്കുകയും ഒക്കെ ചെയ്തു പരമസുന്ദരിയായിത്തീർന്നിട്ടും ജാരന്മാരെ ആകർഷിക്കുന്നതിൽ പരാജയപ്പെടുകയും അവരാൽ വെറുക്കപ്പെടുകയും ചെയ്യുന്ന ഒരു സ്ത്രീയെപ്പോലെ യിസ്രായേൽ ആയിത്തീരും എന്നാണ് വാക്യം വ്യക്തമാക്കുന്നത്. ചുരക്കത്തിൽ തങ്ങളുടെ പാപം നിമിത്തം സകലരാലും ത്യജിക്കപ്പെടുന്ന ഒരവസ്ഥയിൽ യിസ്രായേൽ എത്തിച്ചേരും എന്നാണ് ഇവിടെ പറയുന്നത്. ആരെങ്കിലും ആഭരണം ധരിക്കുന്നത് ശരിയോ തെറ്റോ എന്ന വിഷയം ഇവിടെ പരാമർശിച്ചിട്ടില്ല.

# ആഭരണധാരണം:
## ബൈബിൾ എന്തു പറയുന്നു ?

6

പ്രൊഫ. ടി. ജോൺമാത്യു, മണ്ണുത്തി

### ‘രക്ഷിപ്പാൻ കഴികയില്ല’

“യഹോവയുടെ ക്രോധദിവസത്തിൽ അവരുടെ വെള്ളിക്കും പൊന്നിനും അവരെ രക്ഷിപ്പാൻ കഴികയില്ല. സർവ്വഭൂമിയും അവന്റെ തീക്ഷണതാഗ്നിക്കു ഇരയായിത്തീരും” എന്നു സെഫന്യാവ് 1:18 ൽ നാം കാണുന്നു. ആഭരണവർജ്ജനോപദേശത്തിനു വചനത്തിൽ അടിസ്ഥാനമുണ്ടെന്നു ചൂണ്ടിക്കാണിക്കാൻ ഉപയോഗിക്കപ്പെടുന്ന, പഴയനിയമത്തിലെ മറ്റൊരു വേദഭാഗമാണിത്. യിസ്രായേലോ പുതിയനിയമവിശ്വാസികളോ ആഭരണവർജ്ജനം പാലിക്കണമെന്ന ആശയം ഇതിലുണ്ടോ എന്നു നമുക്കു പരിശോധിച്ചുനോക്കാം.

“ഞാൻ ഭൂതലത്തിൽനിന്നും സകലത്തേയും സംഹരിച്ചുകളയും എന്നു യഹോവയുടെ അരുളപ്പാട്. ഞാൻ മനുഷ്യരെയും മൃഗങ്ങളെയും സംഹരിക്കും; ഞാൻ ആകാശത്തിലെ പറവജാതിയെയും സമുദ്രത്തിലെ മത്സ്യങ്ങളെയും ദുഷ്ടന്മാരോടുകൂടെ ഇടർച്ചകളെയും സംഹരിക്കും; ഞാൻ ഭൂതലത്തിൽനിന്നു മനുഷ്യനെ ഛേദിച്ചുകളയും എന്നു യഹോവയുടെ അരുളപ്പാട്” (സെഫ.1:2 -3) എന്നു പ്രസ്താവിച്ച ശേഷം മനുഷ്യരുടെ ദുഷ്ടതയും അതു നിമിത്തം അവരുടെ മേൽ വരാൻപോകുന്ന ഭയങ്കരമായ ന്യായവിധിയും സെഫന്യാ പ്രവാചകൻ വിവരിക്കുന്നു.

ഒന്നാമദ്ധ്യായത്തിലെ ആ വിവരണത്തിന്റെ അവസാനഭാഗത്താണ് “വെള്ളിക്കും പൊന്നിനും അവരെ രക്ഷിപ്പാൻ കഴികയില്ല” എന്നു നാം വായിക്കുന്നത്. ഏറ്റവും വിലയുള്ള ലോഹങ്ങളായിട്ടാണ് വെള്ളിയും പൊന്നും പുരാതനകാലം മുതൽ പരിഗണിക്കപ്പെട്ടു വന്നിട്ടുള്ളത്. അതിനാൽ വിലയുള്ള നാണയങ്ങൾ ഉണ്ടാക്കുന്നതിനായി ഈ ലോഹങ്ങൾ ഉപയോഗിക്കുക പതിവായിരുന്നു. യേശുവിനെ ഒറ്റിക്കൊടുത്തതിനു പ്രതിഫലമായി യൂദാ വാങ്ങിയത് മുപ്പതു വെള്ളിക്കാശായിരുന്നു എന്നതു തെളിയിക്കുന്ന ഒരു കാര്യം, വെള്ളിനാണയങ്ങൾ അക്കാലത്തു വളരെ പ്രചാരത്തിലിരുന്നു എന്നാണ്.

വളരെയധികം പണമുണ്ടായിരുന്നവർ നാണയങ്ങളായും അല്ലാതെയും സ്വർണ്ണവും വെള്ളിയും കൈവശം വയ്ക്കുവാൻ താല്പര്യപ്പെട്ടിരുന്നു (അബ്രഹാമിനു വളരെയധികം പൊന്നും വെള്ളിയും ഉണ്ടായിരുന്നുവെന്നു ഉല്പ. 24:35 ൽ പറഞ്ഞിരിക്കുന്നതു പ്രത്യേകം ശ്രദ്ധിക്കുക) അതിനാൽ സ്വർണ്ണവും വെള്ളിയും എന്ന പദപ്രയോഗം പണം എന്ന അർത്ഥത്തിലാണ് വചനത്തിൽ

പലയിടത്തും ഉപയോഗിച്ചിരിക്കുന്നത്. ‘‘വെള്ളിയും പൊന്നും എനിക്കില്ല’’ (അപ്പോ.പ്രവൃ.3:6) എന്നു പത്രൊസ് പറഞ്ഞതും ഇതേ അർത്ഥത്തിലായിരുന്നു.

സർവഭൂമിമേലും ദൈവത്തിന്റെ ന്യായവിധി വരും; മനുഷ്യരുടെ വെള്ളിയും പൊന്നും അവരെ രക്ഷിക്കുകയില്ല എന്ന സെഫ. 1:18 ൽ പറഞ്ഞിരിക്കുന്നതിന്റെ ആശയം, പണത്തിന്റെ സ്വാധീനം ഉപയോഗിച്ച് ദൈവത്തിന്റെ ന്യായവിധിയിൽനിന്നു രക്ഷ നേടുവാൻ ആർക്കും കഴികയില്ല എന്നാണ്. ആളുകൾക്ക് പൊതുവെയുള്ള ധാരണ പണമുണ്ടെങ്കിൽ എന്തും സാധിക്കുമെന്നാണല്ലോ; എന്നാൽ ദൈവം ന്യായവിധി നടത്തുന്ന നാളിൽ എത്ര പണം (വെള്ളിയും പൊന്നും) ചെലവാക്കിയാലും ഒരു പ്രയോജനവുമുണ്ടാകയില്ല; ദൈവത്തിന്റെ ശിക്ഷാവിധിയിൽ നിന്നു മനുഷ്യർക്കു രക്ഷ നൽകുവാൻ അവരുടെ പണത്തിനു കഴികയില്ല എന്നാണ് പ്രവാചകൻ മുഖാന്തരം ദൈവം ഇവിടെ അരുളിച്ചെയ്തിരിക്കുന്നത്.

‘വെള്ളിയും പൊന്നും’ എന്നു പറഞ്ഞിരിക്കുന്നത് ആഭരണങ്ങൾ എന്ന അർത്ഥത്തിൽ പോലുമല്ലാതിരിക്കെ ഈ വാക്യത്തിൽ ആഭരണവർജ്ജനോപദേശത്തിനു അടിസ്ഥാനം കണ്ടെത്തുവാൻ എങ്ങനെ കഴിയും? ആഭരണം എന്ന അർത്ഥം ‘വെള്ളിക്കും പൊന്നിനും’ കൊടുത്താൽ തന്നെയും ദൈവമക്കൾ ആഭരണം ഉപേക്ഷിക്കണമെന്ന ആശയം ഇവിടെ ഉണ്ടാകയില്ല എന്നതാണ് രസകരമായ മറ്റൊരു കാര്യം; കാരണം ദൈവത്തിന്റെ ന്യായവിധി വരുമ്പോൾ മനുഷ്യരുടെ ആഭരണങ്ങൾ അവരെ ന്യായവിധിയിൽനിന്നു വിടുവിക്കുകയില്ല എന്നു മാത്രമേ അപ്പോഴും വാചകത്തിനു അർത്ഥം വരികയുള്ളൂ. ഒരാളിന്റെ ആഭരണങ്ങൾ അയാളെ ശിക്ഷാവിധിയിൽ നിന്നു വിടുവിക്കുവാൻ പര്യാപ്തമല്ലെന്നു പറഞ്ഞാൽ അയാൾ ആഭരണം ധരിക്കുന്നത് തെറ്റാണെന്നു അർത്ഥം വരുമോ?

വെള്ളം കുടിക്കുന്നത് വിശപ്പ് മാറ്റുവാൻ പര്യാപ്തമല്ലെന്നു പറഞ്ഞാൽ വെള്ളം കുടിക്കുന്നത് തെറ്റാണെന്നു അർത്ഥമെടുക്കാൻ സാധിക്കയില്ലല്ലോ; എങ്കിൽ പൊന്നും വെള്ളിയും ന്യായവിധിയിൽ നിന്നു രക്ഷിക്കയില്ലെന്നു പറഞ്ഞാൽ പൊന്നും വെള്ളിയും ഉപയോഗിക്കുന്നത് തെറ്റാണെന്നു അർത്ഥമെടുക്കുക സാധ്യമല്ല. ആഭരണവർജ്ജനം എന്ന ആശയം ഒട്ടുമേ ഇല്ലാത്ത ഈ വേദഭാഗം ചിലർ ഉദ്ധരിച്ചുകൊണ്ട് ആ ഉപദേശം സാധൂകരിക്കാൻ നടത്തുന്ന പരിശ്രമം പരമദയനീയം തന്നെ! വചനം ശ്രദ്ധിച്ചു വായിക്കുന്നവർക്ക് അവർ നടത്തുന്ന വ്യാഖ്യാനം തികച്ചും തെറ്റാണെന്നു മനസ്സിലാക്കുവാൻ യാതൊരു പ്രയാസവുമുണ്ടാകയില്ല.

ആഭരണവർജ്ജനോപദേശത്തിനു വചനത്തിൽ അടിസ്ഥാനമുണ്ടെന്നു വാദിക്കുന്നവർ സാധാരണ ഉദ്ധരിക്കാറുള്ള പഴയനിയമ ഭാഗങ്ങളിൽ പ്രധാനപ്പെട്ടവ എല്ലാം തന്നെ നാം പരിശോധിച്ചുകഴിഞ്ഞു.

അവയുടെ അടിസ്ഥാനത്തിൽ ദൈവമക്കൾ ആഭരണമുപേക്ഷിക്കണമെന്നു ഉപദേശിക്കുന്നത് വെറും തെറ്റിദ്ധാരണകൾ നിമിത്തമാണെന്നും, യിസ്രാ യേൽജനം ആഭരണവർജ്ജനം എന്നൊരു ഉപദേശത്തെക്കുറിച്ച് അറിയുക പോലും ചെയ്തിട്ടില്ലെന്നും വ്യക്തമായിരിക്കയാണ്. ഇനി ഈ വിഷയത്തോടു ള്ള ബന്ധത്തിൽ സാധാരണ പരാമർശിക്കപ്പെടാറുള്ള പുതിയനിയമ ഭാഗ ങ്ങളിലേക്കു നമുക്കു കടക്കാം.

# ആഭരണധാരണം:
## ബൈബിൾ എന്തു പറയുന്നു ?

7

പ്രൊഫ. ടി. ജോൺമാത്യു, മണ്ണുത്തി

### 'പൊന്നും വെള്ളിയും കറ പിടിച്ചു'

"നിങ്ങളുടെ പൊന്നും വെള്ളിയും കറ പിടിച്ചു; ആ കറ നിങ്ങളുടെ നേരെ സാക്ഷിയാകും; അതു തീ പോലെ നിങ്ങളുടെ ജഡത്തെ തിന്നു കളയും" എന്നു യാക്കോബ് 5:3 ൽ നാം വായിക്കുന്നു.

"അല്ലയോ ധനവാന്മാരേ, നിങ്ങളുടെ മേൽ വരുന്ന ദുരിതങ്ങൾ നിമിത്തം കരഞ്ഞു മുറയിടുവിൻ. നിങ്ങളുടെ ധനം ദ്രവിച്ചും ഉടുപ്പു പുഴുവരിച്ചും പോയി" എന്നു പറഞ്ഞിട്ടാണ് പൊന്നിനും വെള്ളിക്കും കറ പിടിക്കുന്ന കാര്യം പറഞ്ഞിരിക്കുന്നത്. അതു പറഞ്ഞതിനുശേഷം 4-ാം വാക്യത്തിൽ "നിങ്ങളുടെ നിലങ്ങളെ കൊയ്ത വേലക്കാരുടെ കൂലി നിങ്ങൾ പിടിച്ചുവല്ലോ" എന്നു കാണുന്നു. അപ്പൊ. പ്രവൃ. 3:6 ലും സെഫന്യാവ് 1:18 ലും കാണുന്നതുപോലെ ഇവിടെയും പൊന്നും വെള്ളിയും എന്ന പദപ്രയോഗം പണം എന്ന അർത്ഥത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്. ധനവാന്മാർ തങ്ങളുടെ വേലക്കാർക്ക് ന്യായമായ കൂലി കൊടുക്കാതെ ആവോളം ധനം സമ്പാദിച്ചു സ്വരൂപിച്ചു വയ്ക്കുകയും ദൈവഹിതപ്രകാരം അതു ചെലവാക്കാതിരിക്കുകയും ചെയ്യുന്ന അവസ്ഥയെക്കുറിച്ചാണിവിടെ പറയുന്നത്.

നാം മറ്റുള്ളവർക്ക് കൊടുക്കേണ്ടത് കൊടുക്കാതിരിക്കുന്നത് ദൈവമുമ്പാകെ ശിക്ഷാർഹമാണെന്നും നമ്മുടെ പക്കലുള്ള പണം (പൊന്നും വെള്ളിയും) ഉപയോഗിക്കേണ്ട വിധത്തിൽ ഉപയോഗിച്ചില്ലെങ്കിൽ, ആ പണം ന്യായവിസ്താരദിവസം നമുക്കെതിരെ സാക്ഷ്യം പറയും എന്നുമാണ് ഈ വാക്യങ്ങളുടെ ആശയം. ലോഹനിർമ്മിത വസ്തുക്കൾ ഉപയോഗിക്കാതിരുന്നാൽ അവയിന്മേൽ തുരുമ്പ്, ക്ലാവ്, കറ ഇവയൊക്കെ ഉണ്ടാകും. നാം പണം കൊടുക്കേണ്ടവർക്കു കൊടുക്കാതെ അവ സ്വരൂപിച്ചുവച്ചു നമ്മുടെ നിക്ഷേപം വർദ്ധിപ്പിച്ചു കൊണ്ടിരുന്നാൽ ഉപയോഗമില്ലായ്മ നിമിത്തം നമ്മുടെ നാണയത്തുട്ടുകളിന്മേലുണ്ടാകുന്ന കറ ന്യായവിസ്താരനാളിൽ നമുക്കെതിരെ സാക്ഷ്യം പറയാനിടയാകും; അഥവാ മറ്റുള്ളവരെ ചൂഷണം ചെയ്ത് നിക്ഷേപം സ്വരൂപിച്ചാൽ ഒടുവിൽ ദൈവത്തിൽ നിന്നു നാം ശിക്ഷ വാങ്ങാനിടയാകും എന്നാണ് വാക്യങ്ങളുടെ അർത്ഥം.

ചുരുക്കത്തിൽ, നാം ഭദ്രമായി സൂക്ഷിച്ച് ആർക്കും കൊടുക്കാതെ വയ്ക്കുന്ന നമ്മുടെ ധനം ന്യായവിസ്താരനാളിൽ നമ്മുടെ തെറ്റുകൾ വെളി

പ്പെടുത്തും എന്ന ആശയം മാത്രമാണ് ഇവിടെയുള്ളത്. പൊന്നിനോടും വെള്ളിയോടും ചേർത്ത് വേലക്കാരുടെ കൂലിയെപ്പറ്റി പരാമർശിച്ചിരിക്കുന്നതിൽ നിന്ന് പണം കൈകാര്യം ചെയ്യുന്ന രീതിയാണ് ഇവിടത്തെ ചിന്താവിഷയമെന്നു സ്പഷ്ടമാണ്. ആഭരണങ്ങൾ എന്ന അർത്ഥത്തിലല്ല, പണം എന്ന അർത്ഥത്തിൽ മാത്രമാണ് പൊന്നിനെക്കുറിച്ചും വെള്ളിയെക്കുറിച്ചും ഇവിടെ പറഞ്ഞിരിക്കുന്നതെന്നു സന്ദർഭം വ്യക്തമാക്കുന്നു. അതിനാൽ ആഭരണവർജ്ജനോപദേശത്തെ യാതൊരു വിധത്തിലും ശരിവയ്ക്കുന്ന ഒരു വേദഭാഗമായി ഇതിരിക്കുന്നില്ല; ആഭരണം ധരിക്കയോ ധരിക്കാതിരിക്കയോ ചെയ്യുന്ന കാര്യം ഇവിടെ വിഷയമേ അല്ല.

# ആഭരണധാരണം:
## ബൈബിൾ എന്തു പറയുന്നു ?

8

പ്രൊഫ. ടി. ജോൺമാത്യു, മണ്ണുത്തി

### 'അഴിഞ്ഞു പോകുന്ന വസ്തുക്കൾ'

''വ്യർത്ഥവും പിതൃപാരമ്പര്യവുമായുള്ള നിങ്ങളുടെ നടപ്പിൽ നിന്നു നിങ്ങളെ വീണ്ടെടുത്തിരിക്കുന്നത് പൊന്ന് വെള്ളി മുതലായ അഴിഞ്ഞു പോകുന്ന വസ്തുക്കളെക്കൊണ്ടല്ല, ക്രിസ്തു എന്ന നിർദ്ദോഷവും നിഷ്കളങ്കവുമായ കുഞ്ഞാടിന്റെ വിലയേറിയ രക്തം കൊണ്ടത്രേ എന്നു നിങ്ങൾ അറിയുന്നുവല്ലോ'' (1 പത്രൊസ്1:18-19) എന്ന വാക്യം വായിച്ചിട്ട് ചിലർ പറയുന്നത്, ദൈവമക്കൾ പൊന്നും വെള്ളിയും ധരിക്കുന്നത് ശരിയല്ലെന്നു ഈ വാക്യത്തിൽ നിന്നു മനസ്സിലാക്കാമെന്നാണ്. അങ്ങനെ മനസ്സിലാക്കാൻ കഴിയുമോ എന്നും അങ്ങനെയാണോ നാം മനസ്സിലാക്കേണ്ടത് എന്നും നമുക്കൊന്നു പരിശോധിച്ചുനോക്കാം.

നാം വീണ്ടെടുക്കപ്പെട്ടിരിക്കുന്നത് എന്തു മുഖാന്തരമല്ലെന്നും എന്തു മുഖാന്തരമാണെന്നും ഈ വാക്യങ്ങളിൽ പറഞ്ഞിരിക്കുന്നു. വില കൊടുത്തു നമുക്കു വാങ്ങാൻ കഴിയുന്ന തരത്തിൽ വില നിർണ്ണയിക്കാവുന്ന ഒന്നല്ല നമ്മുടെ വീണ്ടടുപ്പ്; പിന്നെയോ നാം എത്ര വില കൊടുത്താലും വാങ്ങാൻ കഴിയാത്ത വിധത്തിൽ വില തീരാത്ത ഒന്നാണത് എന്ന കാര്യം ഇവിടെ പത്രൊസ് അപ്പൊസ്തലൻ ഊന്നിപ്പറയുകയാണ് ചെയ്തിരിക്കുന്നത്. അഴിഞ്ഞ് (നശിച്ച്) പോകുന്നവയെങ്കിലും ലോകത്തിൽ വച്ച് ഏറ്റവും വിലയുള്ളവയായി മനുഷ്യർ പരിഗണിച്ചിട്ടുള്ള വസ്തുക്കളാണ് വെള്ളിയും പൊന്നും. വളരെ വിലയേറിയ ഈ വസ്തുക്കളെ കൊണ്ടു പോലും നമ്മുടെ വീണ്ടെടുപ്പിന്റെ വില കൊടുത്തു തീർക്കാൻ സാധിക്കുകയില്ല എന്നു പറഞ്ഞതിനുശേഷം കുഞ്ഞാടിന്റെ (യേശുക്രിസ്തുവിന്റെ) രക്തം ഒന്നു മാത്രമാണ് അത് സാധ്യമാക്കി ത്തീർക്കുന്നത് എന്നു പറഞ്ഞിരിക്കുന്നു.

ഇതിനർത്ഥം വില നിർണ്ണയിക്കാൻ കഴിയുന്ന യാതൊന്നിനാലും അല്ല, പിന്നെയോ വില തീരാത്ത ഒന്നിനാൽ-യേശുവിന്റെ രക്തത്താൽ-മാത്രമാണ് നമ്മുടെ വീണ്ടെടുപ്പ് സാധിച്ചിരിക്കുന്നത് എന്നാണ്. നമ്മുടെ വീണ്ടെടുപ്പിന്റെ വില ആർക്കും ഒരുനാളും നിർണ്ണയിക്കാൻ കഴിയുന്നതല്ല എന്ന സത്യത്തിലേക്ക് വിരൽ ചൂണ്ടുകയാണ് അപ്പൊസ്തലൻ ചെയ്തിരിക്കുന്നത്; നാം എന്തു ധരിക്കണം എന്തു ധരിക്കരുത് എന്ന കാര്യമൊന്നും ഇവിടെ പരാമർശിക്കപ്പെട്ടിട്ടില്ല. നമ്മുടെ വീണ്ടെടുപ്പിന്റെ മുഖാന്തരം പൊന്നും വെള്ളിയുമല്ല എന്നു പറഞ്ഞാൽ പൊന്നും വെള്ളിയും നാം ധരിക്കുന്നത് തെറ്റാണ് എന്നു

അർത്ഥം വരുമെങ്കിൽ നമ്മുടെ വീണ്ടെടുപ്പിന്റെ മുഖാന്തരം നമ്മുടെ സൽപ്രവൃത്തികളല്ല എന്നു പറയുന്നതിൽ നിന്ന് നാം സൽപ്രവൃത്തികളൊന്നും ചെയ്യാൻ പാടില്ല എന്നും അർത്ഥമെടുക്കണം. നമ്മുടെ രക്ഷയുടെ മുഖാന്തരം യാതൊരു പ്രവൃത്തിയുമല്ല എന്നു എഫെസ്യർ 2:8–9 വാക്യങ്ങളിൽ പറയുന്നതിനാൽ അതിന്റെ അടിസ്ഥാനത്തിൽ നാം യാതൊരു പ്രവൃത്തിയും ചെയ്യാൻ പാടില്ല എന്നും പറയേണ്ടതാണ്. എന്നാൽ അങ്ങനെ പറയാൻ ആരും മുതിരുന്നില്ല.

അപ്പോൾ പിന്നെ, നമ്മെ വീണ്ടെടുത്തത് പൊന്നും വെള്ളിയും കൊണ്ടല്ല എന്ന വാക്യത്തിൽ നിന്ന് പൊന്നും വെള്ളിയും നാം ഉപയോഗിക്കരുതെന്നു പറയാൻ എന്താണ് ന്യായം? നമ്മുടെ വീണ്ടെടുപ്പിന്റെ മുഖാന്തരം പൊന്നല്ല എന്നു പറഞ്ഞാൽ നാം പൊന്നു ധരിക്കരുതെന്ന് അർത്ഥമുണ്ടെന്നു ചിന്തിക്കുന്നവർ, നമ്മുടെ വീണ്ടെടുപ്പിന്റെ മുഖാന്തരം പണമല്ല എന്ന സത്യത്തിന്റെ അടിസ്ഥാനത്തിൽ പണം വർജ്ജിക്കണമെന്നു എന്തുകൊണ്ടു ഉപദേശിക്കുന്നില്ല? പാപമോചനത്തിന്റെയും രക്ഷയുടെയും മുഖാന്തരം ഇന്നതല്ല, പിന്നെയോ ഇന്നതാണെന്നു പറയുന്നതിൽ നിന്ന്, നാം ശരീരത്തിൽ ധരിക്കേണ്ടത് ഇന്നതാണെന്നോ, ഇന്നതല്ലെന്നോ എങ്ങനെ അർത്ഥമെടുക്കാനൊക്കും? നാം ധരിക്കേണ്ടതും ധരിക്കാൻ പാടില്ലാത്തതും മനസ്സിലാക്കുന്നതിന് ആ വിഷയം പരാമർശിക്കുന്ന വേദഭാഗങ്ങളാണ് അടിസ്ഥാനമായി എടുക്കേണ്ടത്; വീണ്ടെടുപ്പിനെക്കുറിച്ചു പറയുന്ന വാക്യങ്ങളല്ല.

സത്യത്തോടു സ്നേഹമോ യുക്തിബോധമോ അശേഷം പ്രകടിപ്പിക്കാത്ത ചിലയാളുകളാണ് 1 പത്രൊസ് 1:18–19 ൽ ആഭരണവർജ്ജനോപദേശത്തിന് അടിസ്ഥാനം കണ്ടെത്താൻ ശ്രമിക്കുന്നത്; തങ്ങളുടെ ചിന്താഗതിയിൽ അന്തർഭവിച്ചിട്ടുള്ള നിരവധി അബദ്ധങ്ങളെപ്പറ്റി അവർ ഒട്ടും ചിന്തിക്കുന്നില്ല എന്നത് കഷ്ടം തന്നെയാണ്. നമ്മുടെ വീണ്ടെടുപ്പിന്റെ മുഖാന്തരം എന്തല്ലയോ അതു നാം ധരിക്കരുത് എങ്കിൽ നമ്മുടെ വീണ്ടെടുപ്പിന്റെ മുഖാന്തരം എന്താണോ അതു നാം ധരിക്കണം എന്നല്ലേ അർത്ഥം വരിക? അപ്പോൾ അവരുടെ ചിന്താഗതിയനുസരിച്ച് നാം വെള്ളിയും പൊന്നും ധരിക്കാതിരിക്കയും കുഞ്ഞാടിന്റെ (യേശുവിന്റെ) രക്തം (നമ്മുടെ വീണ്ടെടുപ്പിന്റെ മുഖാന്തരം) അക്ഷരാർത്ഥത്തിൽ ധരിച്ചുകൊണ്ട് നടക്കയും വേണം.

എന്നാൽ ഈ വേദഭാഗത്തിന്റെ അടിസ്ഥാനത്തിൽ ആഭരണം ഉപേക്ഷിക്കണമെന്നു ഉപദേശിക്കുന്നവർ അതുപേക്ഷിച്ചിട്ട് യേശുവിന്റെ രക്തം ഇപ്രകാരം ശരീരത്തിൽ (ആഭരണത്തിന്റെ സ്ഥാനത്ത്) ധരിച്ചുകൊണ്ടാണോ നടക്കുന്നത്? അല്ലല്ലോ; അവർ വാക്യത്തിന്റെ ആരംഭത്തിൽ സ്വീകരിക്കുന്ന വേദവ്യാഖ്യാനതത്ത്വം അവസാനഭാഗത്തു വരുമ്പോൾ അവർ തന്നെ നിഷേധിക്കുന്നു! മറ്റൊരു കാര്യം, വെള്ളിയും പൊന്നും ധരിക്കരുത് എന്ന് ഈ വേദഭാഗത്തു നിന്നു അർത്ഥമെടുത്താൽ തന്നെയും ആഭരണം ധരിക്കരുതെന്ന അർത്ഥമല്ല,

പിന്നെയോ വെള്ളി നാണയത്തുട്ടുകളും സ്വർണ്ണ നാണയത്തുട്ടുകളും ധരിക്കരുത് എന്ന അർത്ഥമേ കിട്ടുകയുള്ളൂ; കാരണം വെള്ളിയും പൊന്നും എന്ന് ഇവിടെ പറഞ്ഞിരിക്കുന്നത് പണം എന്ന അർത്ഥത്തിലാണ് എന്നു നാം നേരത്തെ കണ്ടു കഴിഞ്ഞു. ദൈവവചനം നേരെ ചൊവ്വെ വായിച്ചു മനസ്സിലാക്കി അതിൽ പറഞ്ഞിരിക്കുന്നത് ഗ്രഹിക്കാതെ, അതിൽ ഇല്ലാത്തത് കണ്ടെത്താൻ ശ്രമിച്ചാൽ നാം ചെന്നു ചാടുന്ന അബദ്ധങ്ങൾ നിരവധിയായിരിക്കുമെന്നാണ് ഇതെല്ലാം വ്യക്തമാക്കുന്നത്.

# ആഭരണധാരണം:
## ബൈബിൾ എന്തു പറയുന്നു ?

9

പ്രൊഫ. ടി. ജോൺമാത്യു, മണ്ണുത്തി

### 'വെള്ളിയും പൊന്നും എനിക്കില്ല'

"വെള്ളിയും പൊന്നും എനിക്കില്ല; എനിക്കുള്ളത് നിനക്കു തരുന്നു" (അപ്പൊ.പ്രവൃ.3:6) എന്ന് മുടന്തനായിരുന്ന മനുഷ്യനോട് പത്രൊസ് പറഞ്ഞു. ഈ വാക്യത്തിന്റെ അടിസ്ഥാനത്തിൽ, "നോക്കുക, പത്രൊസിന് സ്വർണ്ണമല്ല, വെള്ളി പോലുമുണ്ടായിരുന്നില്ല; ദൈവമക്കളേ, അപ്പോൾ നാം സ്വർണ്ണം ധരിക്കുന്നത് ശരിയാണോ?" എന്നു ചോദിക്കുന്നവർ ക്രിസ്തീയ ലോകത്തുണ്ടെന്നാണ് കേൾക്കുന്നത്. അതിനാൽ ഈ വേദഭാഗവും ഇവിടെ പരിശോധനാ വിഷയമാക്കുകയാണ്.

അപ്പൊ.പ്രവൃ.3:1-10 വരെ വാക്യങ്ങൾ വായിക്കുമ്പോഴാണ് നടന്ന സംഭവം എന്തായിരുന്നുവെന്നും പത്രൊസ് പറഞ്ഞത് എന്തായിരുന്നുവെന്നും നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത്. മുടന്തനായിരുന്ന ആൾ ഭിക്ഷ യാചിക്കുവാൻ സുന്ദരം എന്ന ദൈവാലയഗോപുരത്തിങ്കൽ ഇരിക്കുക പതിവായിരുന്നു എന്നു 2-ാം വാക്യത്തിൽ കാണുന്നു. പത്രോസിനോടും യോഹന്നാനോടും അവൻ ഭിക്ഷ യാചിക്കുകയാണ് ചെയ്തത് എന്ന് മൂന്നും നാലും വാക്യങ്ങളിൽ കാണുന്നു. അതിനു മറുപടിയായിട്ടാണ് "വെള്ളിയും പൊന്നും എനിക്കില്ല" എന്നു പത്രൊസ് പറഞ്ഞതെന്ന് 5-ാം വാക്യത്തിൽ നാം വായിക്കുന്നു. **മുടന്തൻ ഭിക്ഷ ചോദിച്ചത് നാണയത്തുട്ടുകളായിരുന്നു എന്നതിനു സംശയമില്ല. അവൻ പ്രതീക്ഷിച്ച വെള്ളിനാണയങ്ങളോ പൊൻനാണയങ്ങളോ ഒന്നും തന്റെ പക്കലില്ല എന്നാണ് പത്രൊസ് പറഞ്ഞത്.**

മാലയോ മോതിരമോ ഒന്നും തന്റെ പക്കലില്ല എന്നല്ല പത്രൊസിന്റെ വാക്കുകളുടെ അർത്ഥം. അങ്ങനെ അർത്ഥമെടുത്താൽ, ഒരു ഭിക്ഷക്കാരൻ മറ്റുള്ളവരിൽ നിന്നു ലഭിക്കാൻ പ്രതീക്ഷിക്കുന്നത് നാണയത്തുട്ടുകളല്ല, പിന്നെയോ മാലയും വളയും മോതിരവുമൊക്കെയാണ് എന്നു പറയേണ്ടി വരും. അങ്ങനെ പറയാൻ ആരും ഒരുമ്പെടുകയില്ലല്ലോ.

പണ്ടുകാലത്ത് വെള്ളിയും പൊന്നും ശേക്കെൽ കണക്കിനും താലന്ത് കണക്കിനും കൈമാറ്റം ചെയ്തുകൊണ്ടാണ് പണം എന്ന നിലയിൽ അവ ഉപയോഗിച്ചിരുന്നതെന്ന് ഉല്പത്തി 23:15; 1 രാജാ. 9: 28 എന്നീ വാക്യങ്ങൾ വ്യക്തമാക്കുന്നു. അവ കൊണ്ടുണ്ടാക്കിയ നാണയങ്ങളും കൊടുക്കൽ വാങ്ങലിനായി ഉപയോഗിക്കുക പതിവായിരുന്നു എന്നു ചരിത്രവും ദൈവവചനവും

സാക്ഷിക്കുന്നുണ്ട്. ഉല്പത്തി 20:16 ൽ ആയിരം വെള്ളിക്കാശിന്റെ കാര്യവും, ഇയ്യോബ് 42: 11 ൽ പൊൻനാണയത്തിന്റെ കാര്യവും, സങ്കീ. 119: 72 ൽ പൊൻ വെള്ളിനാണയങ്ങളുടെ കാര്യവും, യോഹ. 12: 5 ൽ മുന്നൂറു വെള്ളിക്കാശിന്റെ കാര്യവും, മത്തായി 10: 9 ൽ മടിശ്ശീലയിലെ പൊന്നിന്റെയും വെള്ളിയുടെയും ചെമ്പിന്റെയും കാര്യവും ഒക്കെ പറഞ്ഞിരിക്കുന്നതിൽനിന്നു തെളിയുന്നത്, പുരാതനകാലത്ത് വെള്ളിനാണയങ്ങളും സ്വർണ്ണനാണയങ്ങളും ധാരാളമായി പ്രചാരത്തിലിരുന്നുവെന്നാണ്.

ഇതെല്ലാം ചൂണ്ടിക്കാണിക്കുന്നത്, തന്നിൽ നിന്നു ഭിക്ഷ ലഭിക്കണമെന്നു പ്രതീക്ഷിച്ച മുടന്തനോട് ''വെള്ളിയും പൊന്നും എനിക്കില്ല'' എന്നു പറഞ്ഞപ്പോൾ പത്രൊസ് അർത്ഥമാക്കിയത് തന്റെ പക്കൽ വെള്ളിനാണയങ്ങളോ പൊൻ നാണയങ്ങളോ ഒന്നും ഇല്ല എന്നായിരുന്നുവെന്നാണ്. അതിനാൽ ഈ വേദഭാഗത്തിന്റെ അടിസ്ഥാനത്തിൽ 'പത്രൊസിന് ആഭരണം ഒന്നും ഉണ്ടായിരുന്നില്ല, പത്രൊസിനെപ്പോലെ നാമും ആഭരണം ധരിക്കാതെ നടക്കണം' എന്നും മറ്റും പറയുവാൻ യാതൊരു ന്യായവുമില്ല. ഇവിടെ പരാമർശിച്ചിരിക്കുന്ന കാര്യം ആഭരണമില്ലായ്മയല്ല, പിന്നെയോ പണത്തിന്റെ ഇല്ലായ്മയാണ് എന്നു മനസ്സിലാക്കുവാൻ ഒരു വിഷമവുമില്ല; അതിനാൽ ഈ വേദഭാഗത്ത് ആഭരണവർജ്ജനോപദേശത്തിനനുകൂലമായി യാതൊന്നും ആരും പറഞ്ഞിട്ടില്ല എന്നു നാം മനസ്സിലാക്കണം.

പത്രൊസിനില്ലാത്തത് നമുക്കും ഉണ്ടായിരിക്കുവാൻ പാടില്ല എന്നു പറഞ്ഞുകൊണ്ട് അപ്പൊ.പ്രവൃ. 3:6 ന്റെ അടിസ്ഥാനത്തിൽ ആഭരണവർജ്ജനം ഉപദേശിച്ചിട്ടുള്ളവർ ഒരു കാര്യം ചെയ്യാൻ ബാദ്ധ്യസ്ഥരാണ്: തനിക്കില്ല എന്നു പത്രൊസ് പറഞ്ഞത് നമുക്കും ഉണ്ടായിരിക്കരുത് എന്നതാണല്ലോ അവരുടെ പ്രമാണം; എങ്കിൽ ഇക്കാര്യത്തിൽ അവർ സാധാരണ വിശ്വാസികൾക്ക് മാതൃക കാണിക്കണം. ഒരു ഭിക്ഷക്കാരനു കൊടുക്കാൻ വേണ്ട പണം പോലും പത്രൊസിനില്ലായിരുന്നു; അതിനാൽ ഈ ഉപദേഷ്ടാക്കന്മാർ രൂപാനോട്ടുകളെന്നല്ല, ഭിക്ഷ കൊടുക്കാൻ മതിയായ നാണയത്തുട്ടുകൾ പോലും ഒരിക്കലും കൈവശം വയ്ക്കാൻ പാടില്ല. അങ്ങനെ, പത്രൊസിനില്ലാതിരുന്നത് തങ്ങൾക്കും ഇല്ല എന്ന തത്ത്വം വാസ്തവമായി അവർ അനുഭവമാക്കണം; അത് ചെയ്ത് സമ്പൂർണ്ണമായ ധനവർജ്ജനം പാലിച്ചുകൊണ്ടു ജീവിക്കുന്നെങ്കിൽ മാത്രമേ പത്രൊസിനില്ലാത്തതു നമുക്കു പാടില്ലെന്നു മറ്റുള്ളവരോടു പറയുന്നതിനുള്ള ധാർമ്മിക അവകാശം അവർക്കുണ്ടാകുകയുള്ളൂ.

# ആഭരണധാരണം:
## ബൈബിൾ എന്തു പറയുന്നു ?

10

പ്രൊഫ. ടി. ജോൺമാത്യു, മണ്ണുത്തി

### ദൈവവചനത്തിലെ സ്ഥാനം

ആഭരണം, പണം എന്നിങ്ങനെ പ്രധാനമായി രണ്ടു നിലകളിൽ സ്വർണ്ണത്തിന്റെയും വെള്ളിയുടെയും ഉപയോഗം വചനത്തിൽ പരാമർശിക്കപ്പെട്ടിട്ടുണ്ടെന്നു മുൻ അദ്ധ്യായങ്ങളിൽ നാം കണ്ടു. മറ്റു പല വസ്തുക്കളെയുമപേക്ഷിച്ച് വളരെ ശ്രേഷ്ഠമായ സ്ഥാനം ഇവയ്ക്കു ദൈവവചനത്തിൽ നൽകപ്പെട്ടിരിക്കുന്നു എന്നതാണ് സത്യം. ഇവയുടെ വചനപ്രകാരമുള്ള ഉപയോഗം വ്യക്തമാക്കുന്ന ചില വസ്തുതകൾ ഈ അദ്ധ്യായത്തിൽ നമുക്കു പരിശോധിക്കാം.

### അബ്രഹാം ഉപയോഗിച്ച വിധം

ഉല്പത്തി 24:35 ൽ പറയുന്നത് അബ്രഹാം ദൈവത്താൽ അനുഗ്രഹിക്കപ്പെട്ട് മഹാനായിത്തീർന്നുവെന്നും ദൈവം അവന് ആട്, മാട്, പൊന്ന്, വെള്ളി, ദാസീദാസന്മാർ, ഒട്ടകങ്ങൾ, കഴുതകൾ എന്നീ വകയൊക്കെയും കൊടുത്തുവെന്നുമാണ്. ഇതു വ്യക്തമാക്കുന്നത്, പൊന്നും വെള്ളിയും സമ്പത്തിന്റെ (ധനത്തിന്റെ) ഒരു രൂപമായി അന്നു കരുതിയത് ദൈവഹിതപ്രകാരം തന്നെ ആയിരുന്നുവെന്നാണ്. തന്റെ മകന്റെ ഭാര്യയായി തന്റെ ഭവനത്തിലേക്കു വരുന്ന യുവതിക്കു നല്ല സ്വർണ്ണാഭരണങ്ങൾ ഉണ്ടായിരിക്കണമെന്ന് അബ്രഹാം ആഗ്രഹിച്ചതിന്റെയും എല്യേസർ വശം അവ സമ്മാനമായി കൊടുത്തയച്ചതിന്റെയും കാരണം അദ്ദേഹത്തിന്റെ ഭാര്യ സാറയും [മറ്റു കുടുംബാംഗങ്ങളും] ധാരാളം സ്വർണ്ണാഭരണങ്ങൾ ധരിച്ചിരുന്നു എന്നതാണ്.

സ്വർണ്ണം അണിയുവാൻ വിമുഖത പ്രകടിപ്പിച്ചാൽ അതു ദൈവഭക്തിയുടെ ലക്ഷണമായിരിക്കുമെന്ന ചിന്ത അബ്രഹാമിനോ അദ്ദേഹത്തിന്റെ ഭാര്യ സാറയ്ക്കോ മറ്റു കുടുംബാംഗങ്ങൾക്കോ ഉണ്ടായിരുന്നില്ല എന്ന് ഇത് സംശയലേശമെന്യേ തെളിയിക്കുന്നു. ആഭരണവർജ്ജനം എന്ന ഒരാശയം അവരുടെ മനസ്സിൽ ഉണ്ടായിട്ടേ ഇല്ല എന്നാണ് വചനത്തിൽ നിന്ന് വ്യക്തമാകുന്നത്.

### സന്തോഷത്തിന്റെ അടയാളം

സാധാരണയിൽ കവിഞ്ഞ സന്തോഷത്തിന്റെ അവസരങ്ങളിൽ ആവുന്നേടത്തോളം സ്വർണ്ണാഭരണങ്ങൾ അണിഞ്ഞ് ആഹ്ലാദം പ്രകടിപ്പിക്കുന്ന പതിവ് ചരിത്രാതീതകാലം മുതൽ എല്ലാ സമൂഹങ്ങളിലും കാണപ്പെട്ടിട്ടുണ്ട്. ആഭരണധാരണത്തെപ്പറ്റി ദൈവവചനത്തിൽ കാണുന്ന പരാമർശങ്ങളും ഇതു

ശരി വയ്ക്കുന്നു. ‘‘മണവാളൻ തലപ്പാവ് അണിയുന്നതു പോലെയും മണവാട്ടി ആഭരണങ്ങളാൽ തന്നെത്താൻ അലങ്കരിക്കുന്നതുപോലെയും’’ എന്നു യെശയ്യാവ് 61:10 ൽ നാം വായിക്കുന്നു. വിവാഹാവസരത്തിൽ മണവാട്ടിയെ വളരെയധികം ആഭരണങ്ങൾ അണിയിച്ചൊരുക്കുന്ന പതിവ് യിസ്രായേൽ ജനത്തിന്റെ മദ്ധ്യേ നിലവിലിരുന്നിരുന്നു എന്നാണ് ഇതിൽ നിന്നു തെളിയുന്നത്.

‘‘അങ്ങനെ ഹോരേബ് പർവ്വതത്തിങ്കൽ തുടങ്ങി യിസ്രായേൽ ആഭരണം ധരിച്ചില്ല’’ (പുറപ്പാട് 33:6) എന്ന വാക്യത്തിൽ നിന്ന്, അന്നു മുതൽ എക്കാലവും യിസ്രായേൽ ആഭരണവർജ്ജനം പാലിച്ചുകൊണ്ടാണ് ജീവിച്ചതെന്ന് ചിലർ അർത്ഥമെടുക്കാൻ ശ്രദ്ധിക്കാറുണ്ട്. ആ വ്യാഖ്യാനം ശരിയായിരുന്നെങ്കിൽ മേൽപ്പറഞ്ഞ വാക്യവും സീയോൻപുത്രിമാരുടെ കാൽച്ചിലമ്പുകൾ, കാതില, കടകം, കാൽത്തള, മോതിരം, മൂക്കുത്തി തുടങ്ങിയ നിരവധി ആഭരണങ്ങളെക്കുറിച്ചുള്ള പരാമർശവും (യെശയ്യാവ് 3:18-23) ഒന്നും ദൈവവചനത്തിൽ കാണപ്പെടുമായിരുന്നില്ല.

ഹോരേബ് പർവ്വതത്തിങ്കൽ വച്ചു കാളക്കുട്ടിയെ ഉണ്ടാക്കി ആരാധിച്ചു ദൈവത്തോടു പാപം ചെയ്തതു നിമിത്തം യിസ്രായേൽ ജനത്തിനു ദൈവത്തിൽ നിന്നുള്ള ശിക്ഷ സഹിക്കേണ്ടിവന്നു; അനുതപിച്ചു ദുഃഖാചരണം നടത്തുവാൻ ദൈവം അവരോടു കല്പിച്ചു; ദുഃഖാചരണത്തിന്റെ കാലാവധി കഴിയുവോളം അവർ ആഭരണം ധരിച്ചില്ല; ആ കാലാവധി കഴിഞ്ഞപ്പോൾ മുതൽ, അഥവാ കനാൻ നാട്ടിൽ പ്രവേശിച്ചുകഴിഞ്ഞപ്പോൾ മുതലെങ്കിലും അവർ പണ്ടത്തെപ്പോലെ ആഭരണം ധരിക്കാൻ തുടങ്ങി എന്നതാണ് സത്യം.

അതുകൊണ്ടാണ് വിവാഹാവസരങ്ങളിൽ ആഭരണങ്ങൾ ധാരാളം അണിയുന്നതിനെക്കുറിച്ചും, ദാവീദ് രാജാവ് ആവശ്യപ്പെട്ടപ്പോൾ ദേവാലയം പണിക്കുവേണ്ടി അയ്യായിരം താലന്ത് പൊന്നും പതിനായിരം താലന്ത് വെള്ളിയും യിസ്രായേൽ ജനം മനഃപൂർവ്വദാനമായി നൽകിയതിനെക്കുറിച്ചും (1 ദിനവൃത്താന്തം 29:7) മറ്റും വചനത്തിൽ നാം വായിക്കുന്നത്. മറ്റെല്ലാ സമൂഹങ്ങളിലുമെന്നപോലെ യിസ്രായേൽ ജനത്തിന്റെ ഇടയിലും എക്കാലത്തും സന്തോഷപ്രകടനത്തിന്റെ മാർഗ്ഗങ്ങളിലൊന്നായി ആഭരണധാരണം ഇരുന്നിരുന്നു എന്നു ഇതെല്ലാം വ്യക്തമാക്കുന്നു.

ആഭരണങ്ങളെപ്പറ്റി വചനത്തിൽ കാണുന്ന ഒട്ടു മിക്ക പരാമർശങ്ങളും പരിശോധിച്ചാൽ അവയും സന്തോഷവുമായി വലിയൊരു ബന്ധം കാണുവാൻ കഴിയും. ഇയ്യോബിനു നേരിട്ട ഭയങ്കരമായ പരീക്ഷയിൽ അദ്ദേഹം വിജയിയായിത്തീരുകയും മുമ്പുണ്ടായിരുന്നതിന്റെ ഇരട്ടി അനുഗ്രഹങ്ങൾ ദൈവം അദ്ദേഹത്തിനു കൊടുക്കുകയും ചെയ്തപ്പോൾ അദ്ദേഹത്തിനും തന്റെ ബന്ധുമിത്രാദികൾക്കും വലിയ സന്തോഷമുണ്ടായി. ആ സന്തോഷത്തിന്റെ അവസരത്തിൽ ഇയ്യോബിനെ കാണാൻ വന്നവരോരോരുത്തരും അദ്ദേഹത്തിന് ഓരോ പൊൻ നാണയവും പൊന്മോതിരവും കൊടുത്തതായി ഇയ്യോബ് 42:11 ൽ നാം വായിക്കുന്നു.

മുടിയൻ പുത്രന്റെ ഉപമയിൽ കാണുന്നത്, അവൻ തിരിച്ചു വന്നപ്പോൾ അവന്റെ പിതാവ് തന്റെ ദാസന്മാരോട്, "വേഗം മേൽത്തരമായ അങ്കി കൊണ്ടു വന്ന് ഇവനെ ധരിപ്പിപ്പിൻ. ഇവന്റെ കൈക്കു മോതിരവും, കാലിനു ചെരിപ്പും ഇടുവിപ്പിൻ. തടിപ്പിച്ച കാളക്കുട്ടിയെ കൊണ്ടുവന്ന് അറുപ്പിൻ; നാം തിന്ന് ആനന്ദിക്ക" (ലൂക്കൊസ് 15:22-23) എന്നു പറഞ്ഞതായിട്ടാണ്. നഷ്ടപ്പെട്ടു പോയിരുന്ന മകനെ തിരിച്ചു കിട്ടിയതിലുള്ള വലിയ സന്തോഷം പ്രകടിപ്പിക്കുവാൻ ചെയ്ത പല കാര്യങ്ങളിലൊന്ന് അവനെ മോതിരമണിയിക്കുക എന്നതായിരുന്നു. യേശുക്രിസ്തു പറഞ്ഞ ഈ ഉപമയിലും പൊന്നാഭരണം സന്തോഷപ്രകടനത്തിന്റെ മാർഗ്ഗമായിട്ടാണിരിക്കുന്നത്.

സന്തോഷത്തിന്റെ അടയാളമായി സ്വർണ്ണം വീക്ഷിക്കപ്പെടുന്നുവെന്നതിന്റെ മറ്റൊരു തെളിവ് സ്വർഗ്ഗത്തിൽ അതിനു നൽകപ്പെട്ടിരിക്കുന്ന സ്ഥാനമാണ്. സ്വർഗ്ഗം സന്തോഷത്തിന്റെ സ്ഥലമാണെന്നതിനു സംശയമില്ലല്ലോ. മാറത്ത് പൊൻകച്ച (പൊന്നുകൊണ്ടുള്ള വസ്ത്രം) അണിഞ്ഞവനായിട്ടാണ് യേശുക്രിസ്തുവിനെ ആത്മവിവശനായ യോഹന്നാൻ കണ്ടത് (വെളിപ്പാട് 1:13). ദൈവസിംഹാസനത്തിനു ചുറ്റുമുള്ള ഇരുപത്തുനാലു സിംഹാസനങ്ങളിലിരിക്കുന്ന ഇരുപത്തുനാലു മൂപ്പന്മാരുടെ തലയിലെ പൊൻകിരീടങ്ങളും സ്വർഗ്ഗത്തിൽ നിന്നു ഭൂമിയിലേക്കു കൊണ്ടുവരപ്പെടുന്ന പുതിയ യെരൂശലേം നഗരത്തിന്റെ വീഥികൾ ശുദ്ധമായ സ്വർണ്ണത്താലാണ് നിർമ്മിതമായിരിക്കുന്നതെന്ന വസ്തുതയും തെളിയിക്കുന്നത്, സ്വർഗ്ഗത്തിലും സ്വർണ്ണത്തിന് വളരെ ഉന്നതമായ ഒരു സ്ഥാനം നൽകപ്പെട്ടിട്ടുണ്ട് എന്നാണ്.

വിശുദ്ധിയുടെ പ്രതീകമായിട്ടാണ് സ്വർണ്ണം ദൈവവചനത്തിൽ ചിത്രീകരിക്കപ്പെട്ടിരിക്കുന്നതെന്ന് ഈ ലേഖനപരമ്പരയുടെ 4-ാം അദ്ധ്യായത്തിൽ നേരത്തേ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ചുരുക്കത്തിൽ, സ്വർണ്ണത്തിന്റെ ഉപയോഗത്തെപ്പറ്റി വചനത്തിൽ പറഞ്ഞിരിക്കുന്നതെല്ലാം നാം പരിശോധിച്ചാൽ സൗന്ദര്യത്തിന്റെയും വിശുദ്ധിയുടെയും സന്തോഷത്തിന്റെയും ശ്രേഷ്ഠതയുടെയും എല്ലാം പ്രതീകമായി അതിനു ദൈവവചനത്തിൽ സ്ഥാനം നൽകപ്പെട്ടിരിക്കുന്നു എന്നു കാണാൻ കഴിയും.

# ആഭരണധാരണം:
## ബൈബിൾ എന്തു പറയുന്നു ?

11

പ്രൊഫ. ടി. ജോൺമാത്യു, മണ്ണുത്തി

### ശരിയും തെറ്റും

നല്ല വസ്തുക്കളെ ചീത്തക്കാര്യങ്ങൾക്കായും ഉപയോഗിക്കാൻ കഴിയുമെന്നതു സത്യമാണ്. മൺവെട്ടി, മഴു, കലപ്പ തുടങ്ങിയ കാർഷികോപകരണങ്ങളുണ്ടാക്കാനുപയോഗിക്കുന്ന ഇരുമ്പ് തന്നെ കഠാരയും തോക്കും ഉണ്ടാക്കാനായും ഉപയോഗിക്കുന്നു. മൺവെട്ടിയുടെ കാര്യത്തിൽ ഇരുമ്പിന്റെ ശരിയായ ഉപയോഗവും കഠാരയുടെ കാര്യത്തിൽ അതിന്റെ ദുരുപയോഗവും നാം കാണുന്നു. സ്വർണ്ണവും അതുപോലെത്തന്നെ ശരിയായ വിധത്തിലും തെറ്റായ വിധത്തിലും ഉപയോഗിക്കുന്നതു നമുക്കു കാണാൻ കഴിയും.

മിസ്രയീമിൽ നിന്നു ലഭിച്ച സ്വർണ്ണാഭരണങ്ങൾ ഉപയോഗിച്ച് യിസ്രാ യേൽ ജനം ഒരു കാളക്കുട്ടിയെ വാർത്തുണ്ടാക്കിയതായും അതിനെ ദൈവ മെന്നു വിളിച്ചു ആരാധിച്ചതായും നാം നേരത്തെ കണ്ടുവല്ലോ. അവിടെ സ്വർണ്ണം വിഗ്രഹാരാധനയ്ക്കു വേണ്ടിയാണ് ഉപയോഗിച്ചത്. ദൈവമുമ്പാകെ ശിക്ഷാർഹമായിരുന്ന ഈ മ്ലേച്ഛപ്രവൃത്തി സ്വർണ്ണത്തിന്റെ ഒരു ദുരുപയോഗമായിരുന്നു വെന്നതിനു സംശയമില്ല. യെശയ്യാവ് 3:16-24 വരെയുള്ള വാക്യങ്ങളിലും സ്വർണ്ണം ദുരുപയോഗപ്പെടുത്തുന്നതിനെക്കുറിച്ച് പരാമർശിച്ചിരിക്കുന്നു. നിഗളികളും ദുർനടപ്പുകാരികളുമായ ചില സ്ത്രീകൾ തങ്ങളുടെ ആഭരണങ്ങളുടെ ഭംഗിയും മറ്റും പുരുഷന്മാരെ വശീകരിക്കാനുപയോഗിക്കുന്ന കാര്യമാണിവിടെ സൂചിപ്പിച്ചിരിക്കുന്നത്.

സ്വർണ്ണം ദുരുപയോഗപ്പെടുത്തുക സാധ്യമായതിനാൽ നാം അതു വർജ്ജിക്കുകയാണ് വേണ്ടതെന്നു പറയുന്ന പക്ഷം, ഇരുമ്പ് ദുരുപയോഗപ്പെടുത്തി അതുകൊണ്ട് മാരകായുധങ്ങൾ നിർമ്മിക്കുന്നതു സർവ്വസാധാരണമായതിനാൽ നാം ഇരുമ്പു സാധനങ്ങളെല്ലാം (ഉദാ: മൺവെട്ടി, വാക്കത്തി, കറിക്കത്തി, മഴു തുടങ്ങിയവ) വർജ്ജിക്കണമെന്നും പറയണം. സ്വർണ്ണം തെറ്റായ വിധത്തിൽ ഉപയോഗിക്കുക സാദ്ധ്യമായതിനാൽ അതു യാതൊരു തരത്തിലും ഉപയോഗിക്കാൻ പാടില്ലെന്നു പറയുവാൻ ന്യായമില്ല; തെറ്റായ ഉദ്ദേശ്യത്തോടുകൂടി ഉപയോഗിച്ചാൽ അതു തെറ്റായിരിക്കുമെന്നു മാത്രമേ പറയാനൊക്കൂ.

**ശരിയായ ഉപയോഗം:** പൊന്നിന്റെ ഉപയോഗം എങ്ങനെ ആയിരിക്കണമെന്നു മനസ്സിലാക്കാൻ സഹായിക്കുന്ന രണ്ടു വേദഭാഗങ്ങൾ പുതിയ നിയമത്തിലുണ്ട്. അവയിൽ ആദ്യത്തേത് ഇപ്രകാരമാണ്: “അവണ്ണം

സ്ത്രീകളും വസ്ത്രം ധരിച്ചു ലജ്ജാശീലത്തോടും സുബോധത്തോടും കൂടെ തങ്ങളെ അലങ്കരിക്കണം. പിന്നിയ തലമുടി, പൊന്ന്, മുത്ത്, വിലയേ റിയ വസ്ത്രം എന്നിവ കൊണ്ടല്ല, ദൈവഭക്തിയെ സ്വീകരിക്കുന്ന സ്ത്രീകൾ ക്ക് ഉചിതമാകുംവണ്ണം സൽപ്രവൃത്തികളെക്കൊണ്ടത്രേ അലങ്കരിക്കേണ്ടത്'' (1 തിമൊഥെയൊസ് 2:9-10).

രണ്ടാമത്തേത്, ''നിങ്ങളുടെ അലങ്കാരം തലമുടി പിന്നുന്നതും പൊന്നണി യുന്നതും വസ്ത്രം ധരിക്കുന്നതും ഇങ്ങനെ പുറമെയുള്ളതല്ല, സൗമ്യതയും സാവധാനതയുമുള്ള മനസ്സ് എന്ന അക്ഷയഭൂഷണമായ ഹൃദയത്തിന്റെ ഗൂഢമനുഷ്യൻ തന്നേ ആയിരിക്കേണം; അതു ദൈവസന്നിധിയിൽ വിലയേ റിയതാകുന്നു. ഇങ്ങനെയല്ലോ പണ്ട് ദൈവത്തിൽ പ്രത്യാശ വെച്ചിരുന്ന വിശു ദ്ധ സ്ത്രീകൾ തങ്ങളെത്തന്നെ അലങ്കരിച്ചു ഭർത്താക്കന്മാർക്ക് കീഴടങ്ങിയി രുന്നത്. അങ്ങനെ സാറാ അബ്രഹാമിനെ യജമാനൻ എന്നു വിളിച്ച് അനുസ രിച്ചിരുന്നു; നന്മ ചെയ്തു യാതൊരു ഭീഷണിയും പേടിക്കാതിരുന്നാൽ നിങ്ങൾ അവളുടെ മക്കൾ ആയിത്തീർന്നു'' (1 പത്രൊസ് 3:3-6) എന്നാണ്.

ഈ രണ്ടു വേദഭാഗങ്ങളിലും വ്യക്തമാക്കപ്പെട്ടിരിക്കുന്നത്, വിശ്വാസിക ളായ സ്ത്രീകളുടെ അലങ്കാരം സ്വർണ്ണാഭരണങ്ങൾ ആയിരിക്കരുത്, പിന്നെ യോ സൽപ്രവൃത്തികളും സൽസ്വഭാവവും ആയിരിക്കണമെന്നാണ്. ചിലർ ഈ വാക്യങ്ങൾ വിശദീകരിച്ചുകൊണ്ട് പറയുന്നത്, പൊന്ന് എങ്ങനെ അണി ഞ്ഞാലും അതു പാടില്ലാത്ത അലങ്കാരമാണെന്നാണ്. ഈ ചിന്താഗതി ശരിയാണെങ്കിൽ പൊന്നു മാത്രം ഉപേക്ഷിച്ചാൽ പോരാ; കാരണം, വാക്യ ത്തിൽ കാണുന്നത്, നിങ്ങളുടെ അലങ്കാരം തലമുടി പിന്നുന്നതും പൊന്നണി യുന്നതും വസ്ത്രം ധരിക്കുന്നതും ഇങ്ങനെ പുറമെയുള്ളതല്ല എന്നാണ്. അതിനാൽ പൊന്നണിയുന്നത് അലങ്കാരമാണെങ്കിൽ വസ്ത്രം ധരിക്കുന്നതും അലങ്കാരമാണ്; പൊന്ന് പാടില്ലാത്ത അലങ്കാരമാണെങ്കിൽ വസ്ത്രവും പാടില്ലാത്ത അലങ്കാരമാണ്; പൊന്ന് ഉപേക്ഷിക്കേണ്ടതാണെങ്കിൽ വസ്ത്ര വും ഉപേക്ഷിക്കേണ്ടതാണ്, എന്നിപ്രകാരം നാം ചിന്തിക്കണം.

എന്നാൽ, വാക്യത്തിന്റെ അർത്ഥം ഇപ്രകാരമാണെന്നു ചിന്തിക്കാൻ സാമാന്യബുദ്ധിയും ദൈവവചനത്തിലെ മറ്റു സത്യങ്ങളും നമ്മെ അനുവദി ക്കുന്നില്ല. അതിനാൽ ഏതു തരത്തിലുള്ള വസ്ത്രം ധരിക്കലും ഏതു തര ത്തിലുള്ള പൊന്നണിയലും പാടില്ലാത്ത അലങ്കാരമാണെന്നു വാക്യത്തിനർ ത്ഥമുണ്ടായിരിക്കാൻ സാദ്ധ്യമല്ല. പൊന്നും വസ്ത്രവും അലങ്കാരമായി ഉപ യോഗിക്കാതെ സൽസ്വഭാവവും ഭർത്തൃബഹുമാനവും അലങ്കാരമായി സ്വീകരിച്ചിരുന്ന ഒരാളിനുദാഹരണമായി പത്രൊസ് അപ്പൊസ്തലൻ ചൂണ്ടി ക്കാണിച്ചിരിക്കുന്നത് അബ്രഹാമിന്റെ ഭാര്യയായ സാറയെയാണ്. അവൾ പൊന്ന് ധരിക്കുന്ന ആളായിരുന്നെന്നു നാം നേരത്തേ തന്നെ കണ്ടതാണ്. ഭർത്തൃബഹുമാനം അലങ്കാരമായി ഉണ്ടായിരിക്കുകയും പൊന്ന് അലങ്കാരമായി ഇല്ലാതിരിക്കയും ചെയ്ത സാറാ പൊന്നു ധരിച്ചിരുന്ന ആളായിരുന്നതിനാൽ, പൊന്ന്

അലങ്കാരമായി ഉപയോഗിക്കരുതെന്നു പറഞ്ഞാൽ അതു കൊണ്ടുണ്ടാക്കിയ ആഭരണങ്ങൾ ഒട്ടും ധരിക്കരുതെന്നല്ല അർത്ഥമെന്നു വ്യക്തമാണ്. അലങ്കാരമായി വസ്ത്രം ഉപയോഗിക്കരുതെന്നു പറഞ്ഞാൽ വസ്ത്രം ഒട്ടു ധരിക്കരുതെന്നു അർത്ഥമില്ലാത്തതുപോലെ തന്നെ അലങ്കാരമായി പൊന്ന് ഉപയോഗിക്കരുതെന്നു പറഞ്ഞാൽ പൊന്ന് ഒട്ടും ധരിക്കരുത് എന്നർത്ഥം വരികയില്ല. നിങ്ങളുടെ അലങ്കാരം തലമുടി പിന്നുന്നതും പൊന്നണിയുന്നതും വസ്ത്രം ധരിക്കുന്നതും ആയിരിക്കരുത് എന്നു പറഞ്ഞാൽ, അലങ്കാരമായ തലമുടി പിന്നലും അലങ്കാരമായ പൊന്നണിയലും അലങ്കാരമായ വസ്ത്രം ധരിക്കലുമുണ്ട്, അതു പാടില്ല എന്നു മാത്രമേ അർത്ഥമുള്ളൂ.

# ആഭരണധാരണം:
## ബൈബിൾ എന്തു പറയുന്നു ?

12

പ്രൊഫ. ടി. ജോൺമാത്യു, മണ്ണുത്തി

അലങ്കാരം എന്ന പദത്തിന്റെ അർത്ഥം ആദ്യം തന്നെ നാം മനസ്സിലാക്കണം. ആളുകളുടെ പ്രത്യേക ശ്രദ്ധ നമ്മിലേക്കാകർഷിക്കാൻ ഉതകുന്ന ഉപാധികളെ മാത്രമേ അലങ്കാരങ്ങൾ എന്ന പറയുകയുള്ളൂ. സാധാരണ വസ്ത്രം ആരുടെയും പ്രത്യേക ശ്രദ്ധ നമ്മിലേക്കാകാർഷിക്കുന്നില്ല. അതിനാൽ അതു അലങ്കാരമല്ല. അസാധാരണ ഭംഗിയും മേന്മയുമുള്ള വസ്ത്രം നമ്മെ മറ്റുള്ളവരുടെ പ്രത്യേക ശ്രദ്ധയ്ക്കു വിഷയീഭവിപ്പിക്കുന്നു. അതിനാൽ അതു അലങ്കാരമാണ്.

നമ്മുടെ വീടുകളിലെ സാധാരണ നിലയിലുള്ള വൈദ്യുതദീപങ്ങൾ അലങ്കാരമല്ല; എന്നാൽ ഉത്സവസ്ഥലത്തു സ്ഥാപിക്കുന്ന നൂറുകണക്കിനു ബൾബുകൾ ഒരുമിച്ചു കത്തിനിൽക്കുമ്പോൾ അസാധാരണ പ്രകാശം ഉണ്ടാകുന്നു. എല്ലാവരുടെയും ശ്രദ്ധ അവിടേക്കാകർഷിക്കപ്പെടുന്നു; അതിനാൽ അതു വൈദ്യുതദീപാലങ്കാരമാണ്. നാമുപയോഗിക്കുന്ന സാധാരണ തരത്തിലുള്ള കുടകൾ ആരുടെയും പ്രത്യേക ശ്രദ്ധ നമ്മിലേക്കാകർഷിക്കുന്നില്ല; അതിനാൽ അവ അലങ്കാരങ്ങളല്ല; എന്നാൽ പള്ളികളിലെയും അമ്പലങ്ങളിലെയും ഉത്സവങ്ങളോടനുബന്ധിച്ച് വളരെ മനോഹരങ്ങളായ മുത്തുക്കുടകൾ എഴുന്നള്ളിപ്പിന് കൊണ്ടുവരാറുണ്ട്. അവയുടെ അസാധാരണമായ മനോഹാരിതയും വിലപിടിപ്പും എല്ലാവരുടെയും പ്രത്യേക ശ്രദ്ധ ആകർഷിക്കുന്നു; അതിനാൽ അവ അലങ്കാരങ്ങളാണ്.

ചുരുക്കത്തിൽ, സാധാരണയിൽ കവിഞ്ഞ ശ്രേഷ്ഠതയോ മേന്മയോ പ്രദാനം ചെയ്യുന്ന ഉപാധികൾക്കു മാത്രമാണ് അലങ്കാരമെന്നു പറയുന്നത്. സാധാരണത്വം മാത്രം പ്രദാനം ചെയ്യുന്ന ഉപാധികൾക്കു ഭാഷയിൽ അലങ്കാരമെന്നു പറയുകയില്ല. സാധാരണത്വം ആരുടെയും പ്രത്യേക ശ്രദ്ധ നമ്മിൽ പതിയാതിരിക്കാൻ ഇടവരുത്തുമ്പോൾ, അസാധാരണത്വം ആളുകളുടെ പ്രത്യേക ശ്രദ്ധ നമ്മുടെ മേൽ പതിയാൻ ഇടവരുത്തുന്നു എന്നതാണ് ഇതിന്റെ കാരണം. ഈ വസ്തുത മനസ്സിലാക്കിക്കൊണ്ട് മുകളിൽ പരാമർശിച്ച വേദഭാഗങ്ങൾ പരിശോധിച്ചാൽ അവിടെ പറഞ്ഞിരിക്കുന്നതെന്താണെന്നു സംശയരഹിതമായി നമുക്കു ബോധ്യമാകും.

തലമുടിയുടെ ഭംഗി, വസ്ത്രം, ആഭരണം എന്നീ രംഗങ്ങളിൽ മറ്റുള്ളവരെ അപേക്ഷിച്ച് കൂടുതൽ ശ്രേഷ്ഠത കൈവരിക്കാൻ നാം പ്രത്യേക ശ്രമം നടത്തരുത് എന്നും അതേ സമയം സൽപ്രവൃത്തികളുടെയും സൽസ്വഭാവത്തിന്റെയും

രംഗങ്ങളിൽ മറ്റുള്ളവരെ അപേക്ഷിച്ച് വളരെ കൂടുതൽ ശ്രേഷ്ഠത കൈവരിക്കാൻ നാം പരിശ്രമിക്കണമെന്നുമാണ് ഇവിടെ പറഞ്ഞിരിക്കുന്നത്. എന്തിന്റെയെങ്കിലും കാര്യത്തിൽ സാധാരണത്വം നിലനിർത്തുന്നത് തെറ്റാണെന്നു ഈ രണ്ടു വേദഭാഗങ്ങളിൽ ഒരിടത്തും പറയുന്നില്ല.

ആഭ എന്ന പദത്തിന്റെ അർത്ഥം ശോഭ എന്നാണ്; ആഭരണം കുറഞ്ഞ അളവിലുപയോഗിച്ചാൽ അതു കുറഞ്ഞ അലങ്കാരമാണ്; കൂടിയ അളവിലുപയോഗിച്ചാൽ കൂടിയ അലങ്കാരമാണ്, അതിനാൽ സാധാരണ നിലയിൽ ആഭരണം ധരിക്കുന്നതു അലങ്കാരമല്ലെന്നു പറയുന്നത് തെറ്റാണ് എന്നു പറയുന്നവരുണ്ട്. അവരുടെ ചിന്താഗതി ശരിയാണോ എന്നു നമുക്കു പരിശോധിക്കാം.

അലങ്കാരം എന്തിനുവേണ്ടിയാണ് ഉപയോഗിക്കപ്പെടുന്നത് എന്ന ചോദ്യത്തിന് ''മറ്റുള്ളവരുടെ പ്രത്യേക ശ്രദ്ധ നമ്മുടെ മേൽ പതിയുന്നതിന്'' എന്ന മറുപടിയാണല്ലോ നാം നൽകുക. അങ്ങനെയെങ്കിൽ മറ്റുള്ളവരുടെ പ്രത്യേക ശ്രദ്ധയിൽ പെടാതിരിക്കുവാൻ ഇടവരുത്തുന്ന ഒരു ഉപാധിയെ അലങ്കാരമെന്നു വിശേഷിപ്പിക്കാനൊക്കുമോ എന്ന ചോദ്യത്തിനു എന്തു മറുപടി നൽകും? 'ഇല്ല' എന്നതായിരിക്കും മറുപടി എന്നതു നിസ്തർക്കമാണ്. ഇനി സാധാരണ നിലയിലുള്ള ആഭരണങ്ങൾ എന്തിനായിട്ടാണ് ഉപയോഗിക്കപ്പെടുന്നത് എന്നു ചിന്തിക്കുക. ഇന്നത്തെ സമൂഹത്തിൽ മറ്റുള്ളവരാൽ പ്രത്യേകം ശ്രദ്ധിക്കപ്പെടുന്നത് സാധാരണ നിലയിൽ ആഭരണം ധരിക്കുന്നവരല്ല, ആഭരണവർജ്ജനം പാലിക്കുന്നവരാണ് എന്നു നമുക്കറിയാം. അപ്പോൾ സാധാരണ നിലയിലുള്ള ആഭരണങ്ങൾ മറ്റുള്ളവരുടെ ശ്രദ്ധ ആകർഷിക്കാനല്ല, അവരുടെ ശ്രദ്ധയിൽ നിന്നു രക്ഷപ്പെടാനാണുപകരിക്കുന്നതെന്നു തെളിയുന്നു. മറ്റുള്ളവരുടെ ശ്രദ്ധയിൽ പെടാതിരിക്കാൻ നമ്മെ സഹായിക്കുന്ന ഒരു ഉപാധി ഒരിക്കലും അലങ്കാരമല്ലാത്തതിനാൽ സാധാരണ നിലയിലുള്ള ആഭരണങ്ങൾ അലങ്കാരമല്ല എന്നു വ്യക്തമാവുകയും ചെയ്യുന്നു.

ഏതു തരത്തിലുള്ള ആഭയും അലങ്കാരമാവുകയില്ല എന്നതും നാം മനസ്സിലാക്കണം. സാധാരണയിൽ കവിഞ്ഞ ആഭ (ശോഭ) മാത്രമേ അലങ്കാരമാവുകയുള്ളൂ. മറിച്ചു ചിന്തിച്ചാൽ, സാധാരണ നിലയിലുള്ള ഒരു വാച്ചിന്റെ ചെയിനും ഒരു സാധാരണ കണ്ണടയുടെ ഫ്രെയിമും ഒക്കെ അലങ്കാരമാണെന്നു പറയേണ്ടിവരും. അങ്ങനെയൊക്കെ പറയാൻ നമ്മുടെ സാമാന്യബുദ്ധി നമ്മെ അനുവദിക്കുന്നില്ലല്ലോ. ഒരു വസ്തുവിന്റെ മിതമായ അളവിലുള്ള ഉപയോഗത്തിന്റെ ഫലവും അതേ വസ്തുവിന്റെ അമിതമായ അളവിലുള്ള ഉപയോഗത്തിന്റെ ഫലവും തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കാത്തതു കൊണ്ടാണ് സ്വർണ്ണം ഏത് അളവിൽ എങ്ങനെ ഉപയോഗിച്ചാലും അത് അലങ്കാരമാകുമെന്ന് ചിലർ പറയുന്നത്. അവരുടെ ചിന്താഗതിയിലെ പിശകു വ്യക്തമാക്കുവാൻ ഒരു ഉദാഹരണം പരിശോധിക്കാം. ദാഹം ശമിപ്പിക്കാൻ കുടിക്കുന്ന വെള്ളം ജീവദായകമായിരിക്കുമ്പോൾ നോഹയുടെ കാലത്തെ ജലപ്രളയം

ജീവനാശകമായിരുന്നു എന്നാണ് നാം കാണുന്നത്. ജലപ്രളയത്തിന്റെ സമയ ത്ത് അമിതമായ അളവിൽ വെള്ളം കുടിച്ച് പെട്ടകത്തിനു വെളിയിലുണ്ടാ യിരുന്ന മനുഷ്യരെല്ലാം മരിച്ചതുകൊണ്ട്, വെള്ളം ജീവനെ നശിപ്പിക്കുന്ന വസ്തുവാണ്; നോഹയുടെ കാലത്ത് സംഭവിച്ചതുപോലെ അതു കൂടുതൽ കുടിച്ചാൽ കൂടുതൽ വേഗത്തിൽ മരിക്കും; കുറച്ചു കുടിച്ചാൽ കുറഞ്ഞ വേഗ ത്തിൽ മരിക്കും എന്നിങ്ങനെ പറഞ്ഞാൽ അതു സത്യമാകുമോ? ഇല്ലല്ലോ.

വെള്ളം മിതമായ അളവിൽ കുടിച്ചാൽ അതു ജീവനാശകമാവുകയില്ലെ ങ്കിൽ സ്വർണ്ണം മിതമായ അളവിൽ ധരിച്ചാൽ അത് അലങ്കാരമാകയില്ല. ഏതള വിലുള്ള പൊന്നു ധരിക്കലും അലങ്കാരമാണെന്നു പറയുന്നത്, ഏതളവിൽ വെള്ളം കുടിക്കുന്നതും ജീവനാശത്തിനു കാരണമാകുമെന്നു പറയുന്നതു പോലെയാണ്. വെള്ളത്തിന്റെ അമിതമായ ഉപയോഗത്തിന്റെ വിപരീത ഫല മാണ് മിതമായ ഉപയോഗം ഉളവാക്കുന്നത്. അതുപോലെത്തന്നെ ആഭരണങ്ങ ളുടെ അസാധാരണ അളവിലുള്ള ഉപയോഗത്തിന്റെ വിപരീതഫലമാണ് സാധാരണ അളവിലുള്ള ഉപയോഗം ഉളവാക്കുന്നത്. അസാധാരണ അളവി ലുള്ള ഉപയോഗം ആളുകളുടെ പ്രത്യേക ശ്രദ്ധ ആകർഷിക്കുമ്പോൾ, സാധാര ണ അളവിലുള്ള ഉപയോഗം ആളുകളുടെ പ്രത്യേക ശ്രദ്ധയിൽ നിന്നു രക്ഷ പ്പെടാനാണ് ഉപകരിക്കുന്നത്.

മേൽപ്പറഞ്ഞിരിക്കുന്ന സത്യങ്ങൾ മനസ്സിലാക്കാൻ കൂട്ടാക്കാതെ, **"ആഭര ണം അലങ്കാരത്തിനല്ലാതെ പിന്നെ എന്തിനാണ് ഉപയോഗിക്കുന്നത്?"** എന്നു ചോദിക്കുന്ന ചില ആളുകൾ കേരളത്തിലുണ്ട്. അലങ്കാരമല്ലാത്ത പൊന്നണിയൽ ഉള്ളതുകൊണ്ടാണ് അലങ്കാരമായ പൊന്നണിയലിനെപ്പറ്റി തിമൊഥെയോസിന്റെയും പത്രോസിന്റെയും ലേഖനങ്ങളിൽ പ്രത്യേകം പരാമർശിച്ചിരിക്കുന്നത് എന്നു അവർ മനസ്സിലാക്കണം. അലങ്കാരമല്ലാത്ത പൊന്നണിയലിനെ ഒഴിവാക്കിക്കൊണ്ടാണ് കൽപന നൽകുന്നതെന്നു വ്യക്ത മാക്കുന്നതിനു വേണ്ടിയാണ് അലങ്കാരമായ പൊന്നണിയലിനെപ്പറ്റി പറയുന്നു വെന്നു ഈ വേദഭാഗങ്ങളിൽ ചൂണ്ടിക്കാണിച്ചിരിക്കുന്നത്.

ഏതു വിധത്തിലുള്ള പൊന്നണിയലും പാടില്ലാത്തതായിരുന്നുവെങ്കിൽ അലങ്കാരം എന്ന പദം ഈ വേദവാക്യങ്ങളിൽ (മൂലഭാഷയിലും തർജ്ജമകളി ലും) ഉപയോഗിക്കാതെ പൊന്നു ധരിക്കരുത് എന്നു മാത്രമേ പറയുമായിരുന്നു ള്ളൂ. അലങ്കാരമായി ധരിക്കരുത് എന്നു പറയുമായിരുന്നില്ല. പൊന്ന് അലങ്കാര മായി ധരിക്കരുത് എന്നു പറഞ്ഞിരിക്കുന്നതിൽ നിന്ന് അലങ്കാരമല്ലാത്ത പൊന്നു ധരിക്കൽ ഉണ്ടെന്നു വ്യക്തമാകുന്നു. അൽപം ഭാഷാജ്ഞാനവും സത്യസന്ധതയുമുള്ള ഏതൊരാളും ഇതു സമ്മതിക്കും.

# ആഭരണധാരണം:
## ബൈബിൾ എന്തു പറയുന്നു ?

13

പ്രൊഫ. ടി. ജോൺമാത്യു, മണ്ണുത്തി

'സാധാരണതരത്തിലുള്ള പൊന്നു ധരിക്കലും സാധാരണയിൽ കവിഞ്ഞ നിലയിലുള്ള പൊന്നു ധരിക്കലും തമ്മിൽ വ്യത്യാസമില്ല' എന്ന്, ''ഭേദാഭേദങ്ങളെ വിവേചിപ്പാറാകേണം'' (ഫിലി. 1:10) എന്ന കൽപന അനുസരിക്കാൻ കൂട്ടാക്കാതെ ചിലർ കേരളത്തിൽ വാദിക്കുന്നുണ്ട്. അങ്ങനെയുള്ളവർക്ക് സാധാരണ നിലയിലുള്ള പൊന്നു ധരിക്കലിനും സാധാരണയിൽ കവിഞ്ഞ നിലയിലുള്ള പൊന്നു ധരിക്കലിനും തമ്മിൽ വ്യത്യാസം ഫലത്തിലുണ്ട് എന്നു മനസ്സിലാക്കാൻ സഹായകമായ ഒരു പരീക്ഷണം താഴെ കുറിക്കുന്നു. ഈ പരീക്ഷണം അവർ നടത്തിയാൽ സാധാരണത്വത്തിന്റെ ഫലവും അസാധാരണത്വത്തിന്റെ ഫലവും തമ്മിലുള്ള വ്യത്യാസം അവർക്കു വ്യക്തമായി മനസ്സിലാകും.

### പരീക്ഷണം:

എയർ കണ്ടീഷൻ ചെയ്ത ഒരു മുറിയിൽ കയറി അഞ്ചു മിനിറ്റു നേരം നിൽക്കുക; അപ്പോൾ തണുപ്പു അനുഭവപ്പെടും; സുഖവും തോന്നും. തണുപ്പിന്റെ ഫലം സുഖമാണെന്നു മനസ്സിലാകുന്നു. ഇനി ആ മുറിയിൽ നിന്നു പുറത്തിറങ്ങി ഒരു റഫ്രിജറേറ്ററിൽ നിന്നു ചെറിയ ഒരു ഐസ് കട്ട എടുത്ത് കൈവെള്ളയിൽ വച്ച് മുറുക്കിപ്പിടിക്കുക; അതു മുഴുവൻ ഉരുകിത്തീരുന്നതുവരെ കൈ നിവർക്കരുത്. ഈ പരീക്ഷണം നടത്തിക്കഴിയുമ്പോൾ സാധാരണ തണുപ്പും സാധാരണയിൽ കവിഞ്ഞ തണുപ്പും തമ്മിൽ ഫലത്തിൽ വ്യത്യാസമുണ്ട്, അവ ഒരു പോലെയല്ല എന്നു ബോധ്യമാകും.

'സാധാരണത്വത്തിന്റെ ഫലവും അസാധാരണത്വത്തിന്റെ ഫലവും തമ്മിൽ വ്യത്യാസമില്ല, അവ ഒന്നു തന്നെയാണ്, സാധാരണനിലയിലുള്ള പൊന്നു ധരിക്കലും സാധാരണയിൽ കവിഞ്ഞ നിലയിലുള്ള പൊന്നു ധരിക്കലും തമ്മിൽ വ്യത്യാസമില്ല' എന്നു പറയുന്നവർ, മേൽപറഞ്ഞ ഒരു പരീക്ഷണം നടത്തിയാൽ അവരുടെ കണ്ണു തുറക്കും, നിശ്ചയമാണ്. സാധാരണ നിലയിലുള്ള ആഭരണങ്ങൾ സാധാരണത്വം നിലനിർത്തി ആളുകളുടെ പ്രത്യേക ശ്രദ്ധയിൽ നിന്നു രക്ഷപ്പെടാൻ ഉപകരിക്കുമ്പോൾ സാധാരണയിൽ കവിഞ്ഞ ആഭരണങ്ങൾ അവയുടെ അളവിലും ഗുണത്തിലുമുള്ള അസാധാരണത്വം നിമിത്തം മറ്റുള്ളവരുടെ പ്രത്യേക ശ്രദ്ധയിൽ പെടുവാനാണ് ഉപകരിക്കുന്നത് എന്ന വ്യത്യാസം, മിതമായ തണുപ്പും അമിതമായ തണുപ്പും തമ്മിലുള്ള വ്യത്യാസം പോലെ തന്നെ വലുതാണ് എന്ന്, സംശയമുള്ളവർക്കു മനസ്സിലാക്കാൻ ഈ പരീക്ഷണം സഹായിക്കും.

ആഭരണധാരണം ദൈവം തന്റെ വചനത്തിൽ ഒരിടത്തും വിലക്കിയിട്ടില്ല എന്നതിനു എത്ര തെളിവു കാണിച്ചുകൊടുത്താലും അംഗീകരിക്കാത്ത ചില വിശ്വാസികൾ കേരളത്തിലുണ്ട്. അവർ പ്രകടമാക്കുന്നത് ദൈവഭക്തിയല്ല, വികലഭക്തിയാണ്. അവരുടെ വേദവ്യാഖ്യാനരീതിയനുസരിച്ചു ചിന്തിച്ചാൽ, പുരുഷന്മാരായ എല്ലാ ക്രിസ്തീയ വിശ്വാസികളും ഓരോ ദിവസവും നേരം വെളുക്കുമ്പോൾ ബാർബർഷോപ്പിൽ ചെന്ന് തല വടിപ്പിക്കണം. കാരണം എന്താണല്ലേ? 1 കൊരി.11:14 വായിച്ചു നോക്കുക. "പുരുഷൻ മുടി നീട്ടുന്നത് അവന് അപമാനം" എന്നാണ് അവിടെ രേഖപ്പെടുത്തിയിരിക്കുന്നത്.

നമ്മുടെ മുടി ഒരു ദിവസം കൊണ്ട് ഒരു മില്ലിമീറ്ററെങ്കിലും വളരും. ഒരു മില്ലീമീറ്റർ എന്നത് ചെറിയ നീളം ആണെങ്കിലും അത് നീളം തന്നെയാണ്. മുടി നീട്ടരുത് എന്നു കല്പനയുള്ളതിനാൽ, ഒട്ടും നീട്ടരുത്, ഒരു മില്ലീമീറ്റർ പോലും നീട്ടാതെ എല്ലാ ദിവസവും തല വടിപ്പിക്കണം എന്നാണ് മേൽപ്പറഞ്ഞ ആളുകളുടെ വേദവ്യാഖ്യനരീതിയനുസരിച്ച് പറയേണ്ടത്. സ്വർണ്ണത്തിന്റെ സാധാരണ അളവും സാധാരണയിൽ കവിഞ്ഞ അളവും തമ്മിൽ വ്യത്യാസമില്ലെന്നു വാദിക്കുന്നവർ ചെറിയ നീളവും വലിയ നീളവും തമ്മിൽ വ്യത്യാസമില്ലെന്നു അംഗീകരിച്ചുകൊണ്ട് തങ്ങളുടെ മുടി ഒരു മില്ലീമീറ്റർ പോലും നീളുന്നില്ല എന്നു ഉറപ്പു വരുത്തേണ്ടതാണ്.

# ആഭരണധാരണം:
## ബൈബിൾ എന്തു പറയുന്നു ?

14

പ്രൊഫ. ടി. ജോൺമാത്യു, മണ്ണുത്തി

## മിതത്വത്തിന്റെ ആവശ്യം

പഴയനിയമത്തിൽ ആഭരണങ്ങളുടെ കാര്യത്തിൽ മിതത്വം പാലിക്കണമെന്ന് ഒരു കല്പന നൽകപ്പെട്ടിരുന്നില്ല. പുതിയ നിയമത്തിലാണ് അങ്ങനെയൊരു കല്പന നാം കാണുന്നത്. "അടുത്തുകൂടാത്ത വെളിച്ചത്തിൽ വസിക്കുന്ന" (1 തിമൊ.6:16) ദൈവത്തിന് തന്റെ മക്കൾ വെളിച്ചം അല്പം പ്രതിഫലിപ്പിക്കുന്ന ഒരു ലോഹം കൊണ്ടുണ്ടാക്കിയ ആഭരണങ്ങൾ ധരിക്കുന്നതിൽ അനിഷ്ടം തോന്നി ഇങ്ങനെയൊരു കല്പന അവർക്കു നൽകിയതല്ല. ഈ കല്പനയുടെ പിന്നിലെ കാരണം വചനം വെളിപ്പെടുത്തുന്നുണ്ട്. "നിങ്ങൾ ലോകത്തിന്റെ വെളിച്ചം ആകുന്നു.... അങ്ങനെ തന്നേ മനുഷ്യർ നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ട്, സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിനു നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ" (മത്തായി 5:14-16) എന്നാണ് നമ്മുടെ കർത്താവ് നമ്മോടു അരുളിച്ചെയ്തിരിക്കുന്നത്.

നമ്മിൽ വസിക്കുന്ന ദൈവാത്മാവ് നമ്മെക്കൊണ്ടു ചെയ്യിക്കുന്ന സൽപ്രവൃത്തികളുടെ പ്രകാശം മറ്റുള്ള മനുഷ്യരുടെ ഹൃദയക്കണ്ണുകളിൽ പതിക്കണമെന്നും അങ്ങനെ അവർ അദൃശ്യനായ സത്യദൈവത്തെ നമ്മിലൂടെ കാണാനിടവരണമെന്നും കർത്താവ് ആഗ്രഹിക്കുന്നു. **<u>സൽപ്രവൃത്തികൾ ധാരാളം ചെയ്യുമ്പോൾ നമ്മുടെ പണവും സമയവും അതിനായി ചെലവഴിക്കേണ്ടിവരുന്നു. ആഭരണങ്ങൾക്കും വസ്ത്രങ്ങൾക്കും വേണ്ടി വളരെയധികം പണം ചെലവാക്കുന്നത് ഉചിതമല്ല.</u>** അതുകൊണ്ടാണ് ആഭരണം, വസ്ത്രം മുതലായ കാര്യങ്ങളിൽ മിതത്വം പാലിക്കണമെന്ന് പുതിയ നിയമ വിശ്വാസികളായ നമുക്ക് കല്പന നൽകപ്പെട്ടിരിക്കുന്നത്. അതു നാം പ്രമാണിച്ചുകൊണ്ടു ജീവിക്കുകയും സുവിശേഷഘോഷണത്തിനും സൽപ്രവൃത്തികൾ ക്കുമായി നമ്മുടെ പണവും സമയവും ആവോളം ചെലവഴിക്കുകയുമാണ് ചെയ്യേണ്ടത്. അതിന്റെ ഫലമായി നാം മുഖാന്തരം അനേകർ രക്ഷയിലേക്കും കർത്താവിന്റെ ശിഷ്യത്വത്തിലേക്കും വരികയും നമുക്ക് ഒരു നാളിൽ കർത്താവിൽ നിന്ന് വലിയ പ്രതിഫലം ലഭിക്കുകയും ചെയ്യും.

## പ്രായോഗികമാക്കുന്ന വിധം

ആഭരണം അലങ്കാരമാകാതെ സൂക്ഷിച്ചുകൊണ്ട് മിതമായ നിലയിൽ എങ്ങനെയാണുപയോഗിക്കാൻ കഴിയുന്നത് എന്നു ചോദിക്കുന്നവരുണ്ട്. മുടി പിന്നുന്നതിലും വസ്ത്രം ധരിക്കുന്നതിലും ഒക്കെ സാധാരണത്വവും

അസാധാരണത്വവും നമുക്കു വിവേചിച്ചു മനസ്സിലാക്കാൻ കഴിയുമെങ്കിൽ ഇക്കാര്യത്തിലും അത് മനസ്സിലാക്കാൻ കഴിയുമെന്നാണ് അതിനു നൽകാൻ കഴിയുന്ന മറുപടി. നമ്മോടു അടുത്തിടപഴകുന്ന മറ്റാളുകൾക്കുള്ളതിനേക്കാൾ മെച്ചമായ ആഭരണങ്ങൾ നമുക്കു വേണമെന്ന ആഗ്രഹത്തോടുകൂടി അവ വാങ്ങാനും ധരിക്കാനും നാം ശ്രമിക്കുമ്പോഴാണ് ആഭരണം നമുക്കു അലങ്കാരമായിത്തീരുന്നത്. അങ്ങനെ സംഭവിക്കാനനുവദിക്കാതെ, ആഭരണമില്ലായ്മയുടെ പേരിൽ ആരും നമ്മെ പ്രത്യേകം ശ്രദ്ധിക്കാനിടയാകാതിരിക്കുന്നതിനു മതിയായ വിധത്തിൽ മാത്രം അതു നമുക്കു ധരിക്കാൻ കഴിയും. അങ്ങനെ ചെയ്യുമ്പോൾ ആഭരണങ്ങളുടെ കാര്യത്തിൽ നാം മിതത്വം പാലിക്കുകയും അവ അലങ്കാരമായിത്തീരാൻ അനുവദിക്കാതിരിക്കയുമാണ് ചെയ്യുന്നത്.

ഈ അനുഭവത്തിന് യോപ്പയിലുണ്ടായിരുന്ന തബീഥാ എന്ന ശിഷ്യയുടെ ജീവിതം നമുക്ക് മാതൃകയാണ്. അവളെക്കുറിച്ച് അപ്പൊ.പ്രവൃ.9:36-43 വരെയുള്ള വാക്യങ്ങളിൽ കാണുന്നത് അവൾ വളരെ സൽപ്രവൃത്തികളും ധർമ്മങ്ങളും ചെയ്തുപോന്നവളായിരുന്നു എന്നാണ്. അവൾ ദീനം പിടിച്ചു മരിച്ചപ്പോൾ പത്രോസ് അവിടെ ചെന്നു. വിധവമാർ എല്ലാവരും കരഞ്ഞുകൊണ്ടു തബീഥാ തങ്ങളോടുകൂടെ ഉണ്ടായിരുന്നപ്പോൾ ഉണ്ടാക്കിയ കുപ്പായങ്ങളും ഉടുപ്പുകളും അവനെ കാണിച്ചു. അവളുടെ സൽപ്രവൃത്തികളെക്കുറിച്ചായിരുന്നു അവർക്കെല്ലാം പറയാനുണ്ടായിരുന്നത്. തികച്ചും സാധാരണമായ വിധത്തിൽ മാത്രമേ അവൾ ആഭരണങ്ങളും വസ്ത്രങ്ങളും ധരിച്ചിരുന്നുള്ളൂ; എന്നാൽ സൽപ്രവൃത്തികളുടെ കാര്യത്തിൽ അസാധാരണ ശ്രേഷ്ഠത അവൾക്കുണ്ടായിരുന്നു. അതുകൊണ്ടാണ് അവൾ മരിച്ചപ്പോൾ അവളുടെ ബാഹ്യസൗന്ദര്യത്തെക്കുറിച്ച് ആരും ഒന്നും പ്രത്യേകിച്ചു പറയാതെ എല്ലാവരും അവളുടെ ദാനധർമ്മങ്ങളും ഔദാര്യമനസ്ഥിതിയും ഓർക്കുകയും അവളുടെ മരണത്തിൽ വളരെയധികം ദുഃഖിക്കുകയും ചെയ്തത്.

വസ്ത്രവും ആഭരണങ്ങളും അലങ്കാരമല്ലാതെയും സൽപ്രവൃത്തികൾ അലങ്കാരമായും സ്വീകരിച്ചിരുന്ന ഒരാളായിരുന്നു ഈ ശിഷ്യ. അവളെപ്പോലെ ഇന്നു നമുക്കും ജീവിക്കുവാൻ സാദ്ധ്യമാണ്. അങ്ങനെ ചെയ്യുമ്പോൾ ആഭര ണവസ്ത്രാദികളുടെ കാര്യത്തിൽ സാധാരണത്വം നിലനിർത്തി മിതത്വം പാലിക്കാനും സൽസ്വഭാവത്തിന്റെയും സൽപ്രവൃത്തികളുടെയും കാര്യത്തിൽ അസാധാരണ ശ്രേഷ്ഠത കൈവരിക്കാനും അങ്ങനെ ദൈവമക്കളുടെ അലങ്കാരം സംബന്ധിച്ച വചനത്തിലെ കല്പന അനുസരിക്കാനും നമുക്ക് സാധിക്കും.

[*തബീഥാ ആഭരണവർജ്ജനം നടത്തിയ ആളായിരുന്നു എന്നു ചിന്തിക്കുവാൻ വചനത്തിൽ യാതൊരു ന്യായവുമില്ല; മറിച്ചു ചിന്തിക്കുവാനാണ് ന്യായമുള്ളത്. അപ്പൊസ്തലിക കാലത്തും അതിനുമുമ്പും യെഹൂദന്മാരും ജാതികളും ധാരാളം ആഭരണങ്ങൾ ധരിച്ചിരുന്നുവെന്ന് ചരിത്രവും*

*ദൈവവചനവും സാക്ഷിക്കുന്നു. സാധാരണ ജനങ്ങളുടെ പതിവിനു വിപരീത മായി തബീഥാ ആഭരണങ്ങൾ ഉപേക്ഷിച്ചിരുന്നെങ്കിൽ അവളുടെ പ്രത്യേകത കൾ എടുത്തു പറഞ്ഞിരിക്കുന്ന കൂട്ടത്തിൽ അക്കാര്യവും പറയുമായിരുന്നു. അങ്ങനെ പറഞ്ഞിട്ടില്ലാത്തതിനാൽ അവൾ ആഭരണവർജ്ജനം നടത്തിയിരു ന്നില്ല എന്നാണ് മനസ്സിലാക്കേണ്ടത്.*]

# ആഭരണധാരണം:
## ബൈബിൾ എന്തു പറയുന്നു ?

15

പ്രൊഫ. ടി. ജോൺമാത്യു, മണ്ണുത്തി

### വർജ്ജനം പാലിക്കുന്നതു തെറ്റോ?

സ്വർണ്ണാഭരണങ്ങൾ വളരെ വിലപ്പിടിപ്പുള്ളവയാണ്; അവ കള്ളന്മാരുടെയും കൊള്ളക്കാരുടെയും ആക്രമണങ്ങൾ പലപ്പോഴും ക്ഷണിച്ചുവരുത്തുന്നതായി നാം കാണുന്നുണ്ട്. ധനനഷ്ടവും ജീവഹാനിയും ഒഴിവാക്കുകയെന്ന ഉദ്ദേശ്യത്തോടെയോ ലളിതജീവിതം നയിക്കുവാനുള്ള അതിയായ ആഗ്രഹം നിമിത്തമോ അതീവശ്രദ്ധയോടെ എന്തെങ്കിലും പഠനത്തിലോ ഗവേഷണത്തിലോ അദ്ധ്വാനത്തിലോ വ്യാപൃതരായിരിക്കുന്നതു മൂലമോ ചിലർ സ്വർണ്ണാഭരണങ്ങൾ അണിയുന്നതിൽ ഒട്ടും താല്പര്യം കാണിക്കാതിരുന്നുവെന്നു വരാവുന്നതാണ്. **അങ്ങനെ ചെയ്യുന്നതിൽ വചനപ്രകാരം യാതൊരു തെറ്റുമില്ല. കാരണം ആഭരണങ്ങൾ ധരിച്ചുകൊണ്ടുവേണം നടക്കാനെന്ന് വചനത്തിൽ കല്പനയില്ല.**

എന്നാൽ ഇപ്രകാരം ആഭരണം വർജ്ജിക്കുന്നവർ അതിനെപ്പറ്റി മറ്റുള്ളവരോട് സംസാരിക്കുമ്പോൾ യഥാർത്ഥ കാരണം വെളിപ്പെടുത്താതെ വചനം അനുസരിക്കുന്നതിന്റെ ഭാഗമായി ആഭരണം വർജ്ജിച്ചിരിക്കയാണെന്നു പറയാൻ പാടില്ല. ലളിതജീവിതത്തോടുള്ള താല്പര്യം നിമിത്തം ആഭരണവർജ്ജനം പാലിക്കുന്നു എന്നു പറയുന്നവർ എല്ലാ രംഗങ്ങളിലും ലാളിത്യം പ്രകടമാക്കേണ്ടതുമാണ്. വസ്ത്രത്തിന്റെ കാര്യത്തിലും വീടിന്റെ കാര്യത്തിലും വീട്ടുപകരണങ്ങളുടെ കാര്യത്തിലും ഭക്ഷണത്തിന്റെ കാര്യത്തിലും ഒന്നും മിതത്വം പാലിക്കാത്ത ഒരാൾ ആഭരണത്തിന്റെ കാര്യത്തിൽ മാത്രം വർജ്ജനമാചരിച്ചാൽ അയാളുടെ ആ വർജ്ജനാചരണം ലളിതജീവിതത്തിന്റെ ലക്ഷണമായി ഇരിക്കുകയില്ല.

### വർജ്ജനം ഉപദേശിക്കുന്നത് ശരിയോ?

കേരളത്തിലുള്ള ചില സഭകൾ സ്നാനത്തിനും തിരുവത്താഴശുശ്രൂഷയിൽ സംബന്ധിക്കുന്നതിനുമുള്ള യോഗ്യതകളുടെ കൂട്ടത്തിൽ ആഭരണവർ ജ്ജനം ഉൾപ്പെടുത്തിയിരിക്കുന്നതായി കാണുന്നുണ്ട്. ആഭരണധാരണം വചന വിരുദ്ധമാണെന്നും തെറ്റാണെന്നും ഈ സഭകളിലെ ചില ഉപദേഷ്ടാക്കന്മാർ പഠിപ്പിക്കുന്നു. വാസ്തവത്തിൽ ആഭരണധാരണം വചനവിരുദ്ധമോ തെറ്റോ അല്ലെന്നു നാം കണ്ടു കഴിഞ്ഞു. അപ്പൊ.പ്രവൃ.2: 41; 8:12; 8:34-39; 9:18; 10:47-48; 16:14-15; 16:32-33; 18:8; 19:4-5 എന്നീ വേദഭാഗങ്ങളിൽ അപ്പൊസ്തലിക കാലത്തെ ഒൻപതു സ്നാനശുശ്രൂഷകളുടെ കാര്യം രേഖപ്പെടുത്തിയിരിക്കുന്നു.

ഇവിടെ ഒരിടത്തുപോലും സ്നാനത്തിനു തയ്യാറായവരെക്കൊണ്ട് അപ്പൊസ്തലന്മാർ ആഭരണം ഊരിച്ചതായി കാണുന്നില്ല. എന്നാൽ കേരളത്തിലെ പല സഭകളിലെയും ഉപദേഷ്ടാക്കന്മാർ ആഭരണം ഉപേക്ഷിക്കാത്തവരെ സ്നാനപ്പെടുത്താനോ തിരുവത്താഴശുശ്രൂഷയിൽ പങ്കെടുപ്പിക്കുവാനോ തയ്യാറാകുന്നില്ല. ഇവരുടെ ഈ നടപടി വാസ്തവത്തിൽ വലിയ തെറ്റാണ്. കാരണം സ്നാനത്തിന്റെ ഒരു യോഗ്യതയായി ആഭരണവർജ്ജനം ഉപദേശിക്കുന്നതു വഴി ദൈവവചനത്തോട് കൂട്ടു ചേർക്കരുത് എന്ന കല്പനയാണ് (ആവർത്തനം 4:2; 13:1; സദൃശ. 30:6; വെളിപ്പാട് 22:18) ഇവർ ലംഘിക്കുന്നത്.

ആഭരണവും വസ്ത്രവും സാധാരണയിൽ മെച്ചപ്പെട്ട വിധത്തിൽ അലങ്കാരമായി ധരിച്ചുകൊണ്ട് ഒരാൾ സഭയിലേക്കു വന്നാൽ പോലും അയാളെ മുടക്കുവാനല്ല, അയാളോടു പ്രത്യേക ബഹുമാനം കാണിക്കരുതെന്നു മാത്രമാണ് വചനത്തിൽ (യാക്കോബ് 2:2) കൽപന തന്നിരിക്കുന്നത്. അതിനാൽ യേശുക്രിസ്തുവിന്റെ കർത്തൃത്വം വാസ്തവമായി അംഗീകരിച്ചിട്ടുള്ള ഒരു ഉപദേഷ്ടാവ് ആഭരണത്തിന്റെ പേരിൽ ആർക്കും സ്നാനമോ കർത്തൃമേശയോ നിഷേധിക്കുകയില്ല; സഭാപാരമ്പര്യത്തെ കർത്താവായി പരിഗണിക്കുന്നവർ മാത്രമേ അങ്ങനെ ചെയ്യുകയുള്ളൂ. അങ്ങനെ ചെയ്യുമ്പോൾ ഏതോ വലിയ ആത്മികവീര്യപ്രവൃത്തിയാണ് തങ്ങൾ ചെയ്യുന്നത് എന്നാണ് അവരിൽ ചിലർ വിചാരിക്കുന്നത്.

തങ്ങളുടെ പെരുമാറ്റത്തെ വചനപ്രകാരം ന്യായീകരിക്കാൻ പറ്റാത്തതിനാൽ "ഇടർച്ച വരുത്തരുത്" എന്ന വചനത്തിലെ പ്രമാണം അവർ പലപ്പോഴും ചൂണ്ടിക്കാണിക്കാറുണ്ട്. "എങ്കൽ വിശ്വസിക്കുന്ന ഈ ചെറിയവരിൽ (ആത്മികശിശുക്കളിൽ) ഒരുത്തന്നു ഇടർച്ച വരുത്തുന്നവന്റെ കഴുത്തിൽ വലിയൊരു തിരികല്ലു കെട്ടി അവനെ കടലിൽ ഇട്ടുകളയുന്നത് അവനു ഏറെ നല്ലത്" (മർക്കൊസ് 9:42) എന്നു കർത്താവ് അരുളിച്ചെയ്തുവെന്ന് വചനത്തിൽ നാം വായിക്കുന്നു. കർത്താവ് കൽപിച്ചിട്ടില്ലാത്ത യാതൊരു കാര്യവും നാം ആരെയും ഉപദേശിക്കാൻ പാടില്ല; വചനത്തിൽ പറഞ്ഞിട്ടില്ലാത്ത എന്തെങ്കിലും നിയന്ത്രണം ആരുടെ മേലെങ്കിലും അടിച്ചേൽപിക്കാൻ നാം ശ്രമിച്ചാൽ ക്രിസ്തുവിന്റെ ന്യായാസനത്തിനു മുമ്പിൽ നിൽക്കുമ്പോൾ (2 കൊരി. 5:10) നമുക്ക് തക്ക ശിക്ഷ ലഭിക്കും; അതു കഠിനമായ ശിക്ഷ തന്നെ ആയിരിക്കും എന്നാണ് ഈ വാക്യത്തിൽ ചൂണ്ടിക്കാണിച്ചിരിക്കുന്നത്.

മറ്റൊരാൾക്ക് ഇടർച്ച വരുത്തരുത് എന്നു പറഞ്ഞാൽ നാം മറ്റൊരാളിന്റെ വ്യക്തിപരമായ സ്വാതന്ത്ര്യങ്ങളുടെ മേൽ കൈവയ്ക്കുകയോ മറ്റൊരാൾക്ക് പ്രയാസമുണ്ടാക്കുകയോ ചെയ്യരുത് എന്നാണർത്ഥം. അല്ലാതെ നമുക്കില്ലാത്തത് നമ്മുടെ കൂട്ടുസഹോദരനുണ്ടെന്നു കണ്ടാൽ അസൂയ നിമിത്തം അവനുള്ളത് നമുക്ക് ഇടർച്ചയാണെന്നു പറഞ്ഞ് അതു അവനെക്കൊണ്ട് ഉപേക്ഷിപ്പിക്കാം എന്നല്ല. സ്നാനമേൽക്കുന്നതിനും കർത്തൃമേശയിൽ സംബന്ധി

ക്കുന്നതിനുമുള്ള അനുവാദം ആഭരണത്തിന്റെ പേരിൽ നാം ഒരാൾക്ക് നിഷേധിച്ചാൽ നാം അയാളുടെ ആത്മികജീവിതത്തിൽ ഇടർച്ച വരുത്തുന്നവരാണ്; നമ്മുടെ കർത്താവിൽ നിന്ന് ഒരു നാളിൽ ശിക്ഷ ലഭിക്കും; ഇതു നാം മനസ്സിലാക്കിക്കൊണ്ട് വിവേകത്തോടും നീതിബോധത്തോടും സഹിഷ്ണുതയോടും കൂടെ ഇന്നു പ്രവർത്തിക്കണം, എന്നിപ്രകാരം ചിന്തിക്കാനാണ് മേലുദ്ധരിച്ച വാക്യം നമ്മോടാവശ്യപ്പെടുന്നത്.

മറ്റുള്ളവർക്കു നാം ഇടർച്ച വരുത്തരുത് എന്നു പറഞ്ഞിരിക്കുന്നതിന്റെ അർത്ഥം മറ്റുള്ളവർ നമുക്കിഷ്ടമില്ലാത്തത് വല്ലതും ചെയ്താൽ, അതു നമുക്കു ഇടർച്ചയാണെന്നു പറഞ്ഞ്, അവരെ അതു ചെയ്യുന്നതിൽ നിന്നു പിന്തിരിപ്പിക്കാം എന്നായിരുന്നെങ്കിൽ നമ്മുടെ ഒരു കൂട്ടുസഹോദരൻ ഒരു കാർ വാങ്ങാൻ പോകുന്നു എന്നു കേട്ടാൽ, ‘‘സഹോദരാ, നീ കാറിൽ കയറി യാത്ര ചെയ്യുന്നത് എനിക്ക് ഇടർച്ചയാണ്’’ എന്നു പറഞ്ഞ് അവൻ കാർ വാങ്ങുമ്പോൾ അവനെ കർത്തൃമേശയിൽ നിന്നു മുടക്കാമായിരുന്നു; ‘‘സഹോദരാ, നീ ചായയിൽ പഞ്ചസാര ഇട്ടു കുടിക്കുന്നത് എനിക്ക് ഇടർച്ചയാണ്’’ എന്നു ഡയബറ്റിസ് ഇല്ലാത്ത ഓരോരുത്തരോടും ഡയബറ്റിസ് ഉള്ള ഒരാളിനു പറയാനും അവരെയെല്ലാം കർത്തൃമേശയിൽ നിന്നു മുടക്കാനും അധികാരം കിട്ടുമായിരുന്നു.

ഇങ്ങനെയെല്ലാം സർവ്വാബദ്ധങ്ങൾ പറയാൻ ഇടവരുത്തുന്ന വിധത്തിലാണോ ഇടർച്ച വരുത്തുന്നതിനെക്കുറിച്ച് കർത്താവ് പറഞ്ഞ വാക്കുകൾ വ്യാഖ്യാനിക്കേണ്ടത്? വ്യാഖ്യാനത്തിലൂടെ കർത്താവ് ഉദ്ദേശിച്ചതിന്റെ വിപരീതാർത്ഥം സ്ഥാപിച്ചെടുക്കാൻ ശ്രമിക്കുന്നത് ശരിയാണോ? ചിന്തിക്കുക.

# ആഭരണധാരണം: ബൈബിൾ എന്തു പറയുന്നു ?

16

## പ്രൊഫ. ടി. ജോൺമാത്യു, മണ്ണുത്തി

### ഇന്നത്തെ അവസ്ഥ

1 തിമൊ. 2:9-10; 1 പത്രൊസ് 3:3-5 എന്നീ വേദഭാഗങ്ങളിലെ ദൈവകല്പന അനുസരിക്കുകയാണെന്നും ലോകത്തെ അനുകരിക്കാതെ വേർപ്പെട്ടു ജീവിക്കുകയാണെന്നും ചിന്തിച്ചുകൊണ്ട് കേരളത്തിലെ ചില വിശ്വാസികൾ ഇന്നു ചെയ്യുന്നതെന്താണ്? നമ്മുടെ സഹോദരിമാർ ശരീരം നല്ലതുപോലെ മറച്ചിരുന്ന, പണ്ടത്തെ ചട്ടയും മുണ്ടും നേര്യതും മാറ്റി സാരിയും ബ്ലൗസും ധരിക്കാൻ തുടങ്ങിയത് എന്തുകൊണ്ടായിരുന്നു? ഹിന്ദു സ്ത്രീകളെ അനുകരിച്ചുകൊണ്ടല്ലേ അവർ സാരി-ബ്ലൗസ് വേഷം ധരിക്കാൻ തുടങ്ങിയത്? കഴുത്തും പാർശ്വങ്ങളും പ്രദർശിപ്പിക്കുന്ന വിധത്തിൽ, ലോകക്കാരെ അനുകരിച്ചുകൊണ്ടാണ് ക്രിസ്ത്യാനികളിൽ പലരും ഇന്നു വസ്ത്രം ധരിക്കുന്നത്. ആഭരണവർജ്ജനക്കാര്യത്തിൽ അവർ ബ്രാഹ്മണക്ഷത്രിയ വിധവമാരെയും അനുകരിക്കുന്നു.

ചുരുക്കത്തിൽ ലോകക്കാരായ ഹിന്ദു സ്ത്രീകളെയും ഭക്തകളായ ഹിന്ദു സ്ത്രീകളെയും ഒരു പോലെ അനുകരിക്കുന്ന അവസ്ഥയാണ് സാരി-ബ്ലൗസ് വേഷവും ആഭരണവർജ്ജനവും ഒന്നിച്ചു ചേരുമ്പോൾ ഉണ്ടാകുന്നത്. ദൈവവചനത്തിൽ പറയുന്ന, സൽപ്രവൃത്തികളും സൽസ്വഭാവവും അലങ്കാരമായിരിക്കുന്ന വേർപാടിന്റെ അവസ്ഥ ഇതാണോ? ലോകക്കാരായ ഹിന്ദു സ്ത്രീകളെ അനുകരിക്കുന്നത് നിർത്തിയിട്ട്, ശരീരം നല്ലതുപോലെ മറയ്ക്കുന്ന തരത്തിലുള്ള വസ്ത്രം ക്രിസ്ത്യാനി സ്ത്രീകൾ ധരിക്കാൻ തുടങ്ങിയെങ്കിൽ എത്ര നന്നായിരുന്നേനേ! ലോകക്കാരത്തി ഹിന്ദുവിനെയും ഭക്തഹിന്ദുവിനെയും ഒരു പോലെ അനുകരിച്ചു നടന്നിട്ട്, ജനങ്ങളിൽ നിന്നുള്ള വേർപാടാണ് തങ്ങൾ പാലിക്കുന്നതെന്ന് അവകാശപ്പെടുന്നവരുടെ വാക്കുകളിൽ സത്യമില്ലെന്നു സമ്മതിച്ചേ പറ്റൂ.

ലളിതജീവിതത്തിന്റെ ഭാഗമായി ആഭരണവർജ്ജനം പാലിക്കുന്നവർ കഴുത്തും പാർശ്വങ്ങളും വയറും ഒക്കെ നന്നായി മറയ്ക്കുന്ന തരത്തിൽ തന്നെ വസ്ത്രം ധരിക്കേണ്ടതാവശ്യമാണ്; അതു ചെയ്യാതിരിക്കുന്നത് യോഗ്യമായ വസ്ത്രം ധരിക്കണം എന്ന വചനത്തിലെ പ്രമാണത്തിന്റെ (1 തിമോ. 2:9) ലംഘനമാണ്. സാന്ദർഭികമായി പറയട്ടെ: പാശ്ചാത്യരാജ്യ ങ്ങളിലെ സ്ത്രീകളുടെ ചില വസ്ത്രഫാഷനുകൾ വളരെ മോശമായി അവരുടെ ശരീരം പ്രദർശിപ്പിക്കാൻ ഇടവരുത്തുന്നുണ്ട്. പുരുഷന്മാരുടെ വസ്ത്രം അവരുടെ ശരീരം നന്നായി മറയ്ക്കുമ്പോൾ സ്ത്രീയുടെ വസ്ത്രം അതു ചെയ്യുന്നില്ല

എന്ന അവസ്ഥ അവിടെയുണ്ട്. ക്രിസ്തീയവനിതകളും അവരുടെ കുടുംബാംഗങ്ങളും വചനവിരുദ്ധമായ ഇത്തരം ഫാഷനുകൾ സ്വീകരിക്കാൻ പാടില്ലാത്തതാണ്. അവർ വചനത്തിലെ ഉപദേശം സ്വീകരിച്ച് യോഗ്യമായ വസ്ത്രം ധരിച്ചു ശരീരം നന്നായി മറച്ചാൽ വചനപ്രകാരമുള്ള അലങ്കാരമുള്ളവരായി കാണപ്പെടാൻ അതു ഇടവരുത്തും.

ഇക്കാലത്തെ സാഹചര്യങ്ങൾ പരിഗണിച്ചാൽ സ്ത്രീകളുടെ വസ്ത്രത്തിന്റെ രൂപകല്പന പരിഷ്കരിക്കേണ്ടത് തികച്ചും അത്യാവശ്യമാണ്. ഇരുചക്രവാഹനങ്ങൾ വിഷമം കൂടാതെ ഓടിക്കുന്നതിനും പോക്കറ്റിൽ പണം ഭദ്രമായി സൂക്ഷിക്കുന്നതിനും അനുയോജ്യമായ, കഴുത്തും പാർശ്വങ്ങളും വയറും ഒക്കെ നന്നായി മറയ്ക്കുന്ന, കാറ്റു പിടിക്കാത്ത തരത്തിലുള്ള വസ്ത്രം രൂപകൽപന ചെയ്ത് അതുണ്ടാക്കി ധരിക്കാൻ ക്രിസ്ത്യാനി സ്ത്രീകൾക്ക് ദൈവം സ്വാതന്ത്ര്യം നൽകിയിട്ടുണ്ട്; ആ സ്വാതന്ത്ര്യം അവർ പ്രയോജനപ്പെടുത്തിയിരുന്നെങ്കിൽ യോഗ്യമായ വസ്ത്രം ധരിക്കുക എന്ന വചനത്തിലെ ഉപദേശം അനുസരിക്കുന്നവരായി അവർ കാണപ്പെടുമായിരുന്നു.

# ആഭരണധാരണം: ബൈബിൾ എന്തു പറയുന്നു? (17)

പ്രൊഫ. ടി. ജോൺമാത്യു, മണ്ണുത്തി

## വർജ്ജിക്കുക

ദൈവമക്കൾ വർജ്ജിക്കണമെന്ന് വചനത്തിൽ കൽപ്പിച്ചിരിക്കുന്ന പല കാര്യങ്ങളുമുണ്ട്. അവ നാം തീർച്ചയായും വർജ്ജിക്കേണ്ടതാണ്. വർജ്ജിക്കുവാൻ കല്പിച്ചിട്ടില്ലാത്തതു വർജ്ജിക്കുകയും വർജ്ജിക്കണമെന്നു കല്പിച്ചിരിക്കുന്നത് വർജ്ജിക്കാതിരിക്കുകയും ചെയ്യുന്ന അവസ്ഥ ദൈവമക്കൾക്ക് യോജിച്ചതല്ല. അതിനാൽ വർജ്ജിക്കണമെന്നു വചനം നിഷ്കർഷിച്ചിരിക്കുന്ന ചില കാര്യങ്ങളെക്കുറിച്ച് ഈ അദ്ധ്യായത്തിൽ നമുക്കു ചിന്തിക്കാം.

**1. ദ്രവ്യാഗ്രഹം**

ദ്രവ്യാഗ്രഹം (പണക്കൊതി) സകലവിധ ദോഷത്തിനും കാരണമായിരിക്കുന്നു (1 തിമൊ.6:10) എന്നും അതുനിമിത്തം ദൈവമുമ്പാകെയുള്ള നമ്മുടെ കർത്തവ്യങ്ങൾ നമുക്കു നിർവഹിക്കുവാൻ കഴിയാതെ പോകുമെന്നും വചനത്തിൽ മുന്നറിയിപ്പ് നൽകിയിരിക്കുന്നു. അതിനാൽ നമ്മിൽ ഈ സ്വഭാവം ഒട്ടുമില്ല എന്നുറപ്പുവരുത്തേണ്ടതാവശ്യമാണ്. "ഉണ്മാനും ഉടുപ്പാനും ഉണ്ടെങ്കിൽ മതി'' 1 തിമൊ.6:8) എന്നു നാം വിചാരിക്കണമെന്നു വചനത്തിൽ കല്പന കാണുന്നു. എന്താണ് ദ്രവ്യാഗ്രഹമെന്നും എന്താണ് ഉണ്മാനും ഉടുപ്പാനും ഉണ്ടെങ്കിൽ എന്ന പദപ്രയോഗത്തിന്റെ അർത്ഥമെന്നും നാം കൃത്യമായി മനസ്സിലാക്കേണ്ടതാണ്.

വിശ്വാസികളുടെ പിതാവായ അബ്രാഹാം ബഹുസമ്പന്നനായിരുന്നു (ഉല്പത്തി 24:35); എന്നാൽ അദ്ദേഹം ദ്രവ്യാഗ്രഹി ആയിരുന്നില്ല. ബിലെയാം അബ്രാഹാമിനെപ്പോലെ സമ്പന്നനായിരുന്നതായി വചനത്തിൽ യാതൊരു സൂചനയുമില്ല; എന്നാൽ അവൻ ദ്രവ്യാഗ്രഹി ആയിരുന്നു എന്നു വചനത്തിൽ (2 പത്രൊസ് 2:14-16) കാണുന്നു. ഫിലേമോൻ ഒരു സ്വത്തുകാരനും ഒരു സഭാകൂടിവരവ് സ്വന്തം വീട്ടിൽ നടത്തത്തക്കവിധം വലിപ്പമുള്ള ഒരു വീടിന്റെ ഉടമസ്ഥനുമായിരുന്നു (ഫിലമോന്നു എഴുതിയ ലേഖനം നോക്കുക). എന്നാൽ അദ്ദേഹം ദ്രവ്യാഗ്രഹി അല്ലായിരുന്നു എന്നു ചിന്തിക്കാനാണ് വചനത്തിൽ ന്യായം കാണുന്നത്. ഫിലമോനുണ്ടായിരുന്നതിനേക്കാൾ വളരെക്കുറച്ചു മാത്രം വസ്തുവകകൾ ഉണ്ടായിരുന്ന ഒരു പാവപ്പെട്ട മനുഷ്യനായിരുന്നു എലീശയുടെ ഭൃത്യനായിരുന്ന ഗേഹസി. അവൻ ദ്രവ്യാഗ്രഹി ആയിരുന്നു എന്നാണ് വചനത്തിൽ (2 രാജാ.5:26) കാണുന്നത്.

**ഒരാൾക്കുള്ള സ്വത്തിന്റെയോ വരുമാനത്തിന്റെയോ വലിപ്പമല്ല, അയാൾ ദ്രവ്യാഗ്രഹി ആണോ അല്ലയോ എന്നു നിർണ്ണയിക്കുന്ന മാനദണ്ഡം എന്നു ഇതെല്ലാം തെളിയിക്കുന്നു. ധനത്തോടുള്ള മനോഭാവമാണ് ഒരാൾ ദ്രവ്യാഗ്രഹി ആണോ അല്ലയോ എന്നു നിർണ്ണയിക്കുന്നത്.**

സാറയെ അടക്കം ചെയ്യുന്നതിന് ശ്മാനസ്ഥലം സൗജന്യമായി നൽകാമെന്നു അബ്രഹാമിനോട് ഹിത്യർ പറഞ്ഞപ്പോൾ (ഉല്പത്തി 23:5-11) പണം കൊടുക്കാതെ കാര്യം സാധിച്ചല്ലോ എന്നു വിചാരിച്ചു സന്തോഷിക്കുന്നതിനു പകരം മക്പേലാഗുഹയ്ക്കു എഫ്രോൻ നിർണ്ണയിച്ച വില കൊടുത്ത് അദ്ദേഹം അതു വാങ്ങുകയാണ് ചെയ്തത്. ഫലപുഷ്ടിയുള്ള സ്ഥലം വിട്ടുകൊടുക്കേണ്ട യാതൊരാവശ്യമില്ലാഞ്ഞിട്ടും ലോത്തിനിഷ്ടപ്പെട്ട സ്ഥലം തിരഞ്ഞെടുത്തുകൊള്ളുവാൻ അദ്ദേഹം അനുവദിച്ചു (ഉല്പത്തി 13:9). ന്യായമായി തനിക്കു ലഭിക്കേണ്ടതുപോലും തന്റെ കൈവശം വയ്ക്കുവാൻ അബ്രാഹാം ബദ്ധപ്പാടു കഴിച്ചില്ല എന്നാണു ഇതു തെളിയിക്കുന്നത്.

ലോത്തിനേയും സൊദോം രാജാവിനേയും കൂടെയുണ്ടായിരുന്നവരേയും അവരുടെ ശത്രുവിന്റെ കയ്യിൽ നിന്ന് അബ്രാഹാം വിടുവിച്ചപ്പോൾ (ഉല്പത്തി 14-ാം അദ്ധ്യായം നോക്കുക) തന്റെ സമ്പത്തു ഇതിനു പ്രതിഫലമായി എടുത്തുകൊള്ളുവാൻ സൊദോം രാജാവ് അദ്ദേഹത്തോടു പറഞ്ഞു. എന്നാൽ, അബ്രാഹാം യാതൊന്നും സൊദോം രാജാവിൽനിന്നു വാങ്ങിയില്ല. തനിക്കു ലഭിക്കാനർഹതയുള്ളത് ദൈവം കല്പിച്ചു തരുന്നെങ്കിൽ സ്വീകരിക്കുക എന്നതു മാത്രമായിരുന്നു സാമ്പത്തികകാര്യത്തിൽ അദ്ദേഹം സ്വീകരിച്ചിരുന്ന തത്ത്വം. എലീശയ്ക്ക് നയമാനിൽ നിന്ന് വളരെയധികം പണം സമ്മാനമായി നേടിയെടുക്കാൻ അവസരം കിട്ടിയെങ്കിലും അദ്ദേഹം അതിനു തയ്യാറായില്ല. (2 രാജാക്കന്മാർ 5-ാം അദ്ധ്യായം നോക്കുക).

അബ്രാഹാമിനും എലീശയ്ക്കും ഫിലേമോനും ധനത്തോടുണ്ടായിരുന്ന മനോഭാവത്തിനു വിരുദ്ധമായ മനോഭാവമാണ് ബിലെയാമിലും ഗേഹസിയിലും നാം കാണുന്നത്. ബിലെയാം അനീതിയുടെ കൂലി കൊതിച്ച് യിസ്രായേലിനെ ശപിക്കുവാൻ ശ്രമിച്ചു (സംഖ്യ 22-24 അദ്ധ്യായങ്ങൾ നോക്കുക). എലീശ സ്വീകരിക്കാതെ തിരികെക്കൊടുത്തയച്ചത് പിന്നാലെ ചെന്നു കള്ളം പറഞ്ഞ് ഗേഹസി തട്ടിയെടുത്തു. തങ്ങൾക്കു ന്യായമായി ലഭിയ്ക്കുവാനർഹതയില്ലെങ്കിലും വേണ്ടില്ല, പണമാണെങ്കിൽ എങ്ങനെയെങ്കിലും നേടിയെടുക്കണം എന്ന ചിന്താഗതിയാണ് ബിലെയാമിലും ഗേഹസിയിലും നാം കാണുന്നത്. അവർ ദ്രവ്യാഗ്രഹികളായിരുന്നുവെന്നു വചനം വ്യക്തമാക്കിയിരിക്കുന്നതിനാൽ, ദ്രവ്യാഗ്രഹം ഉപേക്ഷിക്കുക എന്നു പറഞ്ഞാൽ അവർക്കു ധനത്തോടുണ്ടായിരുന്ന മനോഭാവം നമ്മിലുണ്ടാകാതെ സൂക്ഷിക്കുക എന്നാണർത്ഥം.

ധനത്തോടു അബ്രാഹാമിനും എലീശയ്ക്കും ഫിലേമോനും ഉണ്ടായിരുന്ന

മനോഭാവം തന്നെയാണ് നമ്മിലും ഉള്ളത് എന്നു നാം ഉറപ്പു വരുത്തണം. ഗവൺമെന്റിന്റെ അംഗീകാരമുള്ള ബാങ്കുകൾ ഗവൺമെന്റിന്റെ അറിവോടു കൂടി ഈടാക്കുന്ന നിരക്കനുസരിച്ചുള്ള പലിശയേക്കാളധികം പലിശ മറ്റുള്ള വരിൽനിന്നു നാം ഈടാക്കുന്നുവെങ്കിൽ അതു ദ്രവ്യാഗ്രഹമാണെന്നു തന്നെ പറയേണ്ടിയിരിക്കുന്നു. **ഈ പാപം ഇന്നു ക്രിസ്തീയലോകത്തിൽ വ്യാപക മായിക്കൊണ്ടിരിക്കയാണ്. ദൈവമക്കൾ എന്നറിയപ്പെടുന്നവരും 'ബ്ലേഡ് കമ്പനികൾ' നടത്തുന്നതായി കേൾക്കുന്നു.** അവരുടെ നിശ്ചിത നിരക്കനു സരിച്ചുള്ള അമിത പലിശ കൊടുക്കാൻ കഴിയാതെ വരുന്നവരെ ഗുണ്ടാസംഘ ങ്ങളെക്കൊണ്ട് ഭീഷണിപ്പെടുത്തിക്കൊണ്ടുപോലും പലിശ ഈടാക്കുന്നതാ യിട്ടാണ് കേൾവി.

സൽപ്രവൃത്തികൾ അവരുടെ അലങ്കാരമായി ഇരിക്കുന്നില്ലെന്നതു മാത്ര മല്ല, ദ്രവ്യാഗ്രഹം എന്ന ഭയങ്കര പാപത്തെ ഒരു വിപരീതാലങ്കാരമായി ദൈവാ ത്മാവിനെ ധിക്കരിച്ചുകൊണ്ട് അവർ സ്വീകരിച്ചിരിക്കുന്നു എന്നും കൂടിയാണ് ഇതിന് അർത്ഥം വരുന്നത്. ഈ സ്ഥിതിവിശേഷത്തിന്റെ യഥാർത്ഥ ഗൗരവം നാം മനസ്സിലാക്കിയിരുന്നെങ്കിൽ, ഈ രംഗത്തു ലോകമനുഷ്യർ കാണിക്കുന്ന അനീതിയും ക്രൂരതയും നമ്മിൽ കാണപ്പെടാതിരിക്കാൻ നാം സൂക്ഷിച്ചേനെ. **(ഗവൺമെന്റിന്റെ നിയന്ത്രണത്തിൻകീഴുള്ള ബാങ്കുകൾ ഈടാക്കുന്ന പലിശനിരക്കിനെക്കാൾ കവിയാത്ത നിരക്കാണ് നമ്മുടേതെങ്കിൽ ദ്രവ്യാ ഗ്രഹം എന്ന പാപം നമ്മുടെ മേൽ ഉണ്ടായിരിക്കുകയില്ല; എന്നാൽ നാം സൽപ്രവൃത്തികളിൽ ഉത്സുകരായിരിക്കാൻ കടപ്പാടുള്ളവരായതിനാൽ അതിനെക്കാളും കുറഞ്ഞ നിരക്കിലുള്ള പലിശ മാത്രമേ മറ്റുള്ളവരിൽ നിന്ന് ഈടാക്കാൻ പാടുള്ളൂ)** അന്യായമാർഗ്ഗത്തിലൂടെ ആരുടെയും പണം നമ്മുടെ കയ്യിലെത്താതെ സൂക്ഷിക്കുകയാണ് ദ്രവ്യാഗ്രഹം വർജ്ജിക്കുന്നതി നുള്ള മാർഗ്ഗം. ദ്രവ്യാഗ്രഹം എന്ന പാപം നമ്മിൽ ഒട്ടുമുണ്ടാകാതെ സൂക്ഷി ക്കേണ്ടത് നമ്മുടെ ആത്മിക വളർച്ചയ്ക്ക് അത്യന്താപേക്ഷിതമാണ്.

# ആഭരണധാരണം: ബൈബിൾ എന്തു പറയുന്നു? (18)

പ്രൊഫ. ടി. ജോൺമാത്യു, മണ്ണുത്തി

## വർജ്ജിക്കുക

**[ആഭരണം വർജ്ജിക്കാൻ പറഞ്ഞിട്ടില്ലെങ്കിലും മറ്റു ചിലത് വർജ്ജിക്കാൻ ദൈവവചനമായ ബൈബിൾ പറഞ്ഞിട്ടുള്ള കാര്യം ചൂണ്ടിക്കാണിക്കുക യാണ് ലേഖകൻ. ദ്രവ്യാഗ്രഹം വർജ്ജിക്കണമെന്ന കാര്യം കഴിഞ്ഞ ലക്ക ത്തിൽ എഴുതിയിരുന്നത് ഓർക്കുമല്ലോ. തുടർന്നു വായിക്കുക – *എഡിറ്റർ*]**

### 2. ആഡംബരങ്ങൾ

ക്രിസ്തീയജീവിതം സംതൃപ്തിയുള്ള ജീവിതമാണ്. ഉള്ളതു കൊണ്ട് തൃപ്തിപ്പെടണം (എബ്രാ.13:5). ഉണ്മാനും ഉടുപ്പാനും ഉണ്ടെങ്കിൽ മതി എന്നു വിചാരിക്കണം (1 തിമൊ.6:8) എന്നീ കല്പനകൾ നാം അനുസരിക്കുമ്പോൾ, ആഡംബരങ്ങൾക്കുവേണ്ടി ഇല്ലാത്ത പണമുണ്ടാക്കി ചെലവാക്കാൻ നമുക്കു മനസ്സു വരികയില്ല. 'ഉണ്മാനും ഉടുപ്പാനും ഉണ്ടെങ്കിൽ' എന്നത് ഭാഷയിലെ ഒരു ശൈലി ആണ്; അതിനർത്ഥം 'ജീവിതത്തിനു അത്യാവശ്യമായ കാര്യങ്ങ ളൊക്കെ ഉണ്ടെങ്കിൽ' എന്നാണ്. നമുക്കാവശ്യമെന്നു ദൈവം കാണുന്ന കാര്യ ങ്ങൾ മാത്രം ലഭിക്കുവാൻ ആഗ്രഹിക്കുകയും ആവശ്യമില്ലെന്നു ദൈവം കരു തുന്നവ ലഭിക്കാൻ ആഗ്രഹിക്കാതിരിക്കുകയും ചെയ്തുകൊണ്ട് ആഡംബര പ്രിയം നമ്മിലുണ്ടാകാതെ നാം സൂക്ഷിക്കണം.

ഈ ലോകത്തിൽ തങ്ങളുടെ നിക്ഷേപം സ്വരൂപിക്കുന്ന ആളുകൾ തങ്ങ ളുടെ ധനവും പ്രതാപവും പ്രദർശിപ്പിക്കാനായി അനേക ലക്ഷങ്ങൾ ചെലവ ഴിച്ച് വീടുകൾ പണിയുകയും അതിനനുയോജ്യമായ തരത്തിലുള്ള ആഡംബര വസ്തുക്കൾ വാങ്ങി അവയെ അലങ്കരിക്കുകയും ചെയ്യുന്നു. അവരെ അനുക രിച്ച് ദൈവമക്കളായ നാമും അങ്ങനെ പ്രവർത്തിച്ചാൽ 'ഉണ്മാനും ഉടുപ്പാനും ഉണ്ടെങ്കിൽ മതി എന്നു വിചാരിക്ക' എന്ന കല്പന നാം ലംഘിച്ചവരായി ത്തീരും. **വീട്, ഫർണീച്ചർ, വസ്ത്രം മുതലായ കാര്യങ്ങളിൽ വലിയ ആ ഡംബര പ്രിയം ഇന്നു ക്രിസ്തീയ ലോകത്തിൽ കാണുന്നുണ്ട്; അതു ദൈവി കപ്രമാണങ്ങളുടെ ലംഘനം തന്നെയാണ്. അതു നാം തീർച്ചയായും ഒഴിവാക്കണം.**

### 3. ദുർന്നടപ്പ്

യാതൊരു വിധത്തിലുള്ള ദുർന്നടപ്പും ദൈവമക്കളുടെയിടയിൽ കാണ പ്പെടരുത് എന്നുള്ളതാണ് വചനത്തിലെ കല്പന. ദുർന്നടപ്പ് വിട്ടോടുവിൻ

എന്നു 1 കൊരി. 6:18ൽ നാം വായിക്കുന്നു. ഓരോരുത്തനു സ്വന്ത ഭാര്യയും ഓരോരുത്തിക്ക് സ്വന്ത ഭർത്താവും ഉണ്ടായിരിക്കട്ടെ (1 കൊരി. 7:2) എന്ന പ്രമാണം അർത്ഥമാക്കുന്ന പരിധിക്കപ്പുറത്തേക്കു കടക്കുന്ന ഏതു വിധത്തി ലുള്ള ലൈംഗികബന്ധവും ദുർന്നടപ്പാണ്. അതു ജീവിതത്തിൽ ഉണ്ടാകാതിരി ക്കത്തക്കവിധം ദൈവകൃപയിലാശ്രയിച്ചു കൊണ്ട് ഓരോരുത്തരും തന്നെ ത്താൻ സൂക്ഷിക്കണമെന്നാണ് ദൈവഹിതം. കളങ്കമറ്റ വിശുദ്ധജീവിതം നയി ക്കാനാവശ്യമായ കൃപ നൽകണമേ എന്നുള്ളതു നമ്മുടെ പ്രാർത്ഥനാവിഷയ ങ്ങളിലൊന്നാണെങ്കിൽ ദൈവം നമ്മുടെ ചിന്തകളേയും സാഹചര്യങ്ങളേയും ക്രമീകരിച്ച് നാം ദുർന്നടപ്പുകാരായിത്തീരാതെ നമ്മെ കാത്തു സൂക്ഷിക്കു മെന്നതിനു സംശയമില്ല.

ഈ വിഷയത്തോടുള്ള ബന്ധത്തിൽ ഓർക്കേണ്ട ഒരു സംഗതി, നാം ശരി യായതു പ്രവർത്തിക്കുകയും തെറ്റായതു പ്രവർത്തിക്കാതിരിക്കുകയും ചെയ്യു ന്നതിൽ മാത്രം ശ്രദ്ധിച്ചാൽ മതിയാകില്ല എന്നതാണ്. ദുർന്നടപ്പ് നിങ്ങളുടെ ഇടയിൽ പേർ പറകപോലുമരുത് (എഫെ.5:3) എന്നാണ് വചനത്തിൽ നാം വായിക്കുന്നത്. അതിനർത്ഥം താൻ ദുർന്നടപ്പുകാരനാണെന്നോ ദുർന്നടപ്പു കാരിയാണെന്നോ ന്യായമായി സംശയിക്കുന്നതിനുള്ള പഴുത് ഒരു വിശ്വാസി മറ്റുള്ളവർക്കു ഒരിക്കലും കൊടുക്കരുതെന്നാണ്. അതിനാൽ ദുർന്നടപ്പ് വർ ജ്ജിച്ചുകൊണ്ട് ജീവിച്ചാൽ മാത്രം പോരാ, അങ്ങനെ ജീവിക്കുന്നുവെന്ന് നീതി ബോധവും വിവേകവുമുള്ളവർ നമ്മെ നോക്കുമ്പോൾ മനസ്സിലാക്കാനിട വരത്തക്കവിധത്തിൽ തന്നെ നാം ജീവിക്കണം; നമ്മുടെ വാക്കുകളെയും പ്രവർത്തികളെയും പെരുമാറ്റത്തെയും മറ്റുള്ളവർ വിലയിരുത്തുമ്പോൾ അവർ നമ്മെ ന്യായമായി സംശയിക്കാൻ ഇടവരാത്ത വിധത്തിൽ കുറ്റാരോപണ സാദ്ധ്യതകൾ ഒഴിവാക്കിക്കൊണ്ടുള്ള നല്ല നടപ്പാണ് നമ്മിൽ കാണപ്പെടേണ്ട ത്. എല്ലാ വിധത്തിലുള്ള ദുർന്നടപ്പും (1 കൊരി.6:9-10 നോക്കുക) വർജ്ജി ച്ചുകൊണ്ടുള്ള ജീവിതമാണ് നാം നയിക്കേണ്ടത്.

## 4. ഷൈൻ ചെയ്യാനുള്ള ആഗ്രഹം

വിളങ്ങി ശോഭിക്കുക എന്നർത്ഥമുള്ള ഷൈൻ (shine) എന്ന ഇംഗ്ലീഷ് പദം ഇക്കാലത്തു മലയാളത്തിൽ ധാരാളം ഉപയോഗിച്ചു കേൾക്കാറുണ്ട്. പല രംഗങ്ങളിലും, ഷൈൻ ചെയ്യാൻ ശ്രമിക്കുന്ന ധാരാളം ആളുകളെ നാം കണ്ടെത്താറുണ്ട്. മുദ്രാവാക്യങ്ങൾ വിളിക്കുകയും ബഹളം വച്ചു നടക്കുകയും തെരഞ്ഞെടുപ്പുകളിൽ മത്സരിക്കുകയും ഒക്കെ ചെയ്യുന്ന സ്കൂൾ-കോളേജ് വിദ്യാർത്ഥികളെ നയിക്കുന്ന പ്രധാനപ്പെട്ട ചേതോവികാരം ഷൈൻ ചെയ്യാനു ള്ള അവരുടെ ആഗ്രഹമാണ്. ക്രിസ്തീയ ലോകത്തിൽ നേതൃസ്ഥാനങ്ങളി ലിരിക്കുന്നവരിലും ആ സ്ഥാനങ്ങളിൽ എങ്ങനെയെങ്കിലും കയറിപ്പറ്റണമെ ന്നാഗ്രഹിക്കുന്നവരിലും ഈ വികാരം ഒട്ടും കുറവല്ലാത്ത അളവിൽ കാണ പ്പെടാറുണ്ട്.

ചിലർ പ്രസംഗിക്കുമ്പോൾ വചനസത്യങ്ങൾ വ്യക്തമായി ചൂണ്ടിക്കാണിക്കേണ്ടതിനു പകരം സ്വന്തം മാഹാത്മ്യം വെളിപ്പെടുത്തുന്ന പല കാര്യങ്ങളും പറകയും തങ്ങളുടെ പ്രസംഗപാടവവും പേരും പെരുമയുമൊക്കെ പരോക്ഷമായി പ്രദർശിപ്പിക്കുകയും ചെയ്യുന്നു; മറ്റു ചിലർ സുവിശേഷപ്രസംഗം നടത്തുന്നതിനിടയിൽ തങ്ങളുടെ മക്കളും ബന്ധുമിത്രാദികളുമൊക്കെ വിദേശരാജ്യങ്ങളിലാണെന്നു വെളിപ്പെടുത്താൻ സൂത്രം പ്രയോഗിക്കുന്നു. വേറെ ചിലർ പ്രസംഗിക്കുന്നതിനിടയിൽ തക്കതായ ആവശ്യം ഒന്നും ഇല്ലാതെ തങ്ങളുടെ പാണ്ഡിത്യം, ബഹുഭാഷാജ്ഞാനം ഇവയൊക്കെ പ്രദർശിപ്പിക്കുന്നു. മറ്റു ചിലർ വ്യക്തികളോടിടപ്പെട്ട് സുവിശേഷം പറയാൻ താൽപര്യം കാണിക്കാറില്ലെങ്കിലും ഒരു സ്റ്റേജ് കണ്ടാൽ അവിടെക്കയറി ഒന്നു പ്രാർത്ഥിക്കുകയെങ്കിലും ചെയ്യണമെന്നു നിർബന്ധം കാണിക്കുന്നു.

ഇതിന്റെയെല്ലാം പിന്നിലെ പ്രേരണ, മറ്റുള്ളവരെ അപേക്ഷിച്ച് തങ്ങൾക്കു കൂടുതലായുള്ള ശ്രേഷ്ഠത പരോക്ഷമായി പ്രദർശിപ്പിച്ച് ഷൈൻ ചെയ്യണമെന്നുള്ള ആഗ്രഹമല്ലാതെ മറ്റൊന്നുമല്ല. ഇതു പാപമൊന്നുമല്ലായിരിക്കാം. എന്നാൽ പരിശുദ്ധാത്മാവിന്റെ ഫലമായ സൗമ്യതയ്ക്കു (ഗലാ.5:22) കടകവിരുദ്ധമാണ്. ഷൈൻ ചെയ്യാനുള്ള (മനുഷ്യദൃഷ്ടിയിൽ വിളങ്ങി ശോഭിക്കാനുള്ള) ഈ വ്യഗ്രത എന്നതിനു സംശയമില്ല. ഈ സ്വഭാവം പൂർണ്ണമായി വർജ്ജിക്കുവാനും നമ്മുടെ വാക്കുകളിലും പെരുമാറ്റത്തിലും യഥാർത്ഥത്തിലുള്ള വിനയം എപ്പോഴും കാണിക്കുവാനും നാം ശ്രദ്ധിക്കേണ്ടതാണ്.

കൂടുതൽ ചിന്തിച്ചാൽ, നാം വർജ്ജിക്കേണ്ട നിരവധി കാര്യങ്ങൾ ദൈവവചനത്തിന്റെ വെളിച്ചത്തിൽ നമുക്ക് കണ്ടെത്താൻ സാധിക്കും. ആഡംഭരം, ദുർന്നടപ്പ്, ദ്രവ്യാഗ്രഹം ഇവയ്ക്കെല്ലാം പുറമെ പരദൂഷണം, ഈർഷ്യ, പിണക്കം, കോപം, അസൂയ, ഭോഷ്ക്, ഭോഷ്കിനു തുല്യമായ അതിശയോക്തി തുടങ്ങിയ നിരവധി കാര്യങ്ങളും ദൈവവചനം വർജ്ജിക്കണം. അവ വർജ്ജിക്കണമെന്നതു ദൈവാത്മാവിന്റെ കല്പനയാണ്. അതു നാം അനുസരിച്ചേ മതിയാകൂ; എപ്പോഴും സ്വയം ശോധന ചെയ്തുകൊണ്ട്, അവ നമ്മിലുണ്ടാകുന്നുവോ എന്നു ശ്രദ്ധിക്കുകയും അവയെ ദൂരീകരിക്കുന്ന പരിശുദ്ധാത്മാവിന്റെ ഫലമായ സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം എന്നിവ നമ്മിൽ എല്ലായ്പോഴുമുണ്ടെന്നു ഉറപ്പുവരുത്തുകയും ചെയ്യണം.

[ആഭരണം ധരിച്ചിട്ടുള്ള ഒരാളിനെ നമ്മുടെ സഭയിൽ കർത്തൃമേശയിൽ പങ്കെടുക്കാൻ അനുവദിക്കുമ്പോൾ നാം അതിനെതിരെ പ്രതിഷേധിക്കുന്നുവെങ്കിൽ നമ്മിൽ അസൂയ (എനിക്കില്ലാത്തത് മറ്റുള്ളവർക്കും പാടില്ല എന്ന ചിന്ത) ഉണ്ട് എന്നു തെളിയുന്നു. ആ ജഡികവികാരത്തെ മരിപ്പിച്ചെങ്കിലേ അസൂയ നാം വർജ്ജിച്ചിരിക്കുന്നു എന്നു പറയാൻ കഴിയികയുള്ളൂ]

# ആഭരണധാരണം: ബൈബിൾ എന്തു പറയുന്നു? (19)

## പ്രൊഫ. ടി. ജോൺമാത്യു, മണ്ണുത്തി

### സ്വീകരിക്കുക: സൽപ്രവൃത്തികൾ എന്ന അലങ്കാരം

സ്ത്രീകളെ പ്രത്യേകം പരാമർശിച്ചുകൊണ്ട്, അവരുടെ അലങ്കാരം സൽ പ്രവൃത്തികൾ ആയിരിക്കണമെന്ന് തിമോഥെയോസിനെഴുതിയ ലേഖനത്തിൽ പൗലോസപ്പോസ്തലൻ പറഞ്ഞിരിക്കുന്നത് പൊതുവെ എല്ലാ ദൈവമക്കൾ ക്കും നൽകപ്പെട്ടിരിക്കുന്ന കല്പന തന്നെയാണ്. 1 തിമൊ.6:18-19; തീത്തൊസ് 2:7; 3:8; ഗലാത്യർ 6:10; എഫെസ്യർ 2:10 തുടങ്ങിയ വേദഭാഗങ്ങളിൽ നാം സൽപ്രവൃത്തികൾ ധാരാളം ചെയ്യുന്നവരായിരിക്കണം എന്ന ഉദ്ബോധനം കാണുന്നു. അതു നാം അനുസരിച്ചാൽ ആഭരണങ്ങളും വസ്ത്രങ്ങളും അല ങ്കാരങ്ങളായി ഉപയോഗിക്കുവാൻ നമുക്കു താല്പര്യമോ കഴിവോ ഉണ്ടാവു കയില്ല.

നിർഭാഗ്യവശാൽ അലങ്കാരങ്ങളെക്കുറിച്ചു ദൈവവചനത്തിൽ കാണുന്ന കല്പനയുടെ സാരാംശം ഏതോ ഒരു വർജ്ജനാചരണമാണെന്നു കേരള ത്തിൽ അനേകം വിശ്വാസികൾ തെറ്റിദ്ധരിച്ചുപോയി; വാസ്തവത്തിൽ പരിശു ദ്ധാത്മാവിന്റെ ഫലമായ സ്നേഹം നമ്മുടെ പ്രവൃത്തികളിലൂടെ ധാരാളമായി വെളിപ്പെടുവാൻ നാം അനുവദിക്കണം എന്ന സൽപ്രവൃത്തിസ്വീകരണത്തി ന്റെ കല്പനയാണത് എന്നു ഇപ്പോൾ നാം വ്യക്തമായി മനസ്സിലാക്കിക്കഴി ഞ്ഞു. ഇനി ഇതു നമ്മുടെ പ്രായോഗിക ജീവിതത്തിൽ നാം അനുഭവപ്പെടു ത്തേണ്ടിയിരിക്കുന്നു.

അതു ചെയ്യുമ്പോൾ നാം വളരെയധികം നന്മ പ്രവൃത്തിക്കുന്നവരും തിന്മ ക്കെതിരെ ഉചിതമായി, വചനപ്രകാരം പ്രതികരിക്കുന്നവരും ആയിത്തീരും. അപ്പോഴാണ് വിരോധികൾക്ക് നമ്മെക്കുറിച്ച് ഒരു തിന്മയും പറയാൻ കഴിയാ തെ വരുന്ന അവസ്ഥയുണ്ടാകയും നാം വാസ്തവമായി ക്രിസ്തുയേശുവിൽ പുതിയ സൃഷ്ടികളാണെന്നു ലോകത്തിനു ബോധ്യമാകയും ചെയ്യുന്നത്. ഇപ്രകാരം സംഭവിക്കണമെങ്കിൽ നമ്മുടെ ചുറ്റുപാടും നടന്നു കൊണ്ടിരി ക്കുന്ന കാര്യങ്ങളെപ്പറ്റി നാം ബോധവാന്മാരായിരിക്കണം. അവ ശ്രദ്ധിക്കുന്ന വരും ദൈവഹിതപ്രകാരം അവയോടു പ്രതികരിക്കുന്നവരും ആയി നാം ഇരിക്കണം.

സ്ത്രീകൾക്കും പെൺകുട്ടികൾക്കും എതിരെയുള്ള അക്രമങ്ങൾ വർദ്ധിച്ചു കൊണ്ടിരിക്കയാണെന്നു Human Rights Watch എന്ന സംഘടന പ്രസിദ്ധീ കരിച്ച റിപ്പോർട്ടുകളിൽ പറഞ്ഞിരിക്കുന്നു. ദൈനംദിനം പ്രസിദ്ധീകരിക്കപ്പെടുന്ന

പത്രവാർത്തകളും ഇതു വ്യക്തമാക്കുന്നു. പൗരാവകാശങ്ങൾക്കു വളരെ പ്രാധാന്യം നൽകപ്പെട്ടിട്ടുള്ള അമേരിക്കൻ ഐക്യനാടുകളിലും സ്ത്രീകൾ വളരെയധികം അതിക്രമങ്ങൾക്ക് വിധേയരായിക്കൊണ്ടാണിരിക്കുന്നത്.

ചുരുക്കത്തിൽ, നീതിബോധവും മനുഷ്യസ്നേഹവുമുള്ള ഏതൊരു മനുഷ്യന്റേയും ഹൃദയത്തെ വളരെയധികം വേദനിപ്പിക്കുന്ന സ്ഥിതിവിശേഷമാണ് നമ്മുടെ ചുറ്റുപാടുമുള്ള ലോകത്തിൽ നാം കാണുന്നത്. ഭൂമിയുടെ ഉപ്പ് എന്ന നിലയിൽ കാണപ്പെടുവാൻ ചുമതലയുള്ള ദൈവമക്കളായ നാം ഇതിനെതിരെ ഫലപ്രദമായി പ്രതികരിക്കേണ്ടതാണ്. അതിനു വചനാനുസൃതമായ മാർഗ്ഗങ്ങൾ നമ്മുടെ മുമ്പാകെ ഉണ്ടെന്നതാണ് സത്യം. അധർമ്മത്തിനും ദുഷ്ടതയ്ക്കും ആരും ഇരയായിത്തീരാതിരിക്കേണ്ടതിനും സാത്താന്റെ, ഈ ഭൂമിയിലെ വാഴ്ച ദൈവം വേഗത്തിൽ അവസാനിപ്പിക്കേണ്ടതിനും അധർമ്മങ്ങൾക്കിരയായിട്ടുള്ള സകലരെയും ദൈവം വിടുവിച്ചു രക്ഷിക്കേണ്ടതിനും വേണ്ടി ശ്രദ്ധയോടുകൂടി പ്രാർത്ഥിക്കുക എന്നതാണ് നാം ചെയ്യേണ്ട ഒന്നാമത്തെ കാര്യം.

രണ്ടാമത്, ദൈവം നമുക്കു കാണിച്ചുതരുന്ന ന്യായമായ മാർഗ്ഗങ്ങളുപയോഗിച്ച് ദുഷ്ടതയ്ക്കും മറ്റും ഇരയായിട്ടുള്ളവരെ സഹായിക്കാൻ നാം ശ്രമിക്കണം. സതി എന്ന ഭയങ്കരമായ ക്രൂരത *(പുരുഷന്മാർ മരിക്കുമ്പോൾ അവരുടെ ശരീരങ്ങളോടൊപ്പം അവരു ടെ ജീവനുള്ള ഭാര്യമാരെക്കൂടി ചിതയിലിട്ടു ദഹിപ്പിച്ചുകൊണ്ടിരുന്ന രീതി)* നമ്മുടെ രാജ്യത്തു നടമാടിക്കൊണ്ടിരുന്ന കാലത്ത് **വില്യം ക്യേറി** അതിനെതിരെ ദൈവത്തോടു പ്രാർത്ഥിക്കുക മാത്രമല്ല ചെയ്തത്. അതു നിരോധിച്ചുകൊണ്ടുള്ള നിയമങ്ങളുണ്ടാക്കുന്നതിനായി ഗവൺമെന്റിനോടാവശ്യപ്പെടുകയും തന്നാലാവുന്ന സ്വാധീനം അധികാരികളുടെ മേൽ ചെലുത്തുകയും ചെയ്തു.

ഈ കൊടും ക്രൂരത അവസാനിപ്പിക്കുന്നതിനു ജനങ്ങളെ പ്രേരിപ്പിക്കുന്നതിനായി അവരെ ബോധവൽക്കരിക്കാനും അദ്ദേഹം ശ്രമിച്ചു കൊണ്ടിരുന്നു. അങ്ങനെയാണ് 1829 ഡിസംബർ 5-ാം തീയതി ഞായറാഴ്ച രാവിലെ അന്നത്തെ ബ്രിട്ടീഷ് ഗവർണ്ണർ ജനറലായിരുന്ന ലോർഡ് വില്യം ബന്റിക്കിന്റെ പ്രത്യേക ദൂതൻ വില്യം ക്യേറിയുടെ താമസസ്ഥലത്തെത്തി സതി നിർത്തലാക്കിക്കൊണ്ടുള്ള ഇംഗ്ലീഷ് ഭാഷയിലെ വിളംബരം അദ്ദേഹത്തിന്റെ കയ്യിൽ

## വില്യം ക്യേറി

**'ആധുനിക മിഷനറി പ്രസ്ഥാനത്തിന്റെ പിതാവ്' എന്ന അപര നാമത്തിൽ അറിയപ്പെടുന്ന ഈ വിശ്രുത ദൈവദാസൻ ഇംഗ്ലണ്ടിലെ ലെസ്റ്ററിൽ നിന്ന് 1793 ഏപ്രിൽ മാസത്തിൽ ഇന്ത്യയിലേക്കു യാത്രതിരിക്കുകയും നവംബർ മാസത്തിൽ കൽക്കട്ടയിൽ എത്തിച്ചേരുകയും ചെയ്തു. നീണ്ട നാൽപതു വർഷങ്ങൾ മിഷനറിയായി അത്യദ്ധ്വാനം ചെയ്യുകയും വേദപുസ്തകം പൂർണ്ണമായോ ഭാഗികമായോ മുപ്പത്താറ് ഭാരതീയ ഭാഷകളിലേക്കു വിവർത്തനം ചെയ്യുകയും സെറാമ്പൂർ ക്രിസ്ത്യൻ കോളജ് സ്ഥാപിക്കുകയും പല സ്ഥലങ്ങളിൽ സഭാസ്ഥാപനം നടത്തുകയും ചെയ്തശേഷം 1834 ജൂൺ 9-ാം തീയതി പ്രഭാതത്തിൽ കർത്തൃസന്നിധിയിൽ പ്രവേശിച്ചു.**

ഏൽപ്പിച്ചിട്ട് അത് ഉടൻ തന്നെ ബംഗാളി ഭാഷയിലേക്കു തർജ്ജമ ചെയ്തുകൊടു ക്കണമെന്നാവശ്യപ്പെടാനിടയായത്. (*William Carey by trade a cobbler* എന്ന ഗ്രന്ഥം പേജ് 141).

രാഷ്ട്രീയക്കാരനോ ഉദ്യോഗസ്ഥനോ ഭരണകർത്താവോ ഒന്നും ആയിത്തീരാതെ ഒരു ഉത്തമ ദൈവദാസനായിരുന്നുകൊണ്ടുതന്നെ നമ്മുടെ രാജ്യത്തിനു മറക്കാനാ വാത്ത ഒരു സാമൂഹ്യ പരിഷ്കർത്താവായിത്തീരുന്നതിനും അദ്ദേഹത്തിനു കഴിഞ്ഞു. ഇതേ വിധത്തിൽ ദൈവമക്കളായ നമുക്കോരോരുത്തർക്കും ഇന്നത്തെ ലോകത്തിൽ നടമാടുന്ന ദുഷ്ടതകൾക്കെതിരെ പലതും ചെയ്യാനും അവയ്ക്കിരയായിട്ടുള്ള പലരെ യും രക്ഷിക്കാനും സാധിക്കും. അതിനായി, ദൈവത്തിന്റെ അനുഗൃഹീതദാസനാ യിരുന്ന വില്യം ക്യേറിക്കുണ്ടായിരുന്ന കാഴ്ചപ്പാടോടുകൂടി നാം പ്രവർത്തിക്കേണ്ടി യിരിക്കുന്നു.

അങ്ങനെ പ്രവർത്തിക്കാൻ നാം തയ്യാറായാൽ മദ്യപാനം, സ്ത്രീകൾക്കും കുട്ടി കൾക്കും എതിരെ നടന്നുകൊണ്ടിരിക്കുന്ന അതിഭയങ്കരമായ അതിക്രമങ്ങൾ, ചില ഹോട്ടലുകളിലും തീപ്പെട്ടിഫാക്ടറികളിലും ജോലി ചെയ്യുന്ന കുട്ടികൾ അനുഭവി ക്കേണ്ടിവരുന്ന ചൂഷണങ്ങൾ, ചെമ്മീൻ സംസ്കരണ ഫാക്ടറികളിൽ ജോലി ചെയ്യു ന്ന പെൺകുട്ടികളുടെ ദുരിതങ്ങൾ, റോഡപകടങ്ങൾക്കു നേരെ അധികാരികളും രാഷ്ട്രീയ നേതാക്കളും കാണിക്കുന്ന നിസ്സംഗത, പ്രൊഫഷണൽ കോളജുകളിൽ നടമാടുന്ന റാഗിംഗ് തുടങ്ങി നമ്മുടെ രാജ്യത്തെ ജനങ്ങൾ സഹിച്ചുകൊണ്ടിരിക്കുന്ന നിരവധി സാമൂഹ്യതിന്മകൾ പൂർണ്ണമായി ദൂരീകരിക്കാനോ, കുറഞ്ഞപക്ഷം അവയുടെ കാഠിന്യം കുറയ്ക്കാനെങ്കിലുമോ തീർച്ചയായും സാധിക്കും.

ഇതു ചെയ്യുന്നതോടൊപ്പം എല്ലാവരോടും എപ്പോഴും നന്മ ചെയ്തു കൊണ്ടി രിപ്പിൻ എന്ന കല്പനപ്രകാരം (1 തെസ്സ. 5:15) സൽപ്രവൃത്തികൾ ധാരാളമായി ചെയ്യു ന്നതിനു വേണ്ടി നാം പണവും സമയവും ചെലവഴിക്കണം. അപ്പോൾ നമ്മുടെ ചുറ്റു പാടുമുള്ള അനേകം ആളുകൾക്ക് നാം മുഖാന്തരം നന്മകൾ ഉണ്ടാകും; എഴുത്തും വായനയും അറിയാത്തവർ അവ അറിയുന്നവരായി രൂപാന്തരപ്പെടും. രോഗം വന്നിട്ടു ചികിത്സിക്കാൻ മാർഗ്ഗമില്ലാതെ വിഷമിക്കുന്നവർക്കു ചികിത്സയ്ക്കു മാർഗ്ഗമുണ്ടാകും; വീടില്ലാതെ വിഷമിക്കുന്നവർക്കു അത്യാവശ്യം വേണ്ട താമസസൗകര്യങ്ങൾ ഉണ്ടാ കും; സാമ്പ ത്തിക പ്രശ്നങ്ങളാൽ വിവാഹം മുടങ്ങിക്കിടക്കുന്നവരുടെ വിവാഹങ്ങൾ നടക്കും; ദുഃഖിതർക്കു സന്തോഷമുണ്ടാകും; ദൈവം ഇല്ല എന്നു പറയുന്നവർ അദൃശ്യ നായ ദൈവത്തെ നമ്മുടെ പ്രവൃത്തികളിലൂടെ ദർശിക്കുവാനും ഇടവരും.

ഇത്തരം വമ്പിച്ച പരിവർത്തനങ്ങൾ നമുക്കു ചുറ്റുമുള്ള സമൂഹത്തിൽ ഉണ്ടാക്കുവാനുള്ള കഴിവും ഉത്തരവാദിത്തവും ദൈവം നമ്മെ ഭരമേൽപ്പിച്ചിരിക്കയാണ്. അതു മനസ്സിലാക്കി ക്കൊണ്ട് സൽപ്രവൃത്തികളുടെ രംഗത്ത് ഇന്നു പ്രകടിപ്പിക്കുന്ന നിഷ്ക്രിയത്വവും നിസ്സം ഗതയും നാം ഉപേക്ഷിക്കണം. നന്മ ചെയ്യാനും തിന്മക്കെതിരെ വചനപ്രകാരം ഉചിതമായ വിധത്തിൽ പ്രതികരിക്കാനും നാം തുടങ്ങണം. അതു ചെയ്താൽ മാത്രമേ വർജ്ജിക്കുവാൻ ദൈവം കല്പിച്ചിരിക്കുന്ന കാര്യങ്ങൾ വർജ്ജിച്ചിരിക്കുന്നവരായും സ്വീകരിക്കാൻ കല്പി ച്ചിരിക്കുന്ന സൽപ്രവൃത്തികൾ സ്വീകരിച്ചവരായും നാം കാണപ്പെടുകയുള്ളൂ.

# ആഭരണധാരണം: ബൈബിൾ എന്തു പറയുന്നു? 20

പ്രൊഫ. ടി. ജോൺമാത്യു, മണ്ണുത്തി

## ചരിത്ര പശ്ചാത്തലം

കേരളത്തിലെ ചുരുക്കം ചില സഭാവിഭാഗങ്ങളിലുള്ളവർ മാത്രമാണ് ആഭരണവർജ്ജനം ഉപദേശിക്കുകയും അതിനു ദൈവവചനത്തിൽ അടിസ്ഥാനമുണ്ടെന്നു ചിന്തിക്കുകയും ചെയ്യുന്നത്. ആ വിഭാഗങ്ങളിലെത്തന്നെ വിദേശരാജ്യങ്ങളിലുള്ളവർ ഇങ്ങനെയൊരു ഉപദേശത്തെക്കുറിച്ച് അറിവുള്ളവരല്ല. ദൈവവചനത്തിൽ ഈ ഉപദേശത്തിന് എന്തെങ്കിലും അടിസ്ഥാനമുണ്ടോ എന്ന കാര്യം നാം കണ്ടുകഴിഞ്ഞു. ഇനി, എങ്ങനെ എന്തുകൊണ്ട് കേരളത്തിൽ ഈ ഉപദേശം രൂപം കൊണ്ടു എന്നു കൂടി നമുക്കൊന്നു പരിശോധിക്കാം.

### അന്യസംസ്കാരങ്ങളുടെ സ്വാധീനം

റോമാസാമ്രാജ്യത്തിലെ ജനങ്ങളും അവരുടെ ഗവൺമെന്റും ക്രിസ്ത്യാനികളെ പീഡിപ്പിച്ചുകൊണ്ടിരുന്ന കാലത്ത് ക്രിസ്തീയോപദേശങ്ങളെ റോമൻ സംസ്കാരം കാര്യമായി സ്വാധീനിച്ചില്ല എന്നാണ് ചരിത്രം സാക്ഷിക്കുന്നത്. എന്നാൽ കോൺസ്റ്റൻടൈൻ (കുസ്തന്തീനോസ്) ചക്രവർത്തി ക്രിസ്തുമതം സ്വീകരിക്കുകയും ക്രിസ്ത്യാനികളോട് ഗവൺമെന്റും സാമ്രാജ്യത്തിലെ ജനങ്ങളും സൗഹൃദബന്ധം പുലർത്താൻ തുടങ്ങുകയും ചെയ്തതിനെത്തുടർന്ന് ക്രിസ്തീയവിശ്വാസങ്ങൾ റോമൻ സംസ്കാരത്താൽ സ്വാധീനിക്കപ്പെടാൻ തുടങ്ങി.

വിഗ്രഹാരാധികളായിരുന്ന റോമൻ ജാതികളിൽ വലിയൊരു പങ്ക് ക്രിസ്ത്യാനികളായിത്തീർന്നു. അവർ പരിചയിച്ചിരുന്ന ബഹുദൈവ വിശ്വാസവും നിരവധി ആചാരാനുഷ്ഠാനങ്ങളും ക്രിസ്തീയോപദേശങ്ങളെ സ്വാധീനിച്ചതിന്റെ ഫലമായിട്ടാണ് പുണ്യാളന്മാരോടും കന്യകമറിയമിനോടും ക്രിസ്ത്യാനികൾ പ്രാർത്ഥിക്കാൻ തുടങ്ങിയതും സൂര്യദേവന്റെ ജനനോത്സവം ക്രിസ്തുമസ്സ് ആഘോഷമായി കൊണ്ടാടുവാൻ തുടങ്ങിയതുമെല്ലാം. ഈ അനുഭവം യിസ്രായേൽ ജനത്തിന്റെ കാര്യത്തിലും നമുക്കു കാണാൻ കഴിയും. യിസ്രായേൽ രാജാക്കന്മാർ ചുറ്റുപാടുമുണ്ടായിരുന്ന ജാതികളുമായി അടുത്ത സൗഹൃദബന്ധം പുലർത്തിയ അവസരങ്ങളിൽ പുറജാതി സംസ്കാരം യിസ്രായേലിനെ സ്വാധീനിക്കുകയും തത്ഫലമായി അവർ അന്യദേവന്മാരെ സേവിക്കാൻ തുടങ്ങുകയും ചെയ്തതായി പഴയ നിയമത്തിലെ രാജാക്കന്മാരുടെ പുസ്തകം വ്യക്തമാക്കുന്നു.

ഈ വസ്തുതകളെല്ലാം തെളിയിക്കുന്നത് നമ്മുടെ ചുറ്റുപാടുമുള്ള ജനങ്ങളുടെ സംസ്കാരവും ചിന്താഗതികളും നമ്മുടെ വിശ്വാസാചാരങ്ങളെ സ്വാധീനിക്കുവാൻ വളരെയധികം സാധ്യതയുണ്ടെന്നാണ്.

## കേരളത്തിലെ ക്രിസ്ത്യാനികൾ

കേരളത്തിലേക്ക് തോമസ് അപ്പൊസ്തലൻ വരികയും ഇവിടെ സഭ സ്ഥാപിക്കുകയും ചെയ്തുവെന്നു പൊതുവെ വിശ്വസിക്കപ്പെടുന്നു. അങ്ങനെ ഉറപ്പായി പറയുന്നതിനു മതിയായ ചരിത്രത്തെളിവുകളില്ലെങ്കിലും അതിപുരാതനകാലം മുതൽ തന്നെ ഈ നാട്ടിൽ ക്രിസ്ത്യാനികൾ ഉണ്ടായിരുന്നു എന്നതിനു സംശയമില്ല. വിദേശത്തുനിന്ന് (സിറിയയിൽ നിന്ന്) ചില ക്രിസ്തീയ കുടുംബങ്ങൾ ഇവിടേക്കു വന്നു എന്നതിനു ചരിത്രത്തെളിവുണ്ട്. ഈ നാട്ടിലെ മറ്റു മതങ്ങളിൽ നിന്നും പരിവർത്തനം ചെയ്ത് ക്രിസ്ത്യാനികളായവരും അവരും, ഒരുമിച്ചു ചേർന്നും അല്ലാതെയും പല സ്ഥലങ്ങളിൽ ക്രിസ്തീയാരാധന ആരംഭിച്ചു.

കാലക്രമത്തിൽ ഈ ക്രിസ്തീയ സമൂഹം കേരളത്തിലെ ചില ഹൈന്ദവാചാരങ്ങൾ സ്വീകരിക്കാനിടയായി. അങ്ങനെയാണ് വിവാഹസമയത്ത് താലി (മിന്ന്) കെട്ടുന്ന സമ്പ്രദായം കേരളത്തിലെ ക്രിസ്ത്യാനികൾ ആരംഭിച്ചത്. ഉല്പത്തി 2:20 ൽ പറഞ്ഞിരിക്കുന്ന പ്രകാരം ഭാര്യയെ ഭർത്താവ് തന്റെ ജീവിത പങ്കാളിയായി (തക്ക തുണയായി) കരുതണമെന്ന ദൈവിക പ്രമാണത്തിനു നിരക്കുന്ന ഒരു ചടങ്ങാണ് താലികെട്ടെന്നു പറയാൻ പ്രയാസമാണ്. ഒരു പശുവിനെ അതിന്റെ ഉടമസ്ഥൻ മറ്റൊരാൾക്കു വിൽക്കുമ്പോൾ അതിനെ വാങ്ങുന്നയാൾ അയാളുടെ കയ്യിലെ കയർ അതിന്റെ കഴുത്തിൽ കെട്ടുന്ന പതിവ് ചില സ്ഥലങ്ങളിൽ കണ്ടിട്ടുണ്ട്. മൃഗത്തിന്റെ കഴുത്തിൽ കയർ കെട്ടുന്നത്, കെട്ടുന്നയാളിന് അതിന്മേലുള്ള ഉടമസ്ഥാവകാശം പ്രകടിപ്പിക്കുന്ന പ്രവൃത്തിയാണ്. ആ പ്രവൃത്തിയെ അനുസ്മരിപ്പിക്കുന്ന വിധത്തിൽ വിവാഹസമയത്ത് വരൻ വധുവിന്റെ കഴുത്തിൽ ഒരു ചരടുകൊണ്ട് താലി കെട്ടുന്നത് ക്രിസ്തീയ വിവാഹത്തെ സംബന്ധിച്ചിടത്തോളം അനുചിതമാണെന്നതിനു സംശയമില്ല.

വെറുമൊരു വളർത്തുമൃഗത്തിന്റെ നിലയിലാണ് ഭാര്യ ഭർത്താവിന്റെ ദൃഷ്ടിയിൽ ഇരിക്കുന്നത് എന്ന, ദൈവവചനത്തിനു വിരുദ്ധമായ തോന്നൽ ഉളവാക്കുന്ന ഈ ചടങ്ങ് കേരള ക്രിസ്ത്യാനികളുടെ വിവാഹശുശ്രൂഷയുടെ ഭാഗമായിത്തീർന്നത് അവരുടെ മേൽ ഹൈന്ദവസംസ്കാരം ചെലുത്തിയ സ്വാധീനം നിമിത്തമാണ്. ഹിന്ദു വിവാഹത്തോടനുബന്ധിച്ചു നടക്കുന്ന താലികെട്ട് അനുകരിക്കാൻ വേണ്ടിയാണ് കേരളത്തിലെ ക്രിസ്ത്യാനികളും വിവാഹത്തോടനുബന്ധിച്ച് മിന്നുകെട്ട് തുടങ്ങിയത്. ഇപ്പോഴും ഇത് റോമൻ കത്തോലിക്ക, ഓർത്തഡോക്സ് തുടങ്ങിയ എപ്പിസ്കോപ്പൽ സഭകളുടെ വിവാഹശുശ്രൂഷയുടെ ഒരു പ്രധാന ഭാഗമായിട്ടിരിക്കുന്നു.

കേരളത്തിലെ ക്രിസ്ത്യാനികളുടെ പെരുന്നാൾ അഘോഷങ്ങൾ ശ്രദ്ധിച്ചു നോക്കിയാൽ ഹിന്ദുക്കളുടെ അമ്പലങ്ങളിലെ ഉത്സവാഘോഷരീതികൾ അവരെ സ്വാധീനിച്ചിട്ടുണ്ടെന്നത് നിസ്സംശയം മനസ്സിലാകും. അതിനാൽ റോമാസ്രാമാജ്യത്തിലെ ജാതികളുടെ ആചാരമര്യാദകൾ അവിടത്തെ ക്രിസ്തീയ സമൂഹത്തെ സ്വാധീനിച്ചതുപോലെ തന്നെ കേരളത്തിലെ ഹൈന്ദവ സംസ്കാരം ഇവിടത്തെ ക്രിസ്തീയ സമൂഹത്തെയും വളരെയധികം സ്വാധീനിച്ചിട്ടുണ്ടെന്നതാണ് സത്യം.

# ആഭരണധാരണം: ബൈബിൾ എന്തു പറയുന്നു? (21)

പ്രൊഫ. ടി. ജോൺമാത്യു, മണ്ണുത്തി

## വർജ്ജനം ഹിന്ദു - ബുദ്ധ മതങ്ങളിൽ

ഹിന്ദു മത തത്വങ്ങളനുസരിച്ച് ലോക സുഖങ്ങൾ വർജ്ജിച്ച് ജീവിക്കുന്നത് നല്ല കാര്യമാണ്. വീടുപേക്ഷിച്ച് കാട്ടിൽ പാർത്ത് തപസ്സ് ചെയ്യുക (വാന പ്രസ്ഥം), സകലതുമുപേക്ഷിച്ച് യാതൊന്നും സ്വന്തമായി ഇല്ലാത്തവനായി ബ്രഹ്മധ്യാനം നടത്തുക (സന്യാസം) മുതലായ ഹൈന്ദവ ഭക്തിമാർഗ്ഗങ്ങളുടെ പിന്നിലെ അടിസ്ഥാനതത്ത്വം വർജ്ജനാചരണമാണ്. അതിനാൽ യഥാർത്ഥത്തിലുള്ള ഈശ്വരഭക്തി ജീവിതത്തിൽ പ്രകടമാക്കണമെങ്കിൽ നല്ലതു പലതും വർജ്ജിക്കണമെന്നാണ് ഹൈന്ദവഭക്തന്മാർ പഠിപ്പിച്ചിട്ടുള്ളത്. ഹിന്ദു മതത്തിലെ ഈ ആശയങ്ങൾ ഏതാണ്ട് അതേ വിധത്തിൽ ബുദ്ധമതത്തിലും നാം കാണുന്നു. വർജ്ജനങ്ങളാചരിക്കുന്നതിലൂടെ മാത്രമേ യഥാർത്ഥ ഈശ്വരഭക്തി പ്രകടമാക്കാനും ജീവിതത്തിൽ സന്തോഷവും സൗഭാഗ്യവും കൈവരിക്കാനും കഴിയുകയുള്ളൂ എന്നത് ഈ രണ്ടു മതങ്ങളുടെയും ഒരു സുപ്രധാനതത്ത്വമാണ്.

ഹിന്ദുക്കളുടെ ക്ഷേത്രങ്ങളിലെ ഉത്സവരീതികളും അവരുടെ വിവാഹച്ചടങ്ങുകളും ക്രൈസ്തവരുടെ പെരുന്നാൾ ആഘോഷങ്ങളെയും വിവാഹ രീതിയെയും സ്വാധീനിച്ചതുപോലെത്തന്നെ ഹിന്ദുമതത്തിലെ ഭക്തിപ്രകടന രീതികൾ ക്രൈസ്തവസഭയിലെ ആത്മികനവോത്ഥാനത്തെയും സ്വാധീനിച്ചിട്ടുണ്ടാകുമെന്ന് അനുമാനിക്കുന്നത് ന്യായയുക്തമാണ്. അങ്ങനെ സംഭവിച്ചിട്ടുണ്ടോ എന്നതും, ഉണ്ടെങ്കിൽ ഏതെല്ലാം രംഗങ്ങളിൽ അതു കാണപ്പെടുന്നു എന്നതും സൂക്ഷ്മമായി പരിശോധിക്കുമ്പോൾ മാത്രമേ നമുക്കു കണ്ടെത്തുവാൻ കഴിയുകയുള്ളൂ.

ഏതായാലും കേരളത്തിൽ പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഒടുവിൽ ഉണ്ടായ ആത്മിക ഉണർവ്വിനെത്തുടർന്ന് രൂപം കൊണ്ട സുവിശേഷപ്രസ്ഥാനങ്ങളും സഭകളും വർജ്ജനത്തിലധിഷ്ഠിതമായ ഹിന്ദുമതത്തിലെ ഭക്തിപ്രകടനരീതികളാൽ സ്വാധീനിക്കപ്പെട്ടതിന്റെ ചില തെളിവുകൾ നമ്മുടെ മുമ്പാകെയുണ്ട്. ഉദാഹരണത്തിന്, രോഗം വന്നാൽ ചികിത്സിക്കാൻ പാടില്ലെന്നും (മരുന്നു വർജ്ജിക്കണമെന്നും), പണത്തിനു അത്യാവശ്യം ഉണ്ടായാലും ആരോടും കടം വാങ്ങിക്കരുതെന്നും (കടം വർജ്ജിക്കണമെന്നും) മറ്റുമുള്ള ആശയങ്ങൾ 'പന്ത്രണ്ടന്മാർ' എന്ന പേരിൽ അറിയപ്പെട്ട ഒരു കൂട്ടം ക്രിസ്തീയോപദേഷ്ടാക്കന്മാർ കേരളക്രിസ്ത്യാനികളുടെ ഇടയിൽ പ്രചരിപ്പിക്കുകയുണ്ടായി.

(ശ്രീ. റ്റി. എ. കുരിയൻ എഴുതിയ *മഹാകവി കെ. വി. സൈമൺ-ജീവചരിത്രം* രണ്ടാം പതിപ്പ്, **printed at Premier printers, Angamaly in August 1990,** പേജ് 122-123 നോക്കുക). അവർ പ്രചരിപ്പിച്ച വർജ്ജനോപദേശങ്ങളുടെ അടിസ്ഥാനമെന്തായിരുന്നു? ബൈബിളിൽ രോഗചികിത്സ പാടില്ലെന്നോ കടം വാങ്ങിക്കരുതെന്നോ ഒരിടത്തും പറയുന്നില്ല. (ആരോടും ഒന്നും കടപ്പെട്ടിരിക്കരുത് എന്നു റോമർ 13:8 ൽ പറഞ്ഞിരിക്കുന്നതിന്റെ അർത്ഥം കടം വാങ്ങിക്കരുതെന്നല്ല, പിന്നെയോ വാങ്ങിച്ച കടം വീട്ടാതെ കടപ്പാടുള്ളവനായി ഇരിക്കരുത്, അഥവാ കടം വാങ്ങിയാൽ തിരിച്ചു കൊടുക്കണം എന്നു മാത്രമാണ്). ഹൈന്ദവ സംസ്കാരത്തിലെ വർജ്ജനാചരണതത്ത്വത്താൽ സ്വാധീനിക്കപ്പെട്ട ക്രിസ്തീയോപദേഷ്ടാക്കന്മാർ ഈ ഉപദേശങ്ങൾക്കു രൂപം നൽകി എന്നാണ് നാം പറയേണ്ടത്.

**ഹിന്ദുമതാചാരം**

തൃശ്ശൂരിൽ ഗുരുവായൂരിനടുത്ത ചാവക്കാട് എന്ന സ്ഥലത്തുള്ള ചില ഹിന്ദു കുടുംബങ്ങളിൽ ഭർത്തൃവിയോഗദുഃഖം ആഭരണവർജ്ജനത്തിലൂടെ പ്രകടിപ്പിക്കുക പതിവുണ്ടെന്ന കാര്യം ഈ ലേഖനകർത്താവ് ഏതാനും വർഷങ്ങൾക്കുമുമ്പ് നേരിൽ കണ്ടു മനസ്സിലാക്കിയതാണ്. ഭർത്താവ് മരിച്ചതിനാൽ ഭാര്യ ലോകസുഖങ്ങളൊക്കെ വെടിഞ്ഞ് ഈശ്വരധ്യാനനിരതയായി ജീവിക്കണമെന്നും അപ്രകാരം അസാധാരണനിലയിലുള്ള ഈശ്വരഭക്തി പ്രകടമാക്കുന്നതിന് ആഭരണവർജ്ജനം സഹായകമാണെന്നും അവർ കരുതുന്നു. ഏതായാലും ഹൈന്ദവ തത്ത്വങ്ങളനുസരിച്ച് സുഖവും സന്തോഷവുമൊക്കെ പ്രദാനം ചെയ്യുന്ന വസ്തുക്കൾ വർജ്ജിക്കുന്നത് ഉയർന്ന നിലയിലുള്ള ഈശ്വരഭക്തിയുടെ ലക്ഷണമാണെന്നത് എല്ലാവരും സമ്മതിക്കുന്ന ഒരു വസ്തുതയാണ്.

സന്യാസജീവിതം നയിക്കുന്ന വിധവകളായ ചില ഹിന്ദു സ്ത്രീകൾ ആഭരണങ്ങൾ മാത്രമല്ല സാധാരണ നിലയിലുള്ള വസ്ത്രം കൂടി ഉപേക്ഷിച്ച് കാവിവസ്ത്രധാരികളായി തല മുണ്ഡനം ചെയ്തു നടക്കുന്നതും പണ്ടുകാലം മുതൽ തന്നെ നാം കണ്ടിട്ടുണ്ട്. ചുരുക്കത്തിൽ, ഈശ്വരഭക്തിയുടെയും സന്യാസജീവിതത്തിന്റെയും ദുഃഖാചരണത്തിന്റെയും ഒക്കെ ഭാഗമായി ഹിന്ദുക്കൾ ആഭരണ വർജ്ജനമുൾപ്പെടെ പല വർജ്ജനങ്ങളും പാലിക്കുന്നുവെന്നതാണ് സത്യം. ഹൈന്ദവസംസ്കാരത്തിലുള്ള ഈ വർജ്ജനാചരണതത്ത്വം കേരളത്തിലെ ക്രിസ്ത്യാനികളുടെ ഇടയിൽ പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഒടുവിൽ ഉണ്ടായ ആത്മിക ഉണർവിന്റെ കാലത്ത് അവരുടെ മേൽ കാര്യമായ സ്വാധീനം ചെലുത്തി.

കേരളത്തിലെ സഭാനവീകരണത്തിന് ശക്തമായ നേതൃത്വം കൊടുത്ത **മഹാകവി കെ.വി.സൈമൺ** ആണ് ആഭരണവർജ്ജനോപദേശത്തിന് രൂപം നൽകിയതെന്നു ചിന്തിക്കുന്ന ചില വിശ്വാസികൾ കേരളത്തിലുണ്ട്. അതു ശരിയാണോ എന്നു നമുക്ക് അടുത്ത ലക്കത്തിൽ പരിശോധിക്കാം.

# ആഭരണധാരണം: ബൈബിൾ എന്തു പറയുന്നു? 22

## പ്രൊഫ. ടി. ജോൺമാത്യു, മണ്ണുത്തി

### മഹാകവി കെ. വി. സൈമൺ

കേരളത്തിലെ വേർപാടു സഭകളുടെ ആരംഭകാല പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകിയ മഹാകവി കെ. വി. സൈമൺ ആണ് ഈ നാട്ടിൽ ആഭരണ വർജ്ജനോപദേശം സ്ഥാപിച്ചതെന്ന് ചിലർ ചിന്തിക്കുകയും തങ്ങളുടെ എഴുത്തുകളിൽ അങ്ങനെ സൂചിപ്പിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ യഥാർത്ഥ ചരിത്ര വസ്തുത ഇതല്ല. സൈമൺ സാറിന്റെ സകല പുസ്തകങ്ങളിലും തെറ്റായ ഉപദേശങ്ങൾ എന്തുകൊണ്ട് തെറ്റാണെന്നും ശരിയായ ഉപദേശങ്ങൾ ശരി തന്നെയായിരിക്കുന്നതിന്റെ ന്യായങ്ങൾ എന്തൊക്കെയാണെന്നും വിശദീകരിച്ചിട്ടുണ്ട്. ആഭരണധാരണം തെറ്റോ ശരിയോ എന്നതിനെക്കുറിച്ച് ഒരൊറ്റ പുസ്തകത്തിലും അദ്ദേഹം ഒരു വാക്കു പോലും എഴുതിയിട്ടില്ല.

ലളിതജീവിതം ഇഷ്ടപ്പെട്ടിരുന്ന അദ്ദേഹം അതിന്റെ ഭാഗമായി ആഭരണ വർജ്ജനം സ്വജീവിതത്തിൽ പാലിച്ചിരുന്നു. വാസ്തവത്തിൽ അദ്ദേഹം വിശ്വാസസ്നാനം 1902 ൽ ഏൽക്കുന്നതിന് കാൽ നൂറ്റാണ്ടു മുമ്പ് വിദ്വാൻകുട്ടി നയിച്ച ഉണർവ്വിന്റെ കാലത്ത് മദ്ധ്യതിരുവിതാംകൂറിലും തെക്കൻ തിരുവിതാംകൂറിലും ആഭരണവർജ്ജനം എന്ന ആചാരം സ്ഥാപിക്കപ്പെടുകയാണുണ്ടായത്.

ബ്രാഹ്മണനായിരുന്ന വിദ്വാൻ കുട്ടിയും അദ്ദേഹത്തിന്റെ മാതാപിതാക്കളും അഞ്ചു സഹോദരന്മാരും അവരുടെ കുടുംബാംഗങ്ങളും ക്രിസ്തീയവിശ്വാസം സ്വീകരിച്ചു സ്നാനമേൽക്കുകയും വലിയൊരു ഉണർവ്വ് പ്രസ്ഥാനത്തിന് രൂപം നൽകുകയും ചെയ്തതിനെത്തുടർന്ന് അവർ പരിചയിച്ചിരുന്ന ഹിന്ദുമതത്തിലെ ബ്രാഹ്മണ-ക്ഷത്രിയ വിഭാഗങ്ങളുടെ ഒരു ഭക്തിപ്രകടനമാർഗ്ഗമായിരുന്ന വിധവമാരുടെ ആഭരണവർജ്ജനം, ഒരളവിൽ ബ്രാഹ്മണശ്രേഷ്ഠത പ്രദാനം ചെയ്യുന്ന ഒരാചാരം എന്ന നിലയിൽ ക്രൈസ്തവ സമൂഹത്തിലേക്ക് കടന്നു വരികയാണ് ചെയ്തത്. അക്കാലത്ത് ആഭരണവർജ്ജനം മാത്രമല്ല, ഹിന്ദുമതത്തിലെ സന്യാസജീവിതരീതിയും കേരളത്തിലെ ചില ക്രിസ്തീയോപദേഷ്ടാക്കന്മാർ അനുകരിച്ചു. അതുകൊണ്ടാണ് നിരവധി ഭക്തിഗാനങ്ങൾ രചിച്ച

മൂത്താമ്പാക്കൽ കൊച്ചുകുഞ്ഞ് ഉപദേശിയുടെ ശിഷ്യൻ ചാക്കോ സന്ന്യാസി എന്ന പേരിൽ അറിയപ്പെട്ടത്. (ശ്രീ. പി. റ്റി. കുരുവിള ചേന്നങ്കേരി എഴുതുകയും സി. എൽ. എസ്. പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുള്ള **ക്രൈസ്തവ ഗാന രചയിതാക്കൾ** എന്ന പുസ്തകം 58-ാം പേജ് നോക്കുക)

വിദ്വാൻകുട്ടിയുടെ ഉണർവ്വ് യോഗങ്ങൾ കുറഞ്ഞത് ആറു വർഷങ്ങൾ തിരുവിതാംകൂറിൽ അനേക സ്ഥലങ്ങളിൽ നടത്തപ്പെടുകയും ആ പ്രദേശങ്ങളിലൊക്കെ പല ആളുകൾ മാനസ്സാന്തരത്തിന്റെ ഒരു അടയാളമെന്നേണം ആഭരണവർജ്ജനം പാലിച്ചു തുടങ്ങുകയും ചെയ്തു. അതിനാൽ സൈമൺ സാറിന്റെ വിയോജിത പ്രസ്ഥാനം രൂപം കൊണ്ട സമയത്ത് ആഭരണ വർജ്ജനോപദേശം കേരളത്തിൽ വേരൂന്നിക്കഴിഞ്ഞിരുന്നു. സൈമൺ സാറും തന്റെ അനുയായികളും ലളിതജീവിതം ഇഷ്ടപ്പെട്ടതിനാൽ ഈ വർജ്ജനോപദേശത്തെ സസന്തോഷം സ്വാഗതം ചെയ്തുവെന്നതു സത്യമാണ്. എന്നാൽ ഈ ഉപദേശത്തിന്റെ ഉപജ്ഞാതാക്കൾ അദ്ദേഹമോ അദ്ദേഹത്തിന്റെ അനുയായികളോ അല്ലായിരുന്നു എന്ന വസ്തുത നാം ശ്രദ്ധിക്കണം.

ഇതിന്റെ ഉറവിടം ബ്രാഹ്മണ-ക്ഷത്രിയ വിധവകൾ പാലിച്ചുവന്നിരുന്ന ആഭരണവർജ്ജനാചാരം തന്നെയായിരുന്നു; അതു കേരളത്തിലെ ക്രൈസ്തവ സമൂഹത്തിലേക്കു കടന്നുവന്ന വഴി ബ്രഹ്മണരായിരുന്ന വിദ്വാൻകുട്ടി കുടുംബത്തിന്റെ മാനസ്സാന്തരവും അവരുടെ നേതൃത്വത്തിൽ നടന്ന ഉണർവ്വു യോഗങ്ങളുമായിരുന്നു. ഈ ചരിത്ര വസ്തുത വേണ്ടവിധം ശ്രദ്ധിക്കാതെയാണ് "നമ്മുടെ പിതാക്കന്മാർ വേർപാട് ഉപദേശം പഠിപ്പിച്ചപ്പോൾ ആഭരണം വേണ്ട എന്നു വയ്ക്കുകയും തികച്ചും ലളിതമായ ജീവിതശൈലി സ്വീകരിക്കുകയും ചെയ്തു" എന്നു ചില ആളുകൾ അഭിപ്രായപ്പെട്ടിട്ടുള്ളത്.

സൈമൺ സാറോ അദ്ദേഹത്തിന്റെ വിയോജിത പ്രസ്ഥാനത്തിന്റെ നേതൃസ്ഥാനത്തു നിന്ന തന്റെ ശിഷ്യന്മാരോ ഒരിക്കലും എവിടെയെങ്കിലും ഒരു മീറ്റിംഗ് കൂടി നമുക്ക് ആഭരണം വർജ്ജിക്കാം എന്നൊരു തീരുമാനം എടുത്തതായി യാതൊരു ചരിത്രത്തെളിവും ഇല്ല. അവരുടെ നവീകരണ പ്രസ്ഥാനം രൂപം കൊള്ളുന്നതിനു വളരെ മുമ്പുതന്നെ ഹിന്ദുമതത്തിലെ ആഭരണവർജ്ജനവും, മത്സ്യമാംസവർജ്ജനവും, കാഷായവസ്ത്രധാരണവും കേരളക്രൈസ്തവ ലോകത്തിലേക്ക് കടന്നുവന്നിരുന്നു. ഇവയിൽ കാഷായ വസ്ത്രധാരണത്തിനും മത്സ്യമാംസവർജ്ജനത്തിനും അനുകൂലമായി വേദവ്യാഖ്യാനങ്ങൾ കണ്ടെത്താൻ കഴിയാഞ്ഞതിനാൽ അവയ്ക്ക് ഉപദേശരൂപം നൽകപ്പെട്ടില്ല; ആ ആചാരങ്ങൾ മൂത്താമ്പാക്കൽ കൊച്ചുകുഞ്ഞു ഉപദേശിയുടെ

ശിഷ്യനായിരുന്ന ചാക്കോ സന്ന്യാസിയെപ്പോലുള്ള ചുരുക്കം ചില ആളുകളിൽ ഒതുങ്ങിനിന്നു.

എന്നാൽ ആഭരണവർജ്ജനത്തിന് അനുകൂലമെന്നുതോന്നിയ ചില വാക്യങ്ങൾ കണ്ടുപിടിക്കപ്പെട്ടതിനാൽ ആ ആചാരത്തിന് ഉപദേശരൂപം നൽകപ്പെടുകയും ആ ഹിന്ദുമതാചാരം കേരളത്തിലെ നവീകരണ വിശ്വാസസമൂഹത്തിന്റെ തിയോളജിയുടെ നെടുംതൂണായിത്തീരുകയുമാണുണ്ടായത്. 2007ൽ ശ്രീ. പി. റ്റി. ജോർജ്ജ് തിരുവനന്തപുരം എഴുതി പ്രസിദ്ധീകരിച്ച Ornaments and Christian Women's Demeanour എന്ന പുസ്തകത്തിൽ ഉപയോഗിച്ചിരിക്കുന്ന "the doctrine of ornaments" എന്ന പദപ്രയോഗം തെളിയിക്കുന്നത്, ആഭരണവർജ്ജനം എന്ന ഹിന്ദുമതത്തിലെ ഭക്തിപ്രകടനമാർഗ്ഗം കേരളത്തിലെ ക്രിസ്തീയ വിശ്വാസികളിൽ അനേകർ തങ്ങളുടെ വേദശാസ്ത്രത്തിന്റെ (Theology) ഭാഗമായി അംഗീകരിച്ചു കഴിഞ്ഞിട്ടുണ്ടെന്നാണ്. ബൈബിളിലെ പ്രധാനപ്പെട്ട ഒരു ഉപദേശം (Doctrine) ആണിത്എന്നു അവർ വിശ്വസിക്കുന്നു.

നാലാം നൂറ്റാണ്ടിൽ റോമാ സാമ്രാജ്യത്തിലെ വിഗ്രഹാരാധികളായിരുന്ന ജാതികൾ ക്രിസ്തീയവിശ്വാസം സ്വീകരിച്ചതിനെത്തുടർന്ന് അവർ പരിചയിച്ചിരുന്ന വിഗ്രഹാരാധന ക്രിസ്തീയവൽക്കരിക്കപ്പെട്ട് ക്രൈസ്തവസഭയിൽ സ്വരൂപവണക്കമായി 'വിശുദ്ധീകരിക്ക'പ്പെട്ടതുപോലെ തന്നെയാണ് ബ്രാഹ്മണകവിയും പണ്ഡിതനുമായിരുന്ന വിദ്വാൻ കുട്ടിയുടെ നേതൃത്വത്തിൽ 19-ാം നൂറ്റാണ്ടിന്റെ ഒടുവിൽ തിരുവിതാംകൂറിൽ (ദക്ഷിണകേരളത്തിൽ) ആഞ്ഞടിച്ച ഉണർവ്വ് കൊടുങ്കാറ്റിനെത്തുടർന്ന് ബ്രാഹ്മണ-ക്ഷത്രിയ വിധവമാരുടെ ഭക്തിപ്രകടനമാർഗ്ഗമായിരുന്ന ആഭരണവർജ്ജനം എന്ന ആചാരം കേരളത്തിലെ വിശ്വാസസമൂഹത്തിന്റെ തിയോളജിയുടെ ഭാഗമായിത്തീർന്നത്. ചരിത്രവും ദൈവവചനവും സൂക്ഷ്മമായി പരിശോധിക്കുന്ന സത്യസന്ധതയുള്ള ഏതൊരാളും ഈ വസ്തുത അംഗീകരിക്കും; സംശയമില്ല.

യഥാർത്ഥ വസ്തുതകൾ ഇപ്രകാരമായിരിക്കുമ്പോൾ ആഭരണ വർജ്ജനോപദേശത്തിനുവേദാധാരമില്ലെന്ന സത്യം പറയുന്നവരെ, 'ക്രൂശിന്റെ ശത്രുക്കൾ', 'പിതാക്കന്മാരോടു ബഹുമാനമില്ലാത്തവർ' എന്നൊക്കെ വിശേഷിപ്പിക്കുന്നത് ശരിയാണോ? മാന്യവായനക്കാർ വിധിക്കുക. കേരളത്തിലെ ആഭരണവർജ്ജനോപദേശത്തിന്റെ അടിസ്ഥാനം ദൈവവചനമോ ദൈവവചന പഠനമോ അല്ല, പിന്നെയോ ഹിന്ദുമാതാചാരസ്വാധീനം ഒന്നു മാത്രമാണ് എന്നു പറയുന്ന ഈ ഗ്രന്ഥകർത്താവിനെപ്പോലുള്ളവർക്ക്, 1881 ഒക്ടോബർ

2-ാം തീയതി യേശുക്രിസ്തുവിന്റെ വീണ്ടും വരവ് സംഭവിക്കുമെന്നു പ്രവചിച്ച് ഏതാണ്ട് ആറു വർഷത്തോളം കേരളത്തിലെ ക്രിസ്ത്യാനികളെ വഞ്ചിക്കുകയും പിന്നീട് യൂയോമയ സഭ എന്ന വികലഭക്തിപ്രസ്ഥാനത്തിന്റെ സ്ഥാപകനായി അറിയപ്പെടുകയും ചെയ്ത വിദ്വാൻകുട്ടിയോട് ബഹുമാനമില്ല എന്നു പറഞ്ഞാൽ അതിൽ കുറച്ചു സത്യം ഉണ്ടായിരിക്കും; കാരണം, ഒരു കവിയും ഗാനരചയിതാവും പണ്ഡിതനും എന്ന നിലയിൽ അദ്ദേഹത്തെ ബഹുമാനിക്കുന്നെങ്കിലും ഒരു ക്രിസ്തീയോപദേഷ്ടാവ് എന്ന് അദ്ദേഹത്തെ പരിഗണിക്കുവാൻ ഈ ഗ്രന്ഥകർത്താവിനു നിവൃത്തിയില്ല.

കേരളീയവിശ്വാസികളിൽ പലരും പഠിപ്പിക്കുന്ന ആഭരണവർജ്ജനോപദേശത്തിന്റെ ഉപജ്ഞാതാവ് മഹാകവി കെ. വി. സൈമൺ ആണെന്നു പറയുന്നത് ഒട്ടും ശരിയല്ലെന്നു ബോധ്യമായിക്കാണുമല്ലോ. വിദ്വാൻകുട്ടിയുടെ നേതൃത്വത്തിൽ നടന്ന ഉണർവ്വിനെത്തുടർന്ന് ക്രൈസ്തവസഭയിലേക്കു കടന്നുവന്ന ഹിന്ദുമതത്തിലെ ഭക്തിമാർഗ്ഗം സൈമൺ സാറിന്റെ കണ്ടുപിടിത്തമായിരുന്നുവെന്ന് പിശകായി പറയുന്നത്, മഹാനായിരുന്ന ആ ദൈവദാസനോടുള്ള അവഹേളനമായിട്ടേ ഇരിക്കയുള്ളൂ.

# ആഭരണധാരണം: ബൈബിൾ എന്തു പറയുന്നു? 23

## പ്രൊഫ. ടി. ജോൺമാത്യു, മണ്ണുത്തി

### ദോഷഫലങ്ങൾ

**"സ്വർണ്ണാഭരണം കണ്ടപ്പോൾ കാർക്കിച്ചു തുപ്പാൻ തോന്നി; സ്വർണ്ണം സാത്താന്റെ കാഷ്ഠം ആണ്; സ്വർണ്ണമോതിരം ഇട്ട കൈ കൊണ്ടു ഭക്ഷണം വിളമ്പിയാൽ ഞാൻ എഴുന്നേറ്റുപോകും"**

ക്രൈസ്തവസഭയുടെ ചരിത്രത്തിൽ ആഭരണവർജ്ജനം എന്ന ആചാരം ആദ്യമായി രൂപം കൊണ്ടതും നടപ്പിലായതും മലയാളനാട്ടിലായിരുന്നുവെന്നും, സഭ പെന്തെക്കോസ്തുനാളിൽ ഭൂമിയിൽ സ്ഥാപിക്കപ്പെട്ടിട്ട് 1800 വർഷങ്ങൾ കഴിയുന്നതുവരെ ഇങ്ങനെ ഒരു ആചാരത്തെക്കുറിച്ച് ക്രിസ്തീയലോകത്തിൽ ആരും അറിഞ്ഞിരുന്നില്ല എന്നും നാം കണ്ടു കഴിഞ്ഞു.

ബ്രാഹ്മണസമുദായത്തിൽ നിന്ന് മതപരിവർത്തനം ചെയ്ത് ക്രിസ്തീയവൈദികനായിത്തീരുകയും, അതിമനോഹരങ്ങളായ ക്രിസ്തീയഗാനങ്ങൾ രചിക്കുകയും, തെക്കൻ കേരളത്തിലെ പ്രധാനപ്പെട്ട സ്ഥലങ്ങളിലെല്ലാം അനേകം ഉണർവ്വുയോഗങ്ങൾ നടത്തുകയും, മലങ്കരസഭാനവീകരണ ചരിത്രത്തിൽ സ്ഥാനം പിടിക്കുകയും ചെയ്ത വിദ്വാൻകുട്ടിയുടെ ഹിന്ദുമത പശ്ചാത്തലം, ഹിന്ദുമതത്തിലെ വർജ്ജനാചരണത്തിലൂടെയുള്ള ഭക്തിപ്രകടനരീതി ക്രൈസ്തവസഭയിലേക്കു കടന്നുവരാൻ ഇടയാക്കി എന്ന ചരിത്ര വസ്തുതയും നാം കണ്ടുകഴിഞ്ഞു. (നിർഭാഗ്യവശാൽ, 1881 ഒക്ടോബർ 2-ാം തീയതി യേശുക്രിസ്തു വീണ്ടും വരുമെന്നു പ്രവചിക്കുകയും, പ്രവചനം പരാജയപ്പെട്ടതിനുശേഷം യൂയോമയ സഭയ്ക്ക് രൂപം നൽകി തന്റെ അനുയായികളെയും വളരെ തെറ്റായ വിധത്തിൽ മുമ്പോട്ടു നയിക്കുകയും ചെയ്ത ഇദ്ദേഹത്തിന് പറ്റിപ്പോയ അബദ്ധങ്ങളെ അബദ്ധങ്ങളായിത്തന്നെ നാം കാണേണ്ടിയിരിക്കുന്നു)

മാനസാന്തരത്തിന്റെയും ദൈവത്തിൽ നിന്നുള്ള പുതുജനനത്തിന്റെയും പ്രത്യക്ഷ അടയാളമാണ് സ്വർണ്ണവിരോധം എന്ന തെറ്റിദ്ധാരണ അനേകം അബദ്ധങ്ങൾ പറയുവാനും പ്രവർത്തിക്കുവാനും മലയാളി വിശ്വാസികളെ പ്രേരിപ്പിച്ചിട്ടുണ്ട്. "സ്വർണ്ണാഭരണം കണ്ടപ്പോൾ കാർക്കിച്ചു തുപ്പാൻ തോന്നി"

എന്നും, ''സ്വർണ്ണം സാത്താന്റെ കാഷ്ഠം ആണ്'' എന്നും, ''സ്വർണ്ണമോതിരം ഇട്ട കൈ കൊണ്ടു ഭക്ഷണം വിളമ്പിയാൽ ഞാൻ എഴുന്നേറ്റുപോകും''എന്നും മറ്റും പറഞ്ഞുകൊണ്ട് 'സൂപ്പർ ഭക്തൻ' ചമയുവാൻ പലർക്കും പ്രേരണ നൽകിയിട്ടുള്ള ഈ അബദ്ധോപദേശം ഇന്നത്തെ കാലത്തുള്ള നിർഭാഗ്യകരമായ ഒരവസ്ഥയെ കൂടുതൽ നിർഭാഗ്യകരമാക്കിത്തീർക്കുകയും ചെയ്യുന്നുണ്ട്. അക്കാര്യം താഴെ വിശദീകരിക്കാം.

'ലോകക്കാരായ' സ്ത്രീകൾ തങ്ങളുടെ കഴുത്തും പുറവും വയറും ഒക്കെ ലജ്ജാകരമായ വിധത്തിൽ പ്രദർശിപ്പിക്കുന്ന വിധത്തിൽ വസ്ത്രം ധരിക്കുന്ന കാഴ്ച ഇന്ന് വളരെ സാധാരണമാണ്. അവർ ഇങ്ങനെ ചെയ്യുമ്പോൾ തങ്ങളുടെ ശരീരത്തിന്റെ മറയ്ക്കപ്പെടാത്ത ഭാഗങ്ങളിൽ മറ്റുള്ളവരുടെ ദൃഷ്ടി തറഞ്ഞു പതിക്കുന്നത് അവർ ധരിച്ചിരിക്കുന്ന ആഭരണങ്ങളുടെ ശോഭ ഭാഗികമായി തടസ്സപ്പെടുത്തുന്നു. എന്നാൽ 'വിശ്വാസികളായ' സ്ത്രീകൾ ലോകക്കാരുടെ രീതിയിൽ തന്നെ വസ്ത്രം ധരിക്കുകയും ആഭരണവർജ്ജനം പാലിക്കുകയും ചെയ്യുമ്പോൾ എന്താണ് സംഭവിക്കുന്നത്? 'വസ്ത്രത്താൽ മറയ്ക്കപ്പെടാത്ത എന്റെ ശരീരഭാഗങ്ങളിലേക്ക് മറ്റുള്ളവരുടെ ദൃഷ്ടികൾ തറഞ്ഞുപതിക്കുന്നതിൽ എനിക്കു യാതൊരു വിരോധവുമില്ല; യാതൊരു ആഭരണത്താലും ഞാനത് തടസ്സപ്പെടുത്തുന്നില്ല' എന്ന് മൗനഭാഷയിൽ അവർ പറഞ്ഞുകൊണ്ടിരിക്കുന്നു എന്നല്ലേ അർത്ഥം വരുന്നത്?

ശരീരം വേണ്ടപോലെ മറയ്ക്കുന്നതിനു പര്യാപ്തമല്ലാത്ത വസ്ത്രഫാഷനുകളാണ് 'ലോകക്കാരെ'പ്പോലെത്തന്നെ വിശ്വാസികളും സ്വീകരിച്ചിരിക്കുന്നത് എന്നത് വളരെ നിർഭാഗ്യകരവും വചനവിരുദ്ധവുമായ അവസ്ഥയാണ്. ഈ നിർഭാഗ്യകരമായ അവസ്ഥയെ അത്യന്തം നിർഭാഗ്യകരമാക്കിത്തീർക്കുവാനാണ് ഇന്നത്തെ ആഭരണവർജ്ജനാചരണം ഇടവരുത്തുന്നത്. ആഭരണവർജ്ജനോപദേശം മലയാളക്കരയിൽ രൂപംകൊണ്ട കാലത്ത് ശരീരം വേണ്ടതുപോലെ മറയ്ക്കുന്ന, യോഗ്യമായ വസ്ത്രം ധരിക്കുന്നതിനുള്ള സ്വാതന്ത്ര്യം ക്രിസ്ത്യാനിസ്ത്രീകൾക്കുണ്ടായിരുന്നതിനാൽ അവർ പാലിച്ച ആഭരണവർജ്ജനം ഈ ദുരവസ്ഥ വരുത്തിവച്ചില്ല.

ഇപ്പോഴത്തെ ദുരവസ്ഥയിൽനിന്നു മോചനം പ്രാപിക്കാനുള്ള മാർഗ്ഗം ഇന്നു നമ്മുടെ മുമ്പിലുണ്ട്: സോണിയാഗാന്ധി, ജയലളിത തുടങ്ങിയ 'ലോകക്കാരായ' മാന്യസ്ത്രീകൾ തങ്ങളുടെ വസ്ത്രധാരണത്തിൽ കാണിക്കുന്ന മാന്യതയെങ്കിലും 'വിശ്വാസികളായ' സ്ത്രീകൾ കാണിക്കുന്നതിന് ഇന്നാട്ടിലെ പുരുഷവിശ്വാസികൾ അവർക്കു അനുവാദവും പ്രേരണയും

നൽകുക എന്നതാണ് ആ മാർഗ്ഗം (സ്ത്രീകളുടെ വസ്ത്രധാരണരീതികളെ നിയന്ത്രിക്കുന്നത് പുരുഷന്മാരാണ്; സംശയമില്ല).

കേരളത്തിൽ രൂപംകൊണ്ട ആഭരണവർജ്ജനോപദേശം കൊണ്ട് ഉണ്ടായിട്ടുള്ള മറ്റൊരു പ്രധാനപ്പെട്ട ദോഷം, 1 തിമൊഥെയൊസ്, 1 പത്രൊസ് എന്നീ ലേഖനങ്ങളിൽ സൽസ്വഭാവത്തിനും സൽപ്രവൃത്തികൾക്കും പ്രാധാന്യം കൊടുത്തുകൊണ്ട് ദൈവാത്മാവ് രേഖപ്പെടുത്തി വച്ചിരിക്കുന്ന സന്ദേശങ്ങളുടെ യഥാർത്ഥ അർത്ഥവും പ്രാധാന്യവും വിശ്വാസികളുടെ ശ്രദ്ധയിൽ പെടാതിരിക്കുന്നതിനും, അതിനെ മറച്ചുപിടിക്കുന്നതിനും ഈ ഉപദേശം കാരണമായിരിക്കുന്നു എന്നുള്ളതാണ്. ഈ വേദഭാഗങ്ങൾ വായിച്ചുകൊണ്ട് പ്രസംഗങ്ങൾ നടത്തുമ്പോൾ ചൂണ്ടിക്കാണിക്കേണ്ടത്, വിശ്വാസികൾ ദരിദ്രർക്ക് സഹായമെത്തിക്കുന്നവരും രോഗികൾക്ക് ചികിത്സ ലഭ്യമാക്കുന്ന വരും വിദ്യാഭ്യാസമില്ലാത്തവരെ വിദ്യ അഭ്യസിപ്പിക്കുന്നവരും പാപന്ധകാര ത്തിൽ കഴിയുന്നവരുടെ ഹൃദയങ്ങളിലേക്ക് ദൈവവചനത്തിന്റെ വെളിച്ചം എത്തിച്ചുകൊടുക്കുന്നവരും എല്ലായ്പോഴും നീതി പ്രവർത്തിക്കുന്നവരും സത്യസന്ധത ഉള്ളവരുമായി കാണപ്പെടണം എന്നാണ്.

നാം ഇങ്ങനെ ചെയ്തിരുന്നുവെങ്കിൽ വിശ്വാസികളുടെ ചുമതലയിൽ നടത്തപ്പെടുന്ന മികച്ച വിദ്യാഭ്യാസസ്ഥാപനങ്ങളും ആശുപത്രികളും മറ്റും ഇന്ത്യയൊട്ടുക്ക് ഇന്നു കാണപ്പെട്ടേനെ. വചനത്തിലെ യഥാർത്ഥ സത്യം കാണാൻ കണ്ണില്ലാതെ, ഇല്ലാത്ത 'സത്യം' കാണുന്ന ദുഷ്ക്കണ്ണ് കൊണ്ടു മാത്രം നോക്കി വേദവ്യാഖ്യാനവും പ്രസംഗങ്ങളും നടത്തിക്കൊണ്ടിരുന്ന തിനാൽ, മനുഷ്യനന്മയ്ക്കുതകുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് ആവശ്യമായ പ്രേരണ കേരളത്തിലെ ക്രിസ്തീയവിശ്വാസികൾക്ക് ഉണ്ടായിട്ടില്ല. ഇനിയെങ്കിലും നമുക്കു പറ്റിപ്പോയ തെറ്റു തിരുത്തിക്കൊണ്ട്, സ്വഭാവത്തിലും പെരുമാറ്റത്തിലും പ്രവൃത്തിയിലും പ്രകടമാക്കേണ്ട ശ്രേഷ്ഠതയെക്കുറിച്ചാണ് പൗലൊസും പത്രൊസും തങ്ങളുടെ ലേഖനങ്ങളിലൂടെ ഉദ്ബോധിപ്പിച്ചിരിക്കുന്നത് എന്നു നാം അംഗീകരിച്ചെങ്കിൽ നന്നായിരുന്നു.

അതു അംഗീകരിച്ചുകൊണ്ട് കേരളത്തിലെ വിശ്വാസികളുടെ സമൂഹങ്ങൾ പ്രവർത്തിക്കാൻ തുടങ്ങുന്ന പക്ഷം 'ക്രിസ്ത്യാനി' എന്നു പറഞ്ഞാൽ 'ക്രിസ്തുവിൽ പുതിയ സൃഷ്ടി' എന്നു തന്നെയാണ് അർത്ഥമെന്ന് 'ലോകക്കാർ' പറയും; ഇന്നത്തെ ദുരവസ്ഥ മാറുകയും ചെയ്യും.

# ആഭരണധാരണം: ബൈബിൾ എന്തു പറയുന്നു? (24)

## പ്രൊഫ. ടി. ജോൺമാത്യു, മണ്ണുത്തി

## സാത്താൻ നടത്തിയ അട്ടിമറി

### വിഗ്രഹാരാധനയുടെ തത്ത്വം

ദൈവം ഒരു മനുഷ്യനോടു ഒരു കാര്യം ചെയ്യാൻ കല്പിക്കുമ്പോൾ, 'അതു ചെയ്യേണ്ടാ, മറ്റൊന്നു ചെയ്യുക' എന്നു മനുഷ്യനെ പ്രേരിപ്പിച്ചുകൊണ്ട് ദൈവ കല്പനയ്ക്കു പകരം അതിന്റെ സ്ഥാനത്ത് മറ്റൊരു കല്പന പ്രതിഷ്ഠിച്ചു വയ്ക്കുക എന്നത് ആദാമിന്റെ കാലം മുതൽ ഇന്നു വരെയും സാത്താൻ പ്രയോഗിച്ചിട്ടുള്ള ഏറ്റവും പ്രധാനപ്പെട്ട തന്ത്രമാണ്. ആത്മാവാകുന്ന സത്യ ദൈവത്തെ ഹൃദയക്കണ്ണുകളാൽ ദർശിച്ചുകൊണ്ട് ആ ദൈവത്തെ സ്തുതിക്കുക എന്ന കല്പന യിസ്രായേലിനു നൽകപ്പെട്ടപ്പോൾ, 'അതു വേണ്ടാ, അതിനുപകരം കാളക്കുട്ടിദൈവത്തെ ഉണ്ടാക്കി അതിനെ സ്തുതിക്കണം' എന്ന കല്പന ദൈവത്തിന്റെ 'പ്രവാചകൻ' ആയിരുന്ന അഹരോനിലൂടെ സാത്താൻ നൽകി.

ദൈവം സ്ഥാപിച്ചിരിക്കുന്നത് എന്താണോ, അതു മാറ്റി അതിന്റെ സ്ഥാനത്തു മറ്റൊന്നു പ്രതിഷ്ഠിക്കുക എന്നതാണ് വിഗ്രഹാരാധനയുടെ അടിസ്ഥാനതത്ത്വം. യഥാർത്ഥത്തിലുള്ള ക്രിസ്തീയസ്നാനത്തിനു പകരം അതിന്റെ സ്ഥാനത്തു A.D. 2-ാം നൂറ്റാണ്ടിന്റെ അവസാനത്തോടുകൂടി ശിശുസ്നാനം പ്രതിഷ്ഠിച്ചു വച്ചതിന്റെ പിന്നിലുള്ള തത്ത്വവും വിഗ്രഹപൂജയുടെ തത്ത്വം തന്നെയാണ്.

സകല മനുഷ്യരോടും ദയയും സ്നേഹവും കാണിച്ച്, സൽപ്രവൃത്തികൾ ധാരാളമായി ചെയ്തുകൊണ്ട് സ്വർഗ്ഗത്തിൽ നിക്ഷേപം ധാരാളമായി സ്വരൂപിക്കുക എന്ന ദൈവകല്പനയുടെ സ്ഥാനത്ത് സാത്താൻ പ്രതിഷ്ഠിച്ചു വച്ചിരിക്കുന്ന കല്പനയാണ്, 'ബ്ലേഡ്' കമ്പനികളിൽ പണം നിക്ഷേപിച്ച് കൊള്ളപ്പലിശ വാങ്ങി ഭൂമിയിൽ നിക്ഷേപം സ്വരൂപിക്കുക എന്നത്. അന്യായ മാർഗ്ഗങ്ങളിലൂടെ പണം സമ്പാദിക്കാനുള്ള ആഗ്രഹത്തിനു അഥവാ ദ്രവ്യാഗ്രഹത്തിന് വചനത്തിൽ വിഗ്രഹാരാധന എന്ന വിശേഷണം (എഫെസ്യർ 5:5) നൽകിയിരിക്കുന്നതിൽ നിന്ന് ഈ വസ്തുതയാണ് തെളിയുന്നത്. ദൈവം നൽകിയിട്ടുള്ള ഒട്ടു മിക്ക കൽപ്പനകൾക്കും പകരമായി സാത്താൻ അവന്റെ കല്പനകൾ ഉണ്ടാക്കിവച്ചിട്ടുണ്ട്. അവ യഥാർത്ഥ ദൈവകല്പനകളുടെ

വിഗ്രഹങ്ങളാണ്. വിഗ്രഹങ്ങൾക്ക് യഥാർത്ഥത്തിലുള്ളവയോട് സാദൃശ്യമുള്ളതുപോലെ തന്നെ ദൈവകല്പനകളുടെ വിഗ്രഹങ്ങളായി സാത്താൻ ഉണ്ടാക്കിയിട്ടുള്ള ഉപദേശ വിഗ്രഹങ്ങൾക്കും യഥാർത്ഥ ദൈവകല്പനകളുമായി സാദൃശ്യം ഉണ്ട്.

ഉദാഹരണത്തിന് ചിന്തിക്കുക: എഫെസോസിലെ വിശ്വാസികൾ തനിക്കുവേണ്ടി പ്രാർത്ഥിക്കണമെന്നു പൗലൊസ് അപേക്ഷിച്ച കാര്യം എഫെസ്യർ 6:18 ൽ പറഞ്ഞിരിക്കുന്നു. ഇതു ന്യായീകരണമായി പറഞ്ഞുകൊണ്ട് "ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ" എന്നു കന്യകമറിയാമിനോടും യൗസേപ്പ് പിതാവിനോടും നാം പ്രാർത്ഥിക്കേണ്ടതാണെന്നു സാത്താൻ ഉപദേശമുണ്ടാക്കി വച്ചിട്ടുണ്ട്. ജീവനോടിരിക്കുന്ന കൂട്ടുസഹോദരങ്ങൾക്കുവേണ്ടി സഹവിശ്വാസികൾ പ്രാർത്ഥിക്കണമെന്നുള്ള വചനത്തിലെ ഉദ്ബോധനത്തിനു പകരം, മരിച്ച് ക്രിസ്തുവിനോടു കൂടെ ആയിരിക്കുന്ന ആത്മാക്കളോട് നാം പ്രാർത്ഥിക്കണമെന്നുള്ള ഉപദേശം വചനപ്രകാരമുള്ള മധ്യസ്ഥ പ്രാർത്ഥനയ്ക്കു പകരമായി സാത്താൻ ഉണ്ടാക്കി വച്ചിരിക്കുന്ന ഉപദേശ വിഗ്രഹമാണ്.

## ഉപദേശവിഗ്രഹങ്ങളുടെ സ്വഭാവം

പെന്തെക്കോസ്തുനാൾ മുതൽ ഇന്നുവരെ സാത്താൻ ക്രിസ്തീയ ലോകത്തിൽ ഉണ്ടാക്കി വച്ചിട്ടുള്ളതും 'ദൈവദാസന്മാ'രെക്കൊണ്ട് പ്രചരിപ്പിച്ചിട്ടുള്ളതുമായ സകല ഉപദേശവിഗ്രഹങ്ങളും പ്രത്യക്ഷത്തിൽ യഥാർത്ഥ വചന സത്യങ്ങളാണെന്നു തോന്നിപ്പിക്കുന്ന വിധത്തിലാണ് അവൻ അവതരിപ്പിച്ചിട്ടുള്ളത്. യേശുക്രിസ്തു വാസ്തവത്തിൽ ദൈവമല്ല, ദൈവത്താൽ സൃഷ്ടിക്കപ്പെട്ടവനാണ് എന്ന ആശയം അറിയൂസ് എന്ന ക്രിസ്തീയോപദേഷ്ടാവിലൂടെയാണ് 4-ാം നൂറ്റാണ്ടിൽ സാത്താൻ ക്രിസ്തീയലോകത്തിലേക്കു കൊണ്ടുവന്നത്. വചനസത്യമെന്നു തോന്നിപ്പിക്കുന്ന വിധത്തിൽ ആ ആശയം അവതരിപ്പിക്കപ്പെട്ടതിനാൽ അനേകർ അതു വിശ്വസിക്കുകയും ചെയ്തു.

കേരളത്തിൽ യുസ്തുസ് യോസേഫിനെ (വിദ്വാൻ കുട്ടി)ക്കൊണ്ട് 1881 ഒക്ടോബർ 2-ാം തീയതി യേശുക്രിസ്തു വീണ്ടും വരുമെന്നു പലരേയും സാത്താൻ വിശ്വസിപ്പിച്ച് അതിനുവേണ്ടി കാത്തിരിക്കാൻ പ്രേരിപ്പിച്ചത്, യേശുക്രിസ്തുവിന്റെ വീണ്ടും വരവിനെക്കുറിച്ചു പ്രസ്താവിക്കുന്ന വേദവാക്യങ്ങൾ ഉപയോഗിച്ചുകൊണ്ടു തന്നെയായിരുന്നു. സൂക്ഷ്മമായി പരിശോധിച്ചാൽ ഇന്നത്തെ ക്രിസ്തീയലോകത്തിൽ പ്രചാരത്തിലിരിക്കുന്ന 'അന്യഭാഷാവരം' അപ്പൊസ്തലികകാലത്ത് നിലവിലിരുന്ന യഥാർത്ഥ അന്യഭാഷാവരത്തിനു പകരം പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന അയഥാർത്ഥ അന്യഭാഷാവരം തന്നെയാണെന്നാണ് നാം കണ്ടെത്തുക. നിർജ്ജീവ വസ്തുക്കൾ ഉപയോഗിച്ചുണ്ടാക്കിയിട്ടുള്ള വിഗ്രഹങ്ങൾ കൊണ്ടും ദൈവവചനത്തിലെ സത്യോപദേശങ്ങൾക്കു പകരം അവയോടു കൂട്ടു ചേർത്തും അവയിൽനിന്നു

എടുത്തു മാറ്റിയും കൊണ്ട് രൂപം നൽകിയിട്ടുള്ള വ്യാജോപദേശ വിഗ്രഹ ങ്ങൾ കൊണ്ടും മനുഷ്യരെ വഞ്ചിക്കുക എന്ന സാത്താന്റെ പ്രവർത്തനം അവൻ തീപ്പൊയ്കയിലേക്കു തള്ളപ്പെടുന്നതുവരെയും ലോകത്തിൽ തുടരും; സംശയമില്ല.

## പിന്നിലെ ലക്ഷ്യം

വിഗ്രഹങ്ങൾക്കു തുല്യമായ അസത്യോപദേശങ്ങൾ ഉപയോഗിച്ച് മനു ഷ്യരെ വഞ്ചിക്കുന്നതിനായി സാത്താൻ നടത്തുന്ന ഓരോ പരിശ്രമത്തി ന്റെയും പിന്നിൽ അവന് വ്യക്തമായ ഉദ്ദേശ്യലക്ഷ്യങ്ങളുണ്ട്. ശിശുസ്നാനം എന്ന ഉപദേശവിഗ്രഹത്തിന് സാത്താൻ രൂപം നൽകിയതിനു പിന്നിലെ ഉദ്ദേ ശ്യം വിശ്വാസത്താലുള്ള നീതീകരണം എന്ന ദൈവവചനസത്യം മനുഷ്യരു ടെ ദൃഷ്ടിയിൽ നിന്നു മറച്ചുപിടിക്കുക എന്നതും, വിശ്വസിച്ചു രക്ഷ പ്രാപിക്കു ന്നവർക്ക് തന്റെ മേലും പാപത്തിന്റെ ഫലമായ മരണത്തിന്മേലും യേശു ക്രിസ്തുവിലൂടെ ലഭിക്കുന്ന വിജയം ആരും മനസ്സിലാക്കാൻ അനുവദിക്കാ തിരിക്കുക എന്നതും ആയിരുന്നു.

യേശുക്രിസ്തുവിന്റെ മരണത്തെയും ഉയിർത്തെഴുന്നേൽപ്പിനെയും വീണ്ടും വരവിനെയും കുറിച്ച് വളരെ നന്ദിയോടും സന്തോഷത്തോടും കൂടി പ്രസ്താവിക്കുവാൻ വിശ്വാസികളെ പ്രാപ്തിപ്പെടുത്തുന്ന യഥാർത്ഥ തിരു വത്താഴ ശുശ്രൂഷയ്ക്കു പകരം വിശ്വാസികൾക്ക് അപ്പം മാത്രം കൊടുത്തു കൊണ്ടും പാനപാത്രം കൊടുക്കാതെ അതു നിഷേധിച്ച്കൊണ്ടും ഉണ്ടാക്കി വച്ചിരിക്കുന്ന അർത്ഥശൂന്യമായ 'ദിവ്യബലി'ക്ക് റോമൻ കത്തോലിക്കാ സഭ യിൽ രൂപം നൽകിയതിനു പിന്നിലെ ഉദ്ദേശ്യം യേശുക്രിസ്തു ശിഷ്യന്മാർക്കു നൽകിയ സുപ്രധാന കല്പനയെ വികലമാക്കി അവഹേളിക്കുക എന്നതാണ്.

യേശുക്രിസ്തു എന്താണോ കല്പിച്ചത് അതിനോട് ഒന്നുകിൽ എന്തെ ങ്കിലും കൂട്ടു ചേർക്കുകയോ അല്ലെങ്കിൽ അതിൽ നിന്ന് എന്തെങ്കിലും എടു ത്തു മാറ്റുകയോ ചെയ്തുകൊണ്ട് അതിനെ യേശുക്രിസ്തുവിന്റെ കല്പന യിൽ നിന്നു വ്യത്യസ്തമാക്കി യേശുക്രിസ്തുവിന്റെ യഥാർത്ഥ കല്പനയുടെ സ്ഥാനത്തു വയ്ക്കപ്പെട്ടിരിക്കുന്ന വിഗ്രഹമാക്കിത്തീർക്കുക എന്ന തന്ത്രം ദൈവവചനത്തിലെ ഒട്ടു മിക്ക കല്പനകളുടെയും കാര്യത്തിൽ സാത്താൻ പ്രയോഗിച്ചിരിക്കുന്നതായി, ദൈവവചനവും സഭാചരിത്രവും സൂക്ഷ്മമായി പഠിച്ചാൽ നമുക്കു മനസ്സിലാകും.

ഈ സത്യത്തിന്റെ വെളിച്ചത്തിൽ, 1870-1890 കാലഘട്ടത്തിൽ കേരളത്തിൽ രൂപം കൊണ്ടതും ഇക്കഴിഞ്ഞ 20-ാം നൂറ്റാണ്ടിൽ കേരളീയ വിശ്വാസികൾ ഇന്ത്യയുടെ ഇതര ഭാഗങ്ങളിലേക്കും അമേരിക്കയിലേക്കും മറ്റും ജോലി തേടിപ്പോയതിനെത്തുടർന്ന് അവിടങ്ങളിലേക്ക് വ്യാപിച്ചതുമായ ആഭരണവർ ജ്ജനോപദേശം പഠനവിധേയമാക്കുമ്പോൾ നാമെന്താണ് കണ്ടെത്തുന്നത്?

1870 വരെ ലോകത്തിൽ ഒരൊറ്റ ക്രിസ്ത്യാനിയുടെയും ശ്രദ്ധയിൽ പെടാതിരുന്ന ഒരു 'വചനസത്യം' 1881 ഒക്ടോബർ 2-ാം തീയതി യേശുക്രിസ്തുവിന്റെ വീണ്ടും വരവ് സംഭവിക്കുമെന്ന് അബദ്ധപ്രവചനം നടത്തിയ ആളിന്റെ നേതൃത്വത്തിൽ കേരളത്തിലെ ക്രിസ്ത്യാനികൾ 'കണ്ടുപിടിക്കുക'യും മലയാളിവേദശാസ്ത്രജ്ഞന്മാരുടെ സഹായത്തോടെ ഈ 'വചനസത്യം' ക്രിസ്തീയവേദശാസ്ത്രത്തിലെ ഒരു സുപ്രധാന 'കണ്ടുപിടിത്തം' ആക്കി ത്തീർക്കുകയും ചെയ്തുവെന്നല്ലേ നാം കണ്ടെത്തുന്നത്?

ഹിന്തുമതത്തിലെ ഭക്തിപ്രകടനമാർഗ്ഗമായിരുന്ന ഒരു ആചാരം, ഹിന്തു മതപണ്ഡിതനും കവിയും വാഗ്മിയും ഉന്നതജാതിക്കാരനുമായിരുന്ന വിദ്വാൻ കുട്ടി തന്റെ കുടുംബത്തിലെ എല്ലാ അംഗങ്ങളോടും കൂടി ക്രിസ്തീയസ്നാനം സ്വീകരിച്ചതിനെത്തുടർന്ന് അവരിൽ നിന്ന് കേരളക്രിസ്ത്യാനികൾ പലർ സ്വീകരിക്കാനും സ്വീകരിച്ചു കഴിഞ്ഞതിനു ശേഷം അതിനെ മലയാളി പ്രോട്ടസ്റ്റന്റ് വേദശാസ്ത്രത്തിന്റെ അടിസ്ഥാനതത്ത്വമായി മാറ്റാനും ഇടയായി എന്നതല്ലേ യഥാർത്ഥ വസ്തുത? സത്യത്തെ സ്നേഹിക്കുന്ന ശുദ്ധമനസ്സാക്ഷി യുള്ള ആളുകൾ ചിന്തിക്കുമ്പോൾ എന്താണ് അവർ കണ്ടെത്തുകയെന്ന് വിശേഷിച്ച് പറയേണ്ട ആവശ്യമില്ല.

# ആഭരണധാരണം: ബൈബിൾ എന്തു പറയുന്നു? 25

പ്രൊഫ. ടി. ജോൺമാത്യു, മണ്ണുത്തി

## പ്രേരകശക്തി

ദൈവവചനത്തിൽ അടിസ്ഥാനമില്ലാത്തതും ഹിന്ദു മതത്തിൽ അടിസ്ഥാനം ഉള്ളതുമായ ഒരു ആചാരം അസത്യപ്രവചനംകൊണ്ട് ക്രൈസ്തവ സമൂഹത്തെ വഴി തെറ്റിച്ച ഒരു ഉപദേഷ്ടാവിന്റെ (യുസ്തുസ് യോസേഫ്) നേതൃത്വത്തിൽ കേരളത്തിൽ പ്രചരിക്കാനിടയായതിന്റെ പിന്നിലെ പ്രേരകശക്തി ദൈവത്തിന്റെ പരിശുദ്ധാത്മാവ് ആയിരുന്നില്ല എന്നു വ്യക്തമാണ്. ദൈവകല്പന അനുസരിക്കാനാഗ്രഹിക്കുന്നവരെ തെറ്റിദ്ധരിപ്പിച്ചും വഞ്ചിച്ചും വഴി തെറ്റിക്കുകയും ക്രിസ്തീയസ്നാനത്തിന്റെയും തിരുവത്താഴത്തിന്റെയും ശരിയായ ഉപദേശത്തോട് കൂട്ടു ചേർത്ത് ദൈവമുമ്പാകെ ഫലത്തിൽ അനാദരവും അനുസരണക്കേടും കാണിച്ച് വിശ്വാസികൾക്ക് ലഭ്യമായിരുന്ന ആത്മികാനുഗ്രഹങ്ങളിൽ വലിയ കുറവുണ്ടാകുവാൻ ഇടവരുത്തിയതുമായ ആഭരണവർജ്ജനോപദേശത്തിന്റെ പിന്നിലെ പ്രേരകശക്തി ആരായിരുന്നു? (ഉത്തരം വായനക്കാർക്കു വിടുന്നു)

## അട്ടിമറി

നാലാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ റോമൻ ചക്രവർത്തി ആയിരുന്ന കോൺസ്റ്റൻടൈൻ (കുസ്തന്തീനോസ്) 'ക്രിസ്ത്യാനി' ആയിത്തീരുകയും ക്രിസ്തുമതം റോമാസാമ്രാജ്യത്തിന്റെ മതം ആക്കിത്തീർക്കുകയും ചെയ്തു. ഇതിനെത്തുടർന്ന് റോമൻ പുറജാതിമതത്തിലെ ആചാരാനുഷ്ഠാനങ്ങൾ ക്രൈസ്തവസഭയിലേക്കു കടന്നുവരികയും അവയൊക്കെ 'നല്ലത്' എന്നു ക്രൈസ്തവസഭാനേതാക്കന്മാർ കണ്ടുകൊണ്ട് ഒന്നിനെ പിറകെ മറ്റൊന്നായി അവയെല്ലാം സ്വീകരിച്ച് ഒടുവിൽ ക്രൈസ്തവസഭയെ 'റോമൻകത്തോലിക്കാസഭ' ആക്കിത്തീർക്കുകയും ചെയ്തു. റോമാസാമ്രാജ്യത്തിൽ വളരെ വിജയകരമായി സുവിശേഷപ്രവർത്തനം വ്യാപിക്കാൻ തുടങ്ങിയപ്പോൾ ആ പ്രവർത്തനം അട്ടിമറിക്കുന്നതിനു വേണ്ടി സാത്താൻ പ്രയോഗിച്ച തന്ത്രമായിരുന്നു പുറജാതിമതാചാരങ്ങളെ ക്രൈസ്തവസഭയിലേക്കു കൊണ്ടുവന്ന് 'വിശുദ്ധീകരിക്കുക' എന്നത്.

19-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ കേരളത്തിൽ സംഭവിച്ചതും ഏതാണ്ട് ഇതുപോലുള്ള കാര്യമായിരുന്നു. മലയാള ഭാഷയിൽ പ്രിന്റു ചെയ്ത ബൈബിൾ വ്യാപകമായി വിതരണം ചെയ്യപ്പെടുകയും വിശ്വാസത്താലുള്ള

നീതീകരണവും വിശ്വസിച്ചവരുടെ മുഴുകൽ സ്നാനവും പഠിപ്പിക്കപ്പെടാൻ തുടങ്ങുകയും വലിയൊരു ആത്മികനവോത്ഥാനത്തിനു തുടക്കം കുറിക്കപ്പെടുകയും ചെയ്തപ്പോൾ ആ പ്രവർത്തനം സമീപഭാവിയിൽ ഭാരതത്തിന്റെ സമ്പൂർണ്ണമായ സുവിശേഷീകരണത്തിൽ ചെന്നെത്തുമെന്ന് സാത്താൻ ഭയപ്പെട്ടു. അതു സംഭവിക്കാൻ അനുവദിക്കാതിരിക്കുക എന്ന ലക്ഷ്യത്തോടുകൂടി ബ്രാഹ്മണ-ക്ഷത്രിയ വിധവമാരുടെ ഭക്തിപ്രകടനമാർഗ്ഗം (ആഭരണവർജ്ജനം എന്ന ആചാരം) സ്നാനമേൽക്കാൻ ആഗ്രഹിച്ച ക്രിസ്തീയവിശ്വാസികളെക്കൊണ്ട് സ്വീകരിപ്പിച്ചു.

അതിന്റെ ഫലമായി, ക്രൂശിലെ ദൈവസ്നേഹം ദൈവവചനത്തിലൂടെ ദർശിച്ച് യേശുവിനെ രക്ഷിതാവും ഹൃദയത്തിന്റെ യജമാനനുമായി സ്വീകരിക്കാൻ തയ്യാറാകുന്ന ഇന്ത്യയിലെ ജനങ്ങളോട്, "യേശുവിൽ നിങ്ങൾ വിശ്വസിച്ചെങ്കിൽ ഇനി അടുത്തതായി ചെയ്യേണ്ട ഒരു കാര്യമുണ്ട്: വിശ്വസിച്ചതിന്റെ തെളിവിനായി ശരീരത്തിൽ നിന്ന് ആഭരണങ്ങളെല്ലാം മാറ്റുക; അതു ചെയ്യുമ്പോഴാണ് നിങ്ങൾ ഒരു യഥാർത്ഥ വിശ്വാസിയായിത്തീർന്നു എന്നു തെളിയുന്നത്" എന്നു സുവിശേഷകന്മാരെക്കൊണ്ടു പറയിപ്പിച്ചു. അടുത്തുകൂടാത്ത വെളിച്ചത്തിൽ വസിക്കുന്ന ദൈവത്തിന് വെളിച്ചം അല്പം പ്രതിഫലിപ്പിക്കുന്ന ലോഹങ്ങൾ തന്റെ ജനം ഉപയോഗിക്കുന്നതിനോട് അസൂയ ഉണ്ടെന്നു തോന്നിപ്പിക്കുന്ന, യുക്തിക്കും ബുദ്ധിക്കും നിരക്കാത്തതും ദൈവത്തിന്റെ സത്യവചനത്തിൽ ലവലേശം അടിസ്ഥാനമില്ലാത്തതുമായ ഈ ഉപദേശം സുവിശേഷകന്മാരെക്കൊണ്ട് പറയിപ്പിക്കുന്നതിന്റെ പിന്നിലെ ഉദ്ദേശ്യം, യേശുവിൽ അർപ്പിക്കുന്ന വിശ്വാസത്താൽ നീതീകരിക്കപ്പെടും എന്ന ആശയവും ഇതുപോലെത്തന്നെ അബദ്ധപൂർണ്ണവും യുക്തിഹീനവും ആണെന്നു വരുത്തുക എന്നുള്ളതല്ലേ?

ഏതായാലും വചനത്തിൽ അടിസ്ഥാനമില്ലാത്ത ഒരാചാരം ക്രിസ്തീയവിശ്വാസത്തിന്റെ കാണപ്പെട്ട തെളിവ് എന്ന രൂപത്തിൽ ക്രിസ്തീയവിശ്വാസികളെക്കൊണ്ടും യേശുവിൽ വിശ്വാസം അർപ്പിച്ചു ക്രിസ്തീയജീവിതം നയിക്കാൻ ആഗ്രഹിക്കുന്നവരെക്കൊണ്ടും സ്വീകരിപ്പിക്കാൻ പരിശ്രമിക്കുന്നതിനു പിന്നിലുള്ളത്, വിശ്വസിച്ചു മുന്നോട്ടു വരുന്നവരുടെ എണ്ണം പരമാവധി ചുരുക്കിക്കൊണ്ട്, ആവോളം സുവിശേഷത്തിന്റെ വ്യാപനം തടയുക എന്നുള്ള ലക്ഷ്യമാണ്. 1 തിമൊഥെയൊസ് 2-ാം അദ്ധ്യായത്തിലും 1 പത്രൊസ് 3-ാം അദ്ധ്യായത്തിലും കാണുന്ന, ക്രിസ്തീയവിശ്വാസികളുടെ ശരീരം വേണ്ടവിധത്തിൽ മറെക്കുന്ന അന്തസ്സുള്ള വസ്ത്രധാരണത്തെക്കുറിച്ചും സൽപ്രവൃത്തികളെക്കുറിച്ചുമുള്ള കല്പനയ്ക്കു പകരമായി ഒരു അസത്യോപദേശവിഗ്രഹമുണ്ടാക്കിക്കൊണ്ടാണ് ഈ ലക്ഷ്യസാക്ഷാത്കരണത്തിനായി സാത്താൻ ക്രിസ്തീയോപദേഷ്ടാക്കളിലൂടെ പ്രവർത്തിച്ചിട്ടുള്ളത്.

ദൈവാത്മാവിനു പൂർണ്ണമായി കീഴ്പെട്ടു പ്രവർത്തിക്കേണ്ടവനായിരുന്ന അഹരോൻ പിശാചിന്റെ പ്രേരണയ്ക്കു കീഴ്പെട്ട് സത്യദൈവത്തിന്റെ

സ്ഥാനത്ത് കാളക്കുട്ടിയെ പ്രതിഷ്ഠിച്ചതുപോലെ കേരളത്തിലെ പല ക്രിസ്തീയോപദേഷ്ടാക്കന്മാരും വചനത്തിലെ സത്യോപദേശത്തിന്റെ സ്ഥാനത്തു, അതിനു പകരമായി മറ്റൊന്നു പ്രതിഷ്ഠിച്ചു വച്ചിട്ട് അതിനെ വേദവാക്യങ്ങൾ കൊണ്ടുള്ള ഉടുപ്പ് അണിയിക്കുന്നു. സുവിശേഷത്തിന്റെ വ്യാപനം ആവോളം തടയുക എന്ന സാത്താന്റെ ഈ തന്ത്രം തിരിച്ചറിഞ്ഞുകൊണ്ട് ബുദ്ധിയോടും ദൈവഭയത്തോടുംകൂടെ യഥാർത്ഥ വചനസത്യം തന്നെ അംഗീകരിക്കുവാൻ നാം എല്ലാവരും മനസ്സു വച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നു! സുവിശേഷ വിരുദ്ധ ശക്തികൾ ബലം പ്രാപിച്ചുകൊണ്ടിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ യഥാർത്ഥ ക്രിസ്തീയസന്ദേശം എന്താണെന്നു ഈ രാജ്യത്തെ ജനങ്ങൾ മനസ്സിലാക്കുന്നതിന് അതു സഹായകരമായിത്തീർന്നേനേ.

**(അവസാനിച്ചു)**